ശ്രീ[illegible]ഗ്രന്ഥാവലി 2.

# രുഗ്മിണി.

വാഴക്കുന്നം

No. 9984
PUBLIC LIBRARY
KOTTAYAM.

# രുഗ്മിണി

ഗ്രന്ഥകർത്താ:

വാഴകുന്നത്ത് വാസുദേവൻനമ്പൂതിരി.

ശ്രീകൃഷ്ണ പ്രസ്സ്, തൃശ്ശിവപേരൂർ.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ഒന്നാംപതിപ്പ്] 1121 [വില 1_8_0

---

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.



(By the kind permission of Mangalodayam.)

## മംഗളം.

(ഗാഥ)

വാടിയോരാത്മാക്കളെത്താമരപ്പൂക്കളിൽ-
ത്തേടിത്തേനുണ്ണുന്ന ചഞ്ചരീകം.
പ്രാകൃതപ്രാണിയായ് തന്നെത്താൻ പാർക്കവേ-
ക്കാകൃതിശൂന്യമായ്ത്തോന്നും തത്വം.
കൺമുനത്തെല്ലിനായ്സ്സാഷ്ടാംഗം വീഴുന്ന
മൂർത്തികോടിയെപ്പാർക്കുമീശൻ.
കാമത്തെപ്പോലുമടപ്പിച്ചിപ്പാൻ മോക്ഷത്തിൽ
സാമഗ്രിയാക്കീടുമിന്ദ്രജാലം.
ഭക്തർതൻമുക്തിയ്ക്കായേതൊരു വേഷവും
തക്കത്തിൽ കെട്ടുന്ന വേഷക്കാരൻ.
കാരുണ്യം കാണിപ്പാൻ ചിഹ്നമായ്ത്തീർക്കി-
ലാരുമായ് തെറവുന്ന ലോകബന്ധു.
കേളിയിൽ തൻപങ്കു നിർവ്വഹിച്ചീടുവാൻ
മേളിച്ചുഴന്നെള്ളും മാരുതേശൻ.

# പ്രസ്താവന.

ശ്രീ ഗുരുവായൂരപ്പനെ ഭജിക്കുവാൻ വന്നുചേരുന്ന ഭക്തജനങ്ങളുടേയും മററും നിരന്തരമായ പ്രേരണയുടേയും പ്രോത്സാഹനത്തിന്റേയും ഫലമായാരംഭിച്ച 'വാസുദേവഗ്രന്ഥാവലി'യിലെ രണ്ടാംപുസ്തകമാണ് ഈ 'രുഗ്മിണി'. ഗ്രന്ഥാവലിയിലെ ആദ്യത്തെ പുസ്തകമായി 'വാല്മീകിയും വ്യാസനും' എന്ന ഭാഷാനാടകം ഞങ്ങൾ ഇതിനിടെ പ്രസിദ്ധപ്പെടുത്തിട്ടുണ്ടല്ലോ. ഈ രുഗ്മിണിയിൽ ഭാഗവതത്തിലെ രുഗ്മിണീസ്വയംവരംകഥ ഗദ്യനാടകമായി രചിച്ചിട്ടുള്ളതും, ശാന്തിസന്ദേശം എന്നൊരു കവിതയും ചേർത്തിട്ടുണ്ട്. ശാന്തിസന്ദേശം ഭക്താഗ്രഗണ്യനായ ശ്രീ. വാഴകുന്നത്തു വാസുദേവൻ നമ്പൂതിരിയുടെ ഭക്തിരസപ്രധാനമായൊരു കൃതിയാണ്. ശ്രീ. വാഴകുന്നം രചിച്ചിട്ടുള്ള മററു കൃതികളും ഈ ഗ്രന്ഥാവലിയിലൂടെ പുറത്തിറക്കേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

വളരെക്കാലമായി ഭാഗവതം വായനയും പ്രസംഗങ്ങളും നടത്തി ഭഗവത്ഭക്തി ജനങ്ങളിൽ വളർത്തിക്കൊണ്ടിരിക്കുന്ന ഈ ഭക്തശിരോമണി ഇപ്പോൾ ഭാഗവതത്തിനൊരു വ്യാഖ്യാനം എഴുതി വരുന്നുണ്ട്. ഒന്നിച്ചു അച്ചടിക്കുന്നതു പ്രയാസമേറിയൊരു പ്രവൃത്തിയായതുകൊണ്ടു്. പ്രസ്തുത വ്യാഖ്യാനത്തെ ഖണ്ഡശഃപ്രസിദ്ധം ചെയ്യേണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം. ഈ ഗ്രന്ഥാവലി ആരംഭിച്ചിട്ടുള്ളതുതന്നെ ഭാഗവതം വ്യാഖ്യാനത്തിന്റെ ഒരു നാന്ദിയാണെന്നു പറയാം.

ഈ ഗ്രന്ഥാവലിയേയും ഭാഗവതം വ്യാഖ്യാനത്തേയും മഹാജനങ്ങൾ ഉള്ളഴിഞ്ഞു സഹായിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി.

എരുമപ്പെട്ടി,
25—2—1121.

പ്രസാധകന്മാർ

# അവതാരിക

സാമുദായികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലെന്നപോലെ സാഹിത്യരംഗങ്ങളിലും നൂതനങ്ങളായ ആശയഗതികളും നവംനവങ്ങളായ പ്രസ്ഥാനങ്ങളും അനുദിനമെന്നോണം ഉത്ഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണു് ഇന്നത്തേതു്. ലബ്ധപ്രതിഷ്ഠങ്ങളെന്നോ സനാതനങ്ങളെന്നോ വിശ്വസിക്കപ്പെട്ടിരുന്ന സിദ്ധാന്തങ്ങളെപ്പോലും ചോദ്യം ചെയ്യുവാനും തൽസ്ഥാനത്തു് പുതിയ സിദ്ധാന്തങ്ങളെ സ്ഥാപിക്കുവാനുമുള്ള സന്നദ്ധത ആധുനികയുഗത്തിന്റെ പ്രത്യേകതയത്രെ. ജീവത്സാഹിത്യം അല്ലെങ്കിൽ പുരോഗമനസാഹിത്യം റിയലിസം അഥവാ യഥാതഥപ്രസ്ഥാനം എന്നിങ്ങനെയുള്ള അനേകം നൂതനസമ്പ്രദായങ്ങളുടെ ശബ്ദം സാഹിത്യാന്തരിക്ഷത്തിൽ മാറെറാലികൊള്ളുന്ന ഈ ഘട്ടത്തിൽ കേവലം പൌരാണികമായ ഒരു കഥയെ ആശ്രയിച്ചു് ഒരു നാടകം നിർമ്മിക്കുവാനും അതിന്നൊരവതാരിക, സാഹിത്യലോകവുമായി പറയത്തക്ക ബന്ധമൊന്നുമില്ലാത്ത ഒരാളെക്കൊണ്ടു് എഴുതിക്കുവാനും ഗ്രന്ഥകർത്താവിനെ പ്രേരിപ്പിച്ചതു്, ഒരുപക്ഷെ പുരോഗമനസാഹിത്യകാരന്മാരെപ്പോലെ അദ്ദേഹവും, ഞാനും, കല സാക്ഷ്യവും സോദ്ദേശ്യവുമാണെന്നു് ദൃഢമായി വിശ്വസിക്കുന്നതുകൊണ്ടായിരിക്കണം.

ബ്രഹ്മശ്രീ വാഴകുന്നം കേരളീയജനസാമാന്യത്തിന് സുപരിചിതനാണ്. ഭക്തജനങ്ങൾ സന്തോഷാശ്രുക്കളോടെ അനുസ്മരിക്കുന്ന ഒരു നാമധേയമാണു് അദ്ദേഹ

ത്തിൻേറതു്. ശ്രീ. നമ്പൂതിരിപ്പാടിനെപ്പോലെയുള്ള ഒരാത്മസുഹൃത്തിൻെറ സ്നേഹപൂർവ്വമായ ആഗ്രഹത്തെ വിഗണിക്കുവാൻ, കൃത്യാന്തരസഹസ്രവ്യഗ്രനാണെങ്കിൽകൂടിയും എനിക്കു കഴിയുന്നില്ല.

'രുഗ്മിണി' പൌരാണികകഥയാകുന്ന അസ്ഥിവാരത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ള ഒരു സ്വതന്ത്രനാടകമാണു്. വിവിധരസങ്ങളുടെ സമ്യക്കായ സന്നിവേശവും, രസവിച്ഛിത്തിയ്ക്കു ഹാനികരമാകാത്ത ഫലിതവും എല്ലാം ഈ നൂതനനാടകത്തെ ആസ്വാദ്യതരമാക്കുന്നുണ്ടു്. സുന്ദരമായ പ്രതിപാദനരീതി അക്ലിഷ്ടമായ പദപ്രയോഗം ഇവയും ശ്രീമാൻ നമ്പൂതിരിയുടെ നാടകത്തിൻെറ മേന്മയാണു്. സാധാരണജനങ്ങൾക്കുപോലും സുഗ്രഹമാകത്തക്കവിധത്തിൽ വിശിഷ്ടവേദാന്തതത്വങ്ങൾ സന്ദർഭാനുസൃതം നിബന്ധിക്കുവാനുള്ള നാടകകർത്താവിൻെറ ചാതുര്യം പ്രത്യേകം പ്രശംസയെ അർഹിക്കുന്നു. ആകെക്കൂടി നോക്കിയാൽ നമ്പൂതിരി അവർകളുടെ ഈ നൂതനനാടകം കലാരസികന്മാക്കും ഭക്തജനങ്ങൾക്കും ഒരേസമയം ആഹ്ലാദവും വിജ്ഞാനവും പ്രദാനം ചെയ്യുവാൻ പര്യാപ്തമാണെന്നു രേഖപ്പെടുത്തുവാൻ എനിക്കതിയായ ചാരിതാർത്ഥ്യമുണ്ടു്.

ഈ നൂതനകൃതിയെ സജ്ജനസമക്ഷം അവതരിപ്പിക്കുന്നതോടൊപ്പം ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും മംഗളമാശംസിക്കുകയും ശ്രീ. വാഴകുന്നത്തിനു വേണ്ടത്ര പ്രോത്സാഹനം സഹൃദയലോകം നല്കുമെന്നു പ്രത്യാശിക്കുകയും ചെയ്തുകൊള്ളുന്നു.

ആഗമാനന്ദസ്വാമികൾ.

No. 9984

# രുഗ്മിണി

## ഒന്നാം അങ്കം

### രംഗം 1.

(സ്ഥലം വിദർഭരാജധാനി. ഭീഷ്മകമഹാരാജാവും രാജ്ഞിയും പ്രത്യക്ഷപ്പെടുന്നു.)

രാജാവ് — രുഗ്മിണി എവിടെ? (എന്ന് രാമനാമം ജപിച്ചുംകൊണ്ടു ചോദിക്കുന്നു.)

രാജ്ഞി — അവൾ കളിക്കാൻ പോയിരിക്കയാണ്.

രാജാ — (കണ്ണിൽ വെള്ളംനിറച്ചുംകൊണ്ട്) അവൾ വിനോദിക്കുവാൻ പോയിരിക്കുകയാണെന്നു നീ പറയുന്നതു കേൾപ്പാനുള്ള എന്റെ ഭാഗ്യജലധിയുടെ മറുകര ലേശം ലേശമായി കണ്ടുതുടങ്ങി.

രാജ്ഞി — ഇക്കൊല്ലമാണ് അവൾക്കു പതിനൊന്നു തികഞ്ഞത്. അച്ഛനമ്മമാർക്കും പൌരന്മാർക്കുതന്നെയും ആ തങ്കക്കോലത്തെ കൺകൊണ്ടാസ്വദിച്ചു മതിയായിട്ടില്ല. പിന്നെ എന്തിനാണ് ഇത്രവേഗം ഈ ഭാഗ്യജലധിയുടെ മറുകരയ്ക്കു എത്തിച്ചേരാൻ വെമ്പുന്നത്? ഇന്നാളൊരുദിവസം എന്റെ ദാസി പറയുകയാണ് — "കാന്തിമതി എന്നർത്ഥത്തിൽ രുഗ്മിണി എന്ന് അന്നു പേരിട്ടതു തമ്പുരാട്ടി! തീരെ പിഴച്ചുപോയി. കാന്തി എന്ന അർത്ഥത്തിലിരിക്കുന്ന ലക്ഷ്മി എന്നുതന്നെ ആക്കാമായിരുന്നു ചെറിയ തമ്പുരാട്ടിയുടെ പേര്" എന്ന്.

രാജാ — (കണ്ണകപിടിക്കാനുള്ള രത്നമാല കഴുത്തിലണിഞ്ഞിട്ട്) അഞ്ചാറുമാസങ്ങൾക്കിപ്പുറം അവളുടെ മെയ് പാക്കുന്നവക്കൊക്കെ അങ്ങിനെ ഒരഭിപ്രായം ജനിക്കുന്നതിൽ അത്ഭുതമില്ല. അത്രത്തോളം തിളങ്ങിത്തുടങ്ങിയിരിക്കുന്നു അവൾ. അതല്ല ഞാൻ പറയാൻ ഭാവിച്ചതു്. അവളെക്കണ്ടാനന്ദിപ്പാനുള്ള എൻെറ ഭാഗ്യസമുദ്രത്തെ ഇത്ര വേഗം തൎപ്പാൻ ശ്രമിക്കേണമോ എന്ന് നീ ചോദിക്കുന്നില്ലേ? അതിൻെറ മറുപടി പറയാനാണ് ഒരുങ്ങിയത്.

രാജ്ഞി — മറുപടി ഒന്നും എനിക്കാവശ്യമില്ല. പെൺകുട്ടികളെ കെട്ടുകമ്പോൾ അച്ഛനായിരിക്കും അധികം ഖിഷമിക്കുക എന്നു കേട്ടിട്ടുണ്ട്. കാലം വന്നാൽ അതു സഹിക്കാതെ നിവൃത്തിയില്ല. മൂന്നുനാലുകൊല്ലം മുമ്പുതന്നെ അതിനെ സ്വാഗതം ചെയ്യാനൊരുങ്ങണമെന്നുണ്ടോ എന്നു ഞാൻ ചോദിച്ചതിന്ന് അൎത്ഥമുള്ളൂ.

> "പതിനാറു വയസ്സായാൽ
> പതിയായ് ചേരേണമിണ്ടു കന്യകമാർ
> പതിരററെഴുമീ മൊഴി ഭൂ-
> പതിയും പാലിച്ചിടേണമനവരതം."

രാജാ — പ്രമാണശ്ലോകങ്ങളും പതിവുകളും താനേ ഒഴുകാത്ത കാൎയ്യങ്ങളിലാണ് വേണ്ടിവരുന്നത്. ഹൃദയവും ആകൃതിയും പെരുമാററവും വിശപാതിശായിയായുള്ളൊകൊണ്ടു യുവരാജാവിൻെറ തൻെറ കല്യാണത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഭാരതഭൂമിയിലെ രാജധാനികൾ മുഴുവനും ഇളകിത്തീൎന്നിരിക്കുന്നു. അവരിൽ പലരേയും

'വരട്ടെ' എന്നു പറഞ്ഞു ധിക്കരിക്കാൻ കഴിയും. മൂത്ത പുത്രനായ രുഗ്മിയുടെ കൂട്ടുകാരായ ചിലരോടഭിപ്രായം പറയുന്നതിൽ സ്വല്പം പ്രയാസം നേരിട്ടിരിക്കുന്നു.

രാജ്ഞി — (കിഴിഞ്ഞു കിടക്കുന്ന കങ്കണങ്ങൾ മേൽപ്പോട്ടു കയററിക്കൊണ്ട്) ആ കൂട്ടുകാർ ആരെല്ലാമാണ്?

രാജാ —

ജരാസന്ധൻ കുണ്ഠൻ ശകുനി കരുഭൂ-
പാലനധികം
പരാക്രമിത്തൻ ചൈദ്യാവനിപനിവരൊ-
ന്നിച്ചു വെറുതേ
ചിരാജ്ജീവിപ്പോനാം പൃഥമതനയൻ-
തൻസ്ഥിതികളെ-
പ്പുറത്തൂതാവോറം മടിയിവനുമു-
ണ്ടെന്നറിക നീ.

രാജ്ഞി — (ആത്മഗതം) ഒരു കുടുംബിക്കു എത്ര തരത്തിലാണ് ദുഃഖിപ്പാൻ വഴിവെച്ചിട്ടുള്ളത് എന്ന് അറിഞ്ഞുകൂടേ, ഈശ്വര! (പ്രകാശം) അമ്പാടിയിലും വൃന്ദാവനത്തിലും മധുരയിലും ദ്വാരകയിലും ഈശ്വരവിചാരമുള്ളവർ ധാരാളം ഉണ്ടത്രേ.

രാജാ — (ആത്മഗതം) നിരീശ്വരന്മാരെപ്പററി ശങ്കിപ്പിച്ചു പാപം ഈശ്വരവിശ്വാസികളെ കേടുപ്പിച്ച് ഇവൾ അകററിത്തരുന്നു. ബുദ്ധിക്ക് ഇത്രയും പക്വതയുള്ള ഈ തള്ളയ്ക്ക് ആണ്മക്കളെയൊക്കെ എന്തേ ഇങ്ങിനെ ആയിത്തീർന്നതു്? അത്ഭുതമുണ്ട്. (പ്രകാശം) അമ്പാടി മുതലായ ആ നാടുകളിൽ ഈശ്വരവിശ്വാസം പരക്കാതെ നിവൃത്തിയില്ല — സ്വകാര്യമാണ് — സാക്ഷാ

ഷീശ്വരൻതന്നെ അവതരിച്ച് ആ പ്രദേശങ്ങളെ അ-
ലങ്കരിച്ചിരിക്കുന്നുവെന്നാണ് കേൾവി.

രാജ്ഞി— ഞാനും അതു കേട്ടു. വിസ്ഥിത്തം പറയുകയാണോ! ആ അവതാരമൂത്തി താരുണ്യാരംഭരമ്യനായിത്തിളങ്ങിക്കൊണ്ടിരിക്കുന്നതു കാണുവാൻ ഭാഗ്യമില്ലാത്തവന്റെ കണ്ണുകൾ വെറും പീലിക്കണ്ണുകളാണത്രേ! കേൾക്കാത്ത കാതുകൾ തനിപ്പൊട്ടുകളും. അദ്ദേഹത്തിന്റെ യശസ്സിനെക്കുറിച്ചുതായ ഒരു ഗാഥപോലും ഇല്ലാത്ത വീടുകൾ കാടുകളും ആണത്രേ (എന്നു പുഞ്ചിരിതൂകിക്കൊണ്ടു കേൾപ്പിക്കുന്നു.)

രാജാ— നീ നല്ല സാഹിത്യത്തിൽ സംസാരിക്കുന്നുവല്ലോ.

രാജ്ഞി— ഇതെന്റെ സാഹിത്യമല്ല. ഇങ്ങിനെ ചില പദങ്ങളെല്ലാമടങ്ങിയ പഴേ പാട്ടുകളും, കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും ഭഗിനികൾ ചൊല്ലാറുണ്ട്. ഞാൻ പറഞ്ഞ വാക്കുകൾ അതിൽനിന്ന് അപഹരിച്ചതാണേ!.

രാജാ — അതു മുഴുവൻ തോന്നുമോ?

രാജ്ഞി— തോന്നാതിരിക്കൂ!! അഞ്ചാറുകൊല്ലമായി കേട്ടുവരുന്ന ഒന്നു തോന്നാതിരിക്കൂ! (എന്നു തലകുലുക്കിക്കൊണ്ടു പറയുന്നു.)

രാജാ— എന്നാൽ അതിൽ ഒന്നെങ്കിലും കേൾക്കണം.

രാജ്ഞി— കേട്ടോളൂ.

(വഞ്ചി)

ഉരുക്രമവിക്രമങ്ങൾ കേൾക്കാത്തതാം കർണ്ണപുട-
മൊരു ബിലം താനാം മായാപാന്ഥിനിരിപ്പുമൻ;

നീലവർണ്ണലീലകളെപ്പാടാത്തതാം നാവു പാർക്കിൽ
ചേലകന്ന മണ്ഡൂകത്തിൻ നാവുപോലെയാം;
പട്ടംകെട്ടും മൌലിപോലും കണ്ണനെത്താൻ നമിയ്ക്കാഞ്ഞിൽ
കട്ടധികം ഭാരമേറുംമട്ടിലാമാക്കളം;
കങ്കണങ്ങൾ ലസിപ്പതാം കരംപോലുമർച്ചിയ്ക്കാഞ്ഞിൽ
ചങ്കമേകും ശവകയ്യായ് കെട്ടു നാറീടും.
പീലിക്കോലും കോലുംകോലും കോമളനെ പാർത്തീടാഞ്ഞിൽ.
പീലിക്കണ്ണാം കണ്ണുമാക്കളെങ്ങുമെന്നനും;
ഹരിക്ഷേത്രപ്രദക്ഷിണമുപേക്ഷിച്ചാൽ പാദങ്ങളും
ശരിയ്ക്കോർക്കിൽ വേണ്ടാത്തതാം വൃക്ഷത്തോടൊക്കും;
കണ്ണനുടെ ഭാമിനിയാം രാധികതൻ പാദപാംസു
തിണ്ണമേൽക്കാത്തവൻ തീരെ ചത്തവൻതന്നെ;
നന്ദജൻതൻപാദം തൊട്ട തുളസിയെ ഘ്രാണിയ്ക്കാഞ്ഞിൽ
നിന്ദ്യമാമജ്ജന്മം പാർത്താൽ മൃന്മൂർത്തികൾക്കും;
ഹരിനാമശ്രവണത്തിലലിയാത്തതായ ചിത്തം
കരിങ്കല്ലാമിതിലേതും സംശയമില്ല.
ശ്രവണത്താലുദിക്കുന്ന പുളകവും കണ്ണുനീരു
മിവകൾക്കേശൻ ഭാഗ്യമീശൻ കനിഞ്ഞേകേണം.

രാജാ— (ആത്മഗതം) അഘാസുരമോക്ഷം, ഗോവർദ്ധനോദ്ധാരണം തുടങ്ങിയവകൊണ്ടു താനീശ്വരനാണെന്നു കനിഞ്ഞു തെളിയിച്ചിട്ടുള്ള ആ കോടികന്ദർപ്പസുന്ദരനു ഭക്തിയോടുകൂടി സമർപ്പിച്ചതു സ്വീകരിപ്പാനുള്ള കെൽപ്പും മോഹവും ഉണ്ടെന്നാണ് കേൾവി. ആരിലാണ് ആശ എന്നറിയാതെ ജീവനുള്ളവയെ സമർപ്പിക്കരുതല്ലോ എന്നോർത്ത് ഇതേവരെ ഞാൻ അടങ്ങിയിരുന്നു. (പ്രകാശം) രുഗ്മിണിയുടെ പ്രേമവും ഭക്ത

മാനവും കണ്ണനിലാണെന്ന് ഈ പാട്ടുകൊണ്ടു തെളിഞ്ഞു കാണുന്നു. രുഗ്മിയുടെ ഇഷ്ടം നോക്കി ഇവളെ ആക്കെങ്കിലും കൊടുത്താൽ വയ്യ. എനിക്ക് ഒരു കുട്ടിയേയുള്ളു. അതിനെ വേദനിപ്പിക്കാൻ ഈ പ്രിയപ്പെട്ട പിതാവിന്ന് ആവില്ല്യ. അതിനാൽ എന്റെ തങ്കത്തിനെ ഞാൻ കണ്ണനായി സമർപ്പിക്കുന്നു. നീയെന്തു വിചാരിക്കുന്നു?

രാജ്ഞി — ആർത്തയാം രുഗ്മിണിക്കുട്ടി-
സ്വാർത്ഥത്രാണപരായണനാൻ
ഭർത്താവായ് വരുവാൻ മോഹ-
മോർത്താലെന്നോളമാക്കിംഹ?

പക്ഷേ, അതു നടക്കാത്ത കാര്യമാണെന്നു വെച്ച് ഓർമ്മിപ്പിക്കാതിരിക്കുകയായിരുന്നു. (രണ്ടാളും മിണ്ടാനാളല്ലാതെ ഇരിക്കുന്നു.)

അണിയറയിൽ — "അതാ ഒരു മഹർഷി എഴുന്നെള്ളുന്നു."

(വിഹ്വലചിത്തന്മാരായ ആ പിതാക്കളുടെ ഹൃദയം കുളിർപ്പിച്ചുംകൊണ്ട് ഗർഗ്ഗമഹർഷി പ്രവേശിക്കുന്നു)

രാജാ — (ഇരുത്തി പൂജിച്ചതിന്റെ ശേഷം)
കണ്ണൻതൻ ഗുരുവാം ഭവാന്റെ വരവി-
ലെട്ടുത്തിവായ്ക്കാൺകയാൽ
കിണ്ണംകൊട്ടിയുണർത്തിടുന്നു മകൾതൻ-
ഭാഗ്യം സമീപസ്ഥിതം
തിണ്ണം നോക്കിയുരയ്ക്കണം വിരവൊടി-
ന്നീ ജാതകം നേരെഴും-
വണ്ണം വിണ്ണവർ വാഴ്ത്തുവോൻ കണ്ണനാ-
കാമോ സുതയ്ക്കന്നു നീ
(എന്നു ജാതകക്കെട്ടു കയ്യിൽ കൊടുക്കുന്നു.)

ഗർഗ്ഗൻ — (അതു നോക്കിക്കുറെ ആലോചിച്ചിട്ട്)

ഗൌരീചരണാംഭോജം
ദൂരീകൃതകാലഭയപരിതൃമിവരം
വിരചിനൊടാരാധിച്ചാൽ
കരിമുകിൽവർണ്ണൻെറ ഭാൎയ്യയായ് വിലസും.

എന്നല്ലാതെ ഒന്നും പറയുവാൻ തോന്നുന്നില്ല. അത്ര കഠിനമാണ് ഇപ്പോഴത്തെ കാലത്തിൻെറ നില. (താടി തലോടിക്കൊണ്ട്) രുഗ്മിണിയെ ശ്രീകൃഷ്ണൻ സ്വീകരിച്ചാൽകൊള്ളാമെന്നു നിങ്ങളേക്കാറം ആശിക്കുന്നവനാണ് ഞാൻ. മകളുടെ നില നന്നാകുവാനാണ് നിങ്ങറം അത് ആഗ്രഹിക്കുന്നതു. ഇവർ തമ്മിൽ ചേരാഞ്ഞാൽ ലോകംതന്നെ നശിക്കും എന്നു പാൎത്തിട്ടാണ് ഞാൻ അങ്ങിനെ മോഹിക്കുന്നത്.

"ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
നചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹരവിരിഞ്ചാദിഭിരപി
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി?"

ഈ ശ്ലോകത്തിൽ പാൎവ്വതിയെക്കുറിച്ചു കാണുന്ന മേന്മയെല്ലാം വാസ്തവത്തിൽ അങ്ങയുടെ പുത്രിയിലുണ്ട്. പക്ഷേ ഏതൊരു നന്മയും ഇനിമേലിൽ ശ്രീകൃഷ്ണൻെറ താക്കീതിക്കാഞ്ഞാൽ അനുഭവിക്കാനിടവരില്ല. അതുകൊണ്ടു രുഗ്മിണിയെ മാറാക്കും കൊടുക്കരുത്. ഇതറിയിപ്പാനാണ് ഞാൻ വന്നത്.

രാജാ — എൻെറ മൂത്ത മകനെ അവിടുന്ന് അറിയില്ലേ?

ഗർഗ്ഗൻ — അയാളെ ഞാനറിയും. അച്ഛനോട് എതിൎത്തു നില്ക്കാൻ ഒരുങ്ങുകമുണ്ട്. എങ്കിലും ശ്രീകൃഷ്ണൻ ആ

ശ്രിതവത്സലനാണ് എന്നോർത്തു, മനസ്സുകൊണ്ട് അദ്ദേഹത്തെ ആശ്രയിച്ചും പുറമേയ്ക്കു രുഗ്മിണിയെ ലംഘിക്കുന്നതായി നടിച്ചും, ഏതും ഒന്നും മുൻകടന്നു പ്രവൃത്തിക്കാതെയും, ഇരുന്നാൽ എല്ലാം ശരിപ്പെട്ടും, എന്നാണ് എന്റെ പക്ഷം. എന്റെ ഈ വരവ് പെൺരാണികന്മാരെക്കൂടി അറിയിക്കരുത്. (അവർ തമ്മിൽ പിരിയുന്നു.)

കർട്ടൻ

## രംഗം 2

(ഒരു പൂങ്കാവിൽ പൂവറുത്തുംകൊണ്ടു സഖിയും രുഗ്മിണിയും പ്രത്യക്ഷപ്പെടുന്നു.)

രുഗ്മിണി — (പട്ടിൽ പിടുത്തംകൂടിയ പനിനീർപ്പിച്ചകത്തിന്റെ മുള്ള് എടുത്തുകളഞ്ഞിട്ട്) ഈ പൂങ്കാവും പൊയ്കയും മതിലും ഇങ്ങിനെ എല്ലാം പ്രത്യേകം ഏർപ്പാടു ചെയ്തു വളർത്തത്തക്കവണ്ണം ഒരുതരം മൃഗങ്ങളാണോ രാജധാനിയിലെ അംഗങ്ങൾ?

സഖി — പ്രകൃതി വെടിപ്പാക്കി വെക്കുന്നത് ആരായാലും നല്ലതാണ്. രാജധാനിയിൽ പണം കൂടും. അതുകൊണ്ട് അവരേ അതിന്നു ഒരുങ്ങുന്നുള്ളൂ എന്നുമാത്രം

രുഗ്മിണി — നീ പറഞ്ഞതു ശരിയാണ്. പക്ഷേ എന്റെ ദൃഷ്ടിയിൽ ഈ ധനോന്മത്തത അപരിഷ്കൃതമായ ഒരേർപ്പാടായിട്ടാണ് കിടക്കുന്നത്.

സഖി — ഉലകിതിലഖിലരുമൊപ്പം
വിലയും വിലയും കലർന്നു വിലസിടുകിൽ

കുലമഹിമ വിലപ്പോകാ-
തലംകൃമജസ്രം നൃപേന്ദ്രപുത്രികളും.

രുഗ്മിണി — അങ്ങിനെയാകട്ടെ, എന്നാലും സിദ്ധാന്തം തുരന്നു കണ്ടാൽ മതി. (എന്ന് സഖിയെ സൂക്ഷിച്ചു നോക്കുന്നു.)

സഖി — (അറുത്ത പൂവ് രുഗ്മിണിയുടെ കയ്യിൽ കൊടുത്തിട്ട്) ലോകജനനിയായ മഹാലക്ഷ്മിയോ മറ്റോ ആണോ നീയ്? ഒരു ഭേദവുമില്ലാതെ ഇങ്ങിനെ സംസാരിക്കാൻ അല്ലാതെ എന്താണ് കാരണം.

രുഗ്മിണി —(പൂവറുക്കുന്നതു നിറുത്തി തിരിഞ്ഞു നിന്നിട്ട്.)

പാരമ്പര്യത്തിനേകും മഹിമകളണവും
വയ്യ മേ സമ്മതിപ്പാൻ
നേരമ്പോക്കൊന്നുമല്ലെൻ സഖി ഗുണമെവിടെ-
ക്കാണ്മു നാമപ്രദേശം
നേരായ് വാഴ്ത്തേണമെന്നാണിവളുടെ മതമി-
ങ്ങാകയാലാമതേററം
പൂരിച്ചാളുന്നലക്ഷ്മീവരവരചരിതം
മാത്രമായ് നില്പതേവം.

സഖി — ഇന്നെന്തിനാണ് നാം ഇത്ര പൂവറുക്കുന്നത്?

രുഗ്മിണി— ഇന്നുമുതൽക്കു ഗൌരീഭജനം ആരംഭിക്കുകയാണ്. കഴിയുന്നതും തന്നെത്താൻ ഒരുക്കിയ സാമാനങ്ങളെക്കൊണ്ട് ആരാധിക്കണമെന്നാണ് വിചാരിക്കുന്നത്.

സഖി — ആരുടെ കല്പനപ്രകാരമാണ് ഇങ്ങിനെ ഒരു ഭജനം ആരംഭിക്കുന്നത്?

രുഗ്മിണി — (ചിരിച്ചുംകൊണ്ടു്) അച്ഛനും അമ്മയും കല്പിച്ചു.

സഖി — അവർ പറഞ്ഞതു കേൾക്കേണ്ടതും ഒരു അപരിഷ്കൃതമായ ഏർപ്പാടല്ലെങ്കിൽ പാരമ്പര്യം അനുസരിക്കൽ ഒക്കെ ആവില്ലേ?

രുഗ്മിണി — (ആത്മഗതം) മാതൃദേവോഭവ പിതൃദേവോഭവ എന്നൊന്നും ഇവൾക്കറിഞ്ഞുകൂടാ, പാവം! (പ്രകാശം) വേദവിഹിതങ്ങളായ ആചാരങ്ങളൊക്കെ എനിക്ക് മാന്യങ്ങളാണ്. ഞാൻ പുച്ഛിച്ചുപറഞ്ഞ പഴഞ്ചൻ ചരക്ക് അവയൊന്നുമല്ല. വലിയ വലിയ തറവാടുകൾ കെട്ടുകാൻ തിന്ന് ചിലരെ ഉദ്ദേശിച്ചാണ് അങ്ങിനെ ഒരഭിപ്രായം പ്രകടിപ്പിച്ചത്.

സഖി — നിന്റെ ദൃഷ്ടിയിൽപ്പെട്ട ആ കരടുകൾ ആരെല്ലാമാണ്? എന്തെല്ലാമാണ് അവർക്കുള്ള ന്യൂനതകൾ?

രുഗ്മിണി — (ചൊടിച്ചുംകൊണ്ടു്) മൂത്ത സഹോദരനും, കൃഷ്ണദ്വേഷിയായ ശിശുപാലനും, അദ്ദേഹത്തിന്റെ കൂട്ടുകാരുംതന്നെയാണ് എനിക്കു കണ്ണിലെക്കരടുകൾ. ഇനി അവർക്കുള്ള ന്യൂനതകളേയും കേൾപ്പിയ്ക്കാം.

(കളകാഞ്ചി)

അനവരതമകതളിരിലുരുവിടുകിലേതൊരു
സച്ചരിത്രംകൊണ്ടു വശ്യനാം മാധവൻ
അതിലധികതരവിമുഖരവരിവളതിൽ സദാ
സക്തയാമേവമകന്നാർ പരസ്പരം
അകലുകിലുമവരിവളെ വെറുതെവിടുവാനൊരു-
ങ്ങിടാതെ മന്മതം മാററാൻ ശ്രമിയ്ക്കയാം

ദ്രവിണഗൃഹസുഹൃദരികളിവരലമണച്ചിടു-
മാപ്പത്തുമൂലം വരുന്നതാം ബന്ധവും
വിപുലതരപരിഭവവുമപരജനനത്തിലു-
മുണ്ടാകുവാനായ് ശ്രമിയ്ക്കുയാമിന്നവർ
അവയൊടരമകലുവതിനജകഥ കഥിയ്ക്കുക-
യെന്നതിൽനിന്നുമിളകിടാ ഞാൻ സഖി!

എന്തിനധികം വിധിനിഷേധങ്ങളെക്കൂടി അതിക്രമിച്ചു നിവൃത്തരാവാനുള്ള ശക്തി കൃഷ്ണനേക്കാൾകൂടി അദ്ദേഹത്തിൻെറ കഥയ്ക്കുണ്ടു്. ആത്മാനുഭൂതിയ്ക്കുപോലും ഇല്ലാത്തതായ ആ അജചരിതത്തിൻെറ മേല്പറഞ്ഞ മേന്മയോർത്തു മൂത്ത സഹോദരൻ വിളിച്ചാൽ എന്തെങ്കിലും പറഞ്ഞ് അടുത്തുചെല്ലാതെ കഴിയ്ക്കുകയാണ് അടുത്ത കാലത്തൊക്കെ പതിവ്. (എന്ന് അറുത്ത പൂവുംകൊണ്ടു് രണ്ടാളും അന്തഃപുരത്തിലേയ്ക്കു പോകുന്നു.)

കർട്ടൻ

## രംഗം 3.

(സ്ഥലം അമ്മകൊട്ടാരത്തിലെ നാടകശാല. അമ്മറാണിയും, രുഗ്മിയും, രുഗ്മിണിയും പ്രത്യക്ഷപ്പെടുന്നു)

അമ്മ — രുഗ്മിണിയുടെ ശരീരം ഓരോ ദിവസം കഴിയുംതോറും ചടച്ചുകാണുന്നു. ഈ വിദർഭനഗരിയിൽ വൈദ്യനായ ഒരു ബ്രഹ്മചാരിയുണ്ടെന്ന് എൻെറ ദാസി പറഞ്ഞു. അദ്ദേഹത്തെ ഒന്നു കാണിച്ച് ഇവൾക്ക് ഒരു ചികിത്സ നടത്തിച്ചാലോ എന്നു വിചാരിക്കുകയാണ്. എന്താ ഉണ്ണി പറയുന്നത്?

ഋഷി — ഹൃദയദൌർബ്ബല്യമാണ് ഇവൾക്കുള്ള ദീനം. പാർവ്വതീഭജനം ആരംഭിച്ചിട്ടുള്ളതുകൊണ്ട് ആ ദൌർബ്ബല്യം നശിച്ചുപോകും എന്നാണ് എന്റെ ആശ. പഞ്ചാക്ഷരമന്ത്രസ്വരൂപിണിയല്ലേ ആ ദേവി.

കരളിനു കേടേററാൽ മു-
പ്പുരഹരമഹിഷീപദാംബുജം ശരണം
വിരവിനൊടപ്പുഴമൊഴിതാൻ
നരലോകത്തിന്നിഹത്തിലവലംബം.

എന്താ രുഗ്മിണി ഒന്നും മിണ്ടാത്തത് (എന്നു രുഗ്മിണിയെ നോക്കുന്നു.)

രുഗ്മിണി — ഞാൻ പഞ്ചാക്ഷരംകൊണ്ട് അർച്ചിക്കാറുണ്ട്. പക്ഷേ എന്റെ ദീനം ജ്യേഷ്ഠൻ വിചാരിച്ചതുപോലെ ഹൃദയദൌർബ്ബല്യമാണ് എന്നു തോന്നുന്നില്ല.

അമ്മാമൻ — നിങ്ങൾ രണ്ടാളും വൈദ്യന്മാരല്ല. പിന്നെ എന്തിനാണ് അതിനെപ്പററി തമ്മിൽ തർക്കിക്കുന്നത്. ആ ബ്രഹ്മചാരിയെ വരുത്തി ചികിത്സിപ്പിക്കാൻ വിരോധമുണ്ടോ?

ഋഷി — ഉടനെ വരുത്തിക്കളയാം (എന്നുപറഞ്ഞ് ഭൃത്യനെ അയയ്ക്കുന്നു. അനന്തരം ഗായത്രിയിലെ ഭർഗ്ഗസ്സെന്നോണം തിളങ്ങിക്കൊണ്ടിരിക്കുന്ന ആ ബ്രാഹ്മണബാലൻ പ്രവേശിക്കുന്നു.)

ഋഷി — (ആത്മഗതം) ബ്രാഹ്മണരുടെ ഇടയിൽ ഇത്രയും തേജസ്സുള്ള ഒരാളെ ഞാൻ വീക്ഷിച്ചിട്ടില്ല. (പ്രകാശം) (ബ്രാഹ്മണനെ നോക്കി) വരൂ, അടുത്തു വരൂ, (ബ്രാഹ്മണൻ അടുത്തുചെല്ലുന്നു.)

KOTTAYAM PUBLIC LIBRARY

രുഗ്മി—ഈ രുഗ്മിണിക്ക് ഒരു ചടപ്പ്. അത് എന്തുകൊണ്ടാണെന്ന് അങ്ങ് ഒന്നു പരിശോധിച്ചു പറയൂ.

ബ്രാഹ്മണൻ—(പരിശോധിച്ച്) ഇത് വാതപിത്തകഫങ്ങൾ കോപിച്ചുണ്ടായിട്ടുള്ളതല്ല. ദുർജ്ജനങ്ങളിലാരുടേയോ കണ്ണാപ്പെട്ടിട്ടാണ് അവിടുത്തെ സഹോദരി ചടയ്ക്കുന്നത്.

രുഗ്മി—നല്ല നേരംപോക്ക്. ഇങ്ങിനെ ഒരു ദീനം ആരും കേട്ടിട്ടില്ല.

അമ്മരാണി—ഞാൻ കേട്ടിട്ടുണ്ട്. ഇവളുടെ കുട്ടിക്കാലത്ത് നാവൂററിനൂതാൻ ഒരു ബ്രാഹ്മണസ്ത്രീ ഇവിടെ പാർത്തിരുന്നത് ഉണ്ണിയ്ക്കു തോന്നുന്നില്ലേ? (എന്നു രുഗ്മിണിയെ പിടിച്ച് മടിയിലിരുത്തുന്നു.)

രുഗ്മി—നാവൂറേല്ക്കുന്നതും അതിന്നൂതുന്നതും ലോകത്തിൽ സാധാരണയാണ്. ദുർജ്ജനങ്ങളുടെ കണ്ണേല്ക്കുക എന്ന വാക്കു കേട്ടത് അമ്മയ്ക്കും പുത്തിരിയായിരിക്കും. ആട്ടെ ബ്രാഹ്മണ! അതിന്നുള്ള നിവൃത്തി എന്താണ്.

ബ്രാഹ്മണൻ—ഹനുമാൻ സീതയെക്കണ്ടു എന്ന് ഒരു സർഗ്ഗത്തിൽ വർണ്ണിക്കുന്നുണ്ടല്ലോ. ആ സർഗ്ഗം പതിവായി ജപിച്ചാൽ ഈ കേടു നീങ്ങും.

രുഗ്മിണി—(ആത്മഗതം) ചികിത്സ എനിക്ക് വളരെ പിടിച്ചു. (ബ്രാഹ്മണനെ നോക്കി പ്രകാശം). അപ്പോൾ സുന്ദരകാണ്ഡത്തിലെ പതിനഞ്ചാംസർഗ്ഗം പതിവായി ജപിക്കണം എന്നർത്ഥം അല്ലേ?

ബ്രാഹ്മണൻ—അതേ....

രുഗ്മി—രാമായണം ആർഷമായതുകൊണ്ടു സ്ത്രീകൾക്കു ജപിപ്പാൻ പാടില്ല....

ഇപ്പോൾ ഭൂലോകമെങ്ങും പഴയ പതിവു കൈ-
    വിട്ടതാക്കിച്ചമയ്ക്കാൻ
തപ്പായ് ചുറവുന്ന കൂളക്കസൃതികളധികം
    മേൽക്കുമേലുത്ഭവിപ്പൂ
ചെയ്യില്ലെങ്ങും ഋഷിയാമെൻ കുലമതിലുളവായ്-
    വന്ന നൽപ്പെൺകിടാവി-
ന്നപ്പാപം പററിടാൻ ചെററിടവരുവതിനായ്
    സമ്മതിയ്ക്കില്ല തെല്ലും.

ഋഷിണി—(ആത്മഗതം) ജ്യേഷ്ഠൻ അമ്പലത്തിൽ ചെല്ലാൻ വയ്യാത്ത ദിക്കിലും ചെല്ലും. അയിത്തവും പുലയും നോക്കാതെ സ്വന്തം പാരായണവും ആരാധനയും നടത്തും; എന്നിട്ടു സുന്ദരകാണ്ഡം ജപിക്കരുത് എന്നു കല്പിക്കുകയും ചെയ്യും. ഇതെന്തൊരു പരസ്പരവിരുദ്ധമായ ധർമ്മനിഷ്ഠയാണപ്പാ!! (ഋഷിയെ നോക്കി—പ്രകാശം) നാട്ടുഭാഷയിൽ ആ സർഗ്ഗം വിവർത്തനം ചെയ്തു ജപിക്കരുതേ? ഇനി അതും അരുതെന്നാണെങ്കിൽ ഹനുമാനും സീതയുംകൂടി പരസ്പരം കാണുന്ന ചിത്രം ധ്യാനിപ്പാനെങ്കിലും ജ്യേഷ്ഠൻ അനുവദിക്കണം—

രാമൻതൻ ദൂതനേയും ജനകനൃപതിതൻ-
    പുത്രിയേയും വിശേഷി-
ച്ചീമന്നിൽ തന്നിലോർക്കാത്തവർ വനചരരിൽ-
    പ്പോലുമില്ലെന്നു ചൊല്ലാം
ആമട്ടിൽ പേരെടുത്തുള്ളൊരു രഘുവരസൽ-
    ഭക്തരെബ്ഭക്തിപൂർവ്വം
കാമം ചിന്തിപ്പതിന്നായനുമതി സഹജ-
    ന്നേകിയാലെന്തു ദോഷം!

രുഗ്മി:—നിയ്ക്കു് നേരെയാവേണം എന്നു വെച്ചു പറയുകയാണ്: വൈഷ്ണവചിന്ത വിധവകൾക്കേ ആകാവൂ എന്നാണ് എന്റെ പക്ഷം. കാരുണ്യം കോരിച്ചൊരിയുന്ന മഹാദേവൻ പ്രകാശിച്ചുംകൊണ്ടിരിക്കുമ്പോൾ സംശയഗ്രസ്തമായ ഈ വൈഷ്ണവസേവ എന്തിന്നാദരിക്കണം? കേൾക്ക് രുഗ്മിണീ, ഞാൻ ഒരു ശ്ലോകം കേൾപ്പിക്കാം—

ശകുനിജസ്സുതു നാരദമേകദാ
ത്വരിതതോഷമപൃച്ഛദധീശ്വരം
സ ച ദിദേശ ഗിരീശമുപാസിതും
ന തു ഭവന്തമബന്ധുമസാധുഷു

എന്താ നിയ്ക്കു് കേട്ടില്ലേ?—

രുഗ്മിണി—(ആത്മഗതം) ഈ ഏട്ടന് അസുരന്മാരെപ്പോലെ വിഷ്ണുവിനോടെന്താണ് ഇത്ര ദ്വേഷ്യം ആവോ?— (പ്രകാശം)—ഉവ്വ്. പക്ഷേ, ആര് ആരോട്ടു ചൊല്ലിയ ശ്ലോകമാണെന്നു മനസ്സിലായില്ല—

രുഗ്മി—അതിന്റെ അർത്ഥം മനസ്സിലാക്ക്; എന്നിട്ടു വേണ്ടേ ആളെ അന്വേഷിക്കാൻ?

രുഗ്മിണി— (മാറിലണിഞ്ഞ മാല തിരുപ്പിടിച്ചുംകൊണ്ട്) പറഞ്ഞുതന്നാൽ കേൾക്കാം—

രുഗ്മി—സാധുവല്ലാത്തവരിൽ ബന്ധുവല്ലാതെ പെരുമാറുന്ന ഭവാൻ എന്ന ഭാഗമേ രുഗ്മിണി കാക്കേണ്ടതുള്ളൂ—

രുഗ്മിണി—സാധു എന്നുവെച്ചാൽ ആരാണ്?

രുഗ്മി—ജീവകാരുണ്യം മുതലായി പലേ ഗുണങ്ങളോടും കൂടിയ ഒരാളാണ്സ്സാധു. നോക്ക്, വിഷ്ണുവിന്റെ കാരു

ണ്യം പ്രദശിപ്പിക്കുന്നതിലുള്ള മടി. മനുഷ്യരെ മുഴുവനും അദ്ദേഹം ചതിച്ചിട്ടുതിരിക്കുകയാണ്. അതിൽ ആരെങ്കിലും ആക്ഷേപം പുറപ്പെടുവിച്ചാൽ സാധുവല്ലാത്തതുകൊണ്ട് അവനെ ശിക്ഷിച്ചു എന്നു മറുപടിയും പറയും.

രുഗ്മിണി— ആകട്ടെ, ഇത് ആര് ആരോടു പറഞ്ഞ ശ്ലോകമാണ്?

ഋഷി— ഋഷികളിൽ ഒരാള് നന്ദഗോപന്റെ പശുപാലനോടു ചൊല്ലിയതാണ് ഇതെന്നു നാരദൻ പറഞ്ഞതായി ഞാൻ ഓക്കുന്നു.

രുഗ്മിണി— ആ പശുപാലൻ വിഷ്ണുവാണോ?....

ഋഷി— അങ്ങിനെയാണ് അപ്പോൾ അദ്ദേഹം അഭിനയിച്ചത്.

രുഗ്മിണി—(ചൊടിച്ചുംകൊണ്ട്) അത്ര തീച്ചപ്പെടാതെ അദ്ദേഹത്തിന്റെ ദുഷ്യം ചൂണ്ടിക്കാണിപ്പാൻ ഈ ശ്ലോകം ഉദാഹരിച്ചാൽ മതിയോ? ഇതിന്നെതിരായി എനിക്കും ഒരു ശ്ലോകം തോന്നും—

ഋഷി—കേൾക്കട്ടെ.

രുഗ്മിണി—

അവതാരാസ്സന്ത്യന്യേ
സരസിജനയനസ്യ സവ്വതോഭദ്രാഃ
കൃഷ്ണാദന്യഃ കോ വാ
പ്രഭവതി ഗോഗോപ ഗോപികാമുക്തൈക്യ.

ഋഷി—അത് അന്ധവിശ്വാസമല്ലേ? മോക്ഷം കൊടുക്കാം എന്നു പറഞ്ഞുനടക്കുന്ന മനുഷ്യരെപ്പററി എനിക്കു കഷ്ടം എന്നല്ലാതെ ഒന്നും പറയുവാൻ തോന്നുന്നില്ല. കേ

റാക്ക് രുഗ്മിണി! അയാളെപ്പററിയുള്ള അതിശയോക്തികഠ—ബ്രഹ്മാവ് കാല്ക്കൽ വന്നു വീണു; കുന്നുകൊണ്ടു് കുടപിടിച്ചു് മഴതടുത്തു; കാളിയൻപാമ്പിനെ ചവിട്ടി; കടിയേററില്ല; മരിച്ചവരെ ജീവിപ്പിച്ചു; വഹ്നികുടിച്ചുവൈകുണ്ഠംകാട്ടി. (ബ്രാഹ്മണനെനോക്കി) എടോ! തനിക്ക് ഈയാളെപ്പററി വല്ല വൎത്തമാനവും കിട്ടിയിട്ടുണ്ടെങ്കിൽ അതും ഇവളെ കേഠപ്പിക്കൂ.

ബ്രാഹ്മണൻ—അദ്ദേഹത്തെപ്പററി ചിലതൊക്കെ ഞാനും കേട്ടിട്ടുണ്ടു; പക്ഷെ അവ അതിശയോക്തികളാണെന്നു അവിടുത്തെ വാക്കിലാണ് കാണ്മാൻ സാധിച്ചതു്. ഏതെങ്കിലും അവയിൽ ഒന്നു ചൊല്ലാം—

അയം ക്ഷീരാംഭോധേഃ പതിരിതി ഗവാം പാലക ഇതി
ശ്രിതോസ്മാഭിഃ ക്ഷീരോപനയധിയാ ഗോപതനയഃ
അനേന പ്രത്യൂഹോ വ്യരചി സതതം യേന ജനനി-
സ്തന്യാദപ്യസ്മാകം സകൃദപി പയോ ദുർല്ലഭമഭൂൽ.

(രുഗ്മിണി കണ്ണിൽ വെള്ളംനിറക്കുന്നു.)

അമ്മറാണി—(ബ്രാഹ്മണനെ നോക്കി) അതിൻെറ അൎത്ഥവുംകൂടി ഒന്നുപറയൂ.

ബ്രാഹ്മണൻ—പാലാഴിയുടേയും പശുക്കളുടേയും പാലകനാണല്ലോ. അതുകൊണ്ടു് പാലു ധാരാളം കഴിക്കാം എന്നോൎത്ത ഈ ഗോപശിശുവിനെ ആലംബിച്ചു. ആ പ്രവൃത്തി മുലപ്പാലുകൂടി മേലിൽ കിട്ടാതെയാക്കി—

അമ്മറാണി—എന്നുവെച്ചാൽ?

ബ്രാഹ്മണൻ—പുനൎജ്ജന്മമില്ലാതെയാക്കി എന്നൎത്ഥം.

രുഗ്മി—ഇതു് ഉണ്ടാക്കിയ കവി വളരെ സരസൻതന്നെ. ഇങ്ങിനെ പലരെക്കൊണ്ടും പലതും ആ കണ്ണൻ എഴുതി

കാണുന്നുണ്ട്. വഴിപോക്കരോട് അയാളെ വിശേഷിക്കുന്നില്ലെന്ന് അഭിനയിക്കാതെ ചോദിച്ചാൽ പല കൃതികളും അവരിൽനിന്നു കേൾപ്പാൻ സാധിക്കും (ആത്മഗതം) രുഗ്മിണിയെ പിന്തിരിപ്പിക്കാൻവേണ്ടി ലജ്ജാവഹമായ ഒരു ഭാഷാഗാനം അങ്ങിനെ കിട്ടിയത് ഇവിടെ കേൾപ്പിച്ചേയ്ക്കാം. (പ്രകാശം) അയാൾനിമിത്തം ഏററവും കെട്ടുപോകുന്നത് പെൺകുട്ടികളാണ് അതിനുള്ള പ്രമാണം അമ്മയെ കേൾപ്പിക്കാം—

വൃന്ദാവനാന്തരേ ഞങ്ങളോടൊന്നിച്ചു
മുന്നം ചില ദിനം ക്രീഡിച്ചതൊക്കെയും
കന്ദർപ്പസുന്ദരനിന്ദിരാമന്ദിരൻ
നന്ദതനൂജൻ മറന്നിതോ മാനസേ!

എന്താ! തരക്കേടുണ്ടോ?

രുഗ്മിണി— (ആത്മഗതം) അദ്ദേഹം വിഷ്ണുവാണെന്നും, ചരിത്രങ്ങളെല്ലാം നിന്ദ്യങ്ങളാണെന്നും ഒരേ നാവുകൊണ്ട് ഇങ്ങിനെ പറയുന്നുവല്ലോ. (കളിപ്പിക്കുകയല്ലെന്ന ഭാവത്തിൽ—പ്രകാശം) സുന്ദരകാണ്ഡപാരായണം സ്ത്രീകൾക്കു വശ്യ അല്ലേ?—

രുഗ്മി—എന്തോ അതെല്ലാം ഒരുതരം 'ഭാംമണ്ഡലി'യാണ്—

അമ്മറാണി—ഉണ്ണീ! അതുകടിച്ചാൽ വിഷമുണ്ടോ?

രുഗ്മി—ഏത്?—

അമ്മ—നീ പറഞ്ഞില്ലേ അതെല്ലാം 'നീർമണ്ഡലി'യാണെന്ന്.

രുഗ്മി—(ഉറക്കെ ചിരിച്ചുംകൊണ്ട്) അമ്മേ! നീർമണ്ഡലിയല്ല....ഭാംമണ്ഡലിയാണ്. അതിൻെറ അർത്ഥം ചെറുപ്പ

ക്കൊക്കെ മനസ്സിലാവും. ഈ ദാംമണ്ഡലിയെ തടയുന്നതിന്നാണ് ശിശുപാലാദികളെ ഞാൻ കൂട്ടുപിടിച്ചിട്ടുള്ളത്. (ബ്രാഹ്മണനെനോക്കി) അങ്ങ് ഇവളുടെ ദീനം ഏതുതരത്തിലെങ്കിലും മാററിക്കൊടുക്കണം. ബില്ല് എനിക്ക് അയച്ചാൽ മതി. അങ്ങ് ഒരു ബ്രഹ്മചാരിയായതുകൊണ്ട് ഇടയ്ക്കിടയ്ക്ക് ഇവിടെ വന്നുപോകുന്നതിന്ന് ഇടയില്ലായ്മയുമില്ലല്ലോ. എന്നാൽപിന്നെ—

ബ്രാഹ്മണൻ—കല്പനപോലെ. (എന്നു പോകുന്നു.)

കട്ടൻ.

## രംഗം 4.

(സ്ഥലം ചേദിപരാജധാനി. നാരദനും, ശിശുപാലനും പ്രത്യക്ഷപ്പെടുന്നു.)

ശിശുപാലൻ—(അശ്രദ്ധയോടെ) മഹർഷി ഇപ്പോൾ എവിടുന്നാണ്?

നാരദൻ—(വീണ ഒരരുകിൽ വെച്ചിട്ട്) കുണ്ഡിനത്തിൽ നിന്ന്.

ശിശുപാലൻ—(തിരിഞ്ഞുനിന്ന് നാരദനെ നോക്കീട്ട്.) രുഗ്മിക്കു വിശേഷം ഒന്നും ഇല്ലല്ലോ?

നാരദൻ—അവർക്കാർക്കും ഒരു വിശേഷവും ഇല്ല. പക്ഷേ, രുഗ്മിണീകല്യാണം ഒരു വിശേഷമാണെങ്കിൽ അതിൻെറ തിരക്ക് ഒന്നും പറയേണ്ട!! കണ്ണും ചെവിയും പൊട്ടിച്ചുംകൊണ്ടു മുറുകിവരുന്നു.

ശിശു—(ഉണ്ടായ സന്തോഷം ഒതുക്കിക്കൊണ്ട്) കണ്ണിനും ചെവിക്കും എന്താണ് കേട്?

നാര—തട്ടും മേട്ടവും വാഹനങ്ങളുടെ ഓട്ടവും ശിപാശിക്കാരും ലേലക്കാരും ഒന്നും പറയേണ്ട—

ശിശുപാ—(ആശ്ചര്യത്തോടെ) ശിപാശിക്കാരോ? ആരെല്ലാമാണ് അവർ?

നാര—തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല.

ശിശു—കൃഷ്ണനും രാമനും പുറപ്പെട്ടിട്ടുണ്ടോ?

നാരദൻ—അവർ നേരിട്ട് ഒന്നും പ്രവർത്തിച്ചതായിക്കാണുന്നില്ല.

ശിശു—(പുച്ഛരസം തുളുമ്പിച്ചുംകൊണ്ട്) മഹാവിഷ്ണുവല്ലേ കൃഷ്ണൻ. അപ്പോഠം അന്തര്യാമിയായിട്ടും ശിപാശിചെയ്യാമല്ലോ, അല്ലേ? (സ്വല്പംനേരം മൌനം അവലംബിച്ചതിനുശേഷം ഒന്നു നിശ്വസിച്ച് നാരദനെ നോക്കി)

നാലുണ്ടല്ലോ മറകളവയിൽ കന്യകാജാരനായി-
ട്ടാലും നെയ്യും തരമൊടു കവർന്നുണ്ടു പോരുന്നൊരാളെ
ചേലുറ്റോതിത്തരുവതിനിതുണ്ടാക്കിയോൻ വിട്ടതാണീ-
ക്കാലുഷ്യത്തിൻ കലവറയതാം നന്ദജൻ തോററാതേവം.

നാരദ—(ആലോചിക്കുന്നതായി നടിച്ച്) ഗോപാലതാപിന്യുപനിഷത്തിൽ ഇങ്ങിനെ ഒരു നവീനാചാര്യനെപ്പററിപ്പറഞ്ഞുകാണുന്നുണ്ട്.

ശിശു—(തുറിച്ചുനോക്കിക്കൊണ്ട്) സംഹിതാഭാഗങ്ങളിൽ പറയാത്ത ഒരു സംഗതി ഉപനിഷത്തിൽ കണ്ടാൽ അതു വിശ്വസിക്കാൻ സൂക്ഷിക്കണം—

നാരദ—(ആത്മഗതം) വേണ്ടെന്നു തോന്നിയിരുന്ന ഈ കൂടിക്കാഴ്ച പ്രതിനായകന്റെ പോക്ക് ഏതുവഴിക്കാണെന്നറിഞ്ഞു രുഗ്മിണിയിൽ ബഹുമാനം വർദ്ധിപ്പിക്കാൻ ഇടവരുത്തുന്നു. അതിനാൽ ഈ സംഭാഷണം

ഏതുതരത്തിലെങ്കിലും കുറേക്കൂടി ദീർഘിപ്പിക്കണം (പ്രകാശം).

“ജജ്ഞാന ഏവ വ്യബാധത സ്വധഃ,,

എന്നിങ്ങിനെ ഋഗ്വേദസംഹിതയിൽ കാണുന്ന ഋക്കിൽ പൃതനാമോക്ഷം മുതലായവയും ഗോവർദ്ധനോദ്ധാരണാദികളും സ്പഷ്ടമായി വർണ്ണിച്ചിരിക്കുന്നു എന്നു ചിലർക്ക് അഭിപ്രായമുണ്ട്.

ശിശു—വളയില്ലാതേയും പാടുന്ന വിദ്വാന്മാർക്ക് സൂചകങ്ങൾ ഒന്നും ഇല്ലാഞ്ഞാലും ആവശ്യമുള്ളവ സൂചിപ്പിക്കാൻകഴിയും. (എന്നു ചുററിനടന്നു വീണ്ടും നാരദനെ നോക്കി) നാരദാ! നമുക്കു രണ്ടുപേർക്കും ഇതിൽ സിദ്ധാന്തമൊന്നുമില്ല. വിശേഷിച്ചും എന്റെ അമ്മാമന്റെ മകനാണ് കണ്ണൻ. അയാൾ ലക്ഷ്മീവല്ലഭനായാൽ അതിൽ ഒരു ചെറിയ ലാഭം എനിക്കും ഉണ്ട്. (ഒരു ഗ്രന്ഥം അഴിച്ച് ഓലകൾ അങ്ങോട്ടുമിങ്ങോട്ടും മറിച്ചുനോക്കിട്ട് ഇച്ഛാഭംഗം പററിയത് അഭിനയിക്കാതെ) എന്റെ ധാരണ സനകാദികളേക്കാൾ അധികം നിവൃത്തി നിഷ്ഠനാണ് വിഷ്ണു എന്നാണ്. ഇയാൾ ഒരു നൂറു തവണ ചത്തു ജനിച്ചാലും ഈശ്വരനായിത്തീരുമെന്നു തോന്നുന്നില്ല. നാരദന്റെ അഭിപ്രായം എന്താണ്?

നാര—കേൾവിപ്പെട്ട ത്രിമൂർത്തികളിൽ ആരും അല്ല കൃഷ്ണൻ എന്നാണ് എന്റെ അഭിപ്രായം. എന്തെന്നുവെച്ചാൽ അവരിൽ ആരുടേയും സ്വഭാവം കണ്ണനിൽ കാണുന്നില്ല.

ശിശു—(അത്ഭുതത്തോടെ) ഏതെല്ലാം സ്വഭാവത്തെ ഉള്ളിൽവെച്ചുംകൊണ്ടാണ് ഇതു സംസാരിച്ചത്!

നാര—

ഗോപാലാജിരകർദ്ദമേ വിഹരസേ
വിപ്രാദ്ധ്വരേ ലജ്ജസേ
ബ്രൂഷേ ഗോധനഹുംകൃതൈഃ സ്തുതിശതൈ-
ർമ്മൌനം വിധത്സേ വിദാം
ദാസ്യം ഗോകുലപുംശ്ചലീഷു കുരുഷേ
സ്വാമ്യം ന ദാന്താത്മസു
ജ്ഞാതം കൃഷ്ണ തവാംഘ്രിപങ്കജയുഗം
പ്രേമാചലൽ മഞ്ജുളം.

ശിഷ്യ— എന്തു്? അതിൻെറ അൎത്ഥവുംകൂടി ഒന്നു പറയൂ-

നാര— (നെററിചുളിച്ചുംകൊണ്ടു്) ഗോപാലന്മാരുടെ മുററത്തെക്കളി നാട്ടുവിട്ടോടിയ ഒരു കുട്ടിക്കു സ്വാഭാവികമാണു്. സല്ക്കൎമ്മം നടക്കുന്ന ദിക്കുകളിൽ ചെല്ലാൻ വികൃതികൾ ലജ്ജിക്കും. വിദ്വാന്മാരോടു മിണ്ടാതെ പശുക്കളോടു സംസാരിക്കുന്നു എന്നുള്ളതു് കാലിക്കൂട്ടം മേയ്ക്കുന്നവൎക്കൊക്കെ ബോധകമാണു. ഗോപികളുടെ ദാസ്യവും ജിതേന്ദ്രിയന്മാരുടെ നേതൃത്വം വഹിക്കായ്കയും ഏററവും പ്രാകൃതന്മാരുടെ സമ്പ്രദായമാണു്. സ്നേഹിക്കുന്നവരെമാത്രം സ്നേഹിക്കുന്നു എന്നുള്ളതു്, തൻകാൎയ്യം നോക്കലുമാണു്. ഏതായാലും ഈ സ്വഭാവങ്ങൾ ത്രിമൂൎത്തികളിൽ ഇല്ല.

ശിഷ്യ— ത്രിമൂൎത്തികളെ വശീകരിക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞതും ലാഭമേറിയതുമാണു് കൃഷ്ണൻെറ വശീകരണം എന്നൎത്ഥത്തിലും ആ ശ്ലോകം വേണമെങ്കിൽ വ്യാഖ്യാനിക്കാം. അതു് എഴുതിയ കവി ഉദ്ദേശിച്ച അൎത്ഥം നാരദൻപറഞ്ഞതുപോലെ അല്ല, അതെല്ലാം

ഇരിക്കട്ടെ. രുഗ്മിണീകല്യാണത്തിൽ കൈകടത്താതെ ഇരുന്നാൽ ഇങ്ങിനെ പറിപ്പരുങ്ങലി അയാൾക്ക ജീവിക്കാൻ സാധിക്കും. എന്ന് (രണ്ടുനിമിഷം മിണ്ടാതിരുന്ന നാരദനെ നോക്കി)

കാർവേണിമൌലിയാമത്തരുണിയെയ്യിവനായ്
രുഗ്മിതാൻ തന്നതാണെ-
ന്നോർക്കും ചിത്തതാരിൽത്തെളിവിനോടറിയാ-
മെങ്ങുമാബാലവൃദ്ധം
ഏവം മൽഭാര്യയായോരവളിലവശനായ്
കണ്ണനും കൈകടത്തി-
പ്പോവാൻപോകേണ്ടയെന്നായവനോടരുളു നി
തൽപൂരം പൂകി വേഗം.

എന്താ നാരദൻ കണ്ണിൽ വെള്ളം നിറയ്ക്കുന്നത്?

നാരദ—ദ്വാരകയിൽ ചെന്നാൽ എന്റെ കഥ കഴിയും. ദേവകിയുടെ അഞ്ചാറുകുട്ടികളെ തല്ലിക്കൊല്ലിച്ചവനാണ് ഞാൻ. യവനനെ മധുരാമണ്ഡലം മുടിപ്പാനയച്ചതും ഞാനാണ്.

ശിശു—ദാഹോ!.... അങ്ങിനെയാണോ? എന്നാൽ പോകേണ്ട. അതല്ല, നാരദാ! വൃന്ദാവനത്തിലെ കുഴപ്പങ്ങളൊക്കെ എങ്ങിനെ ഇരിക്കുന്നു, കേട്ടുവോ?

നാരദ—അവിടെ എന്തു കുഴപ്പമാണ്?

ശിശു—നിങ്ങളൊക്കെ പരമസാധുക്കളാണ്. പച്ചപ്പകൽ നടക്കുന്ന കാര്യങ്ങൾകൂടി അറിയുന്നില്ല.

"മായാഭ്രഷ്ടകളായ ഗോപവനിതാ-
രത്നങ്ങളിൽപ്പെട്ടൊരാ-
ക്കായാമ്പൂനിഭഭാമിനീതിലകമായ്
കേൾവിപ്പെട്ടും രാധിക

പായാരങ്ങളുരയ്ക്കുവാൻ വഴി നിന്ന-
ച്ചങ്ങെത്തിയോരുദ്ധവ-
നായാസം ഹൃദി യേററി നൽശിതശരം
തോല്ക്കും ശകാരത്തിനാൽ"

എന്നുകേട്ടു. ഇതൊന്നും അറിഞ്ഞില്ല അല്ലേ?

നാരദ—ഉദ്ധവൻ മാനനഷ്ടത്തിന്നു കേസ്സു കൊടുത്തുവോ?

ശിശു—(ഉറക്കെച്ചിരിച്ചുകൊണ്ട്) ഇനി കേസ്സും കൂടിയേ വേണ്ടു. ഇപ്പോൾത്തന്നെ ചെമ്പു പുറത്തായിരിക്കുന്നു. എതിർവിസ്താരത്തിന്ന് അവസരം കിട്ടുമ്പോൾ ആ പെണ്ണുങ്ങൾ അയാളെത്തിന്നും.

നാരദ—അവർ അത്ര സമർത്ഥകളാണോ?

ശിശു—സാമർത്ഥ്യംകൊണ്ടു തട്ടിച്ചുനോക്കിയാൽ ഇവക്ക് എതിരില്ല എന്നുതന്നെ പറയേണ്ടിവരും. ഉദാഹരണത്തിന്നായി അപ്പോൾ ഉപയോഗിച്ചതായ അവരുടെ ഒന്നുരണ്ടു മൊഴി കേൾപ്പിക്കാം.

ദുഷ്ടനായുള്ളോരു കേശവനെത്രയു-
മിഷ്ടമായുള്ളോരു പത്നീകുചങ്ങളിൽ
ഭംഗ്യാ മുകുന്ദനണിയിച്ച മാലമേ-
ലംഗസമ്മർദ്ദനേ പററിയ കുങ്കുമം
ശ്മശ്രുക്കളിൽ തേച്ചു വന്ന മധുകര-
കശ്മല! നീ മമ പാദം തൊടായ്ക്കെടോ!

.... .... .... .... ....

എന്തിനു നീ വൃഥാ കൃഷ്ണകഥകളെ-
ച്ചന്തമോടത്ര വന്നോതുന്നു ഭൃംഗമേ!

കാന്തനില്ലാത്തോരു നാരിമാർ ഞങ്ങളു-
മെന്നു നിനക്കു തരുവാനിരിക്കുന്നു.
നിത്യവും കൃഷ്ണനോടൊന്നിച്ചിരിക്കുന്ന
മത്തേഭഗാമിനിമാരുടെ സന്നിധൌ
സമ്മോദമോടു നീ ചെന്നു പാടീടുകിൽ
സമ്മാനവും തവ വേണ്ടതു കിട്ടുമേ.

ഇങ്ങിനെയാണ് അവരുടെ ശകാരത്തിന്റെ രീതി. (മുഖത്തേക്കു സൂക്ഷിച്ചു നോക്കി) എന്താ കണ്ണിന്ന് കേടൊന്നുമല്ലല്ലോ? വെള്ളം ഒഴിയുന്നില്ല. സൂക്ഷിക്കണേ!

നാര—ഗോപികളുടെ പാരവശ്യം ഓൎത്തപ്പോൾ മിഴികൾ നനഞ്ഞുപോയി എന്നേ ഉള്ളു.

ശിശു—അതുതന്നെയാണ് ഞാൻ പറയുന്നത്, രുഗ്മിണിയിൽ കൈവെയ്ക്കാൻ കൃഷ്ണനെ അയക്കില്ലെന്ന്. പിന്നീട് അവൾക്കും ഇതുപോലെ വിഷമിക്കേണ്ടിവരില്ലേ? അതല്ല ഇതിൽ ഒരു താക്കേട്—

ചൂടേറും സലിലത്തിൽ-
ച്ചാടിയ പൂച്ചയ്ക്കു തുല്യമബലാളി
പേടിയ്ക്കും പശുപജനായ്-
ക്കൂടാൻ ഭൈഷ്മിയ്ക്കുമുള്ളിലരുതു ധൃതി.

എന്റെ ചാരന്മാർ പറഞ്ഞറിഞ്ഞേടംകൊണ്ടു കണ്ണനിൽ രുഗ്മിണിക്കു കൊതിയുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. രുഗ്മി ഏൎപ്പെടുത്തിയ എതിർപക്ഷത്തിന്നു രുഗ്മിണിതന്നെയാണ് വിലകെടുക്കുന്നത് കൃഷ്ണൻ ഒരവതാരമൂൎത്തിയാണത്രെ? എന്തോ എവിടെ ചെന്നാലും വിജയശ്രീ അവന്റെ കഴുത്തിലാണ് മാലയിടുന്നതും. പട്ടും, ചൊട്ടും, മുരളിയും, കൊഞ്ചലും, യാതൊരു കഥയുമി

ല്ലാത്ത ചേട്ടനും, നാടകക്കാരെപ്പോലെ തൂക്കിയിട്ട വനമാലയും മററും ആ കലിയുഗദേവതയ്ക്കു മോടി വളർത്തിട്ടുണ്ട്. മഹാലക്ഷ്മീയോഗമുണ്ടെന്നു 'സമുദ്രമുനി' സമ്മതിച്ചിട്ടുള്ള ഭൈഷ്മികൂടി ഇതിനെ അയാളെ ചാരിനിന്നാൽ നന്മ മുഴുവനും അയാൾക്കായിത്തീരുമല്ലോ. അതു സമ്മതിക്കാൻ പാടുണ്ടോ?

നാര — ഈ സ്ഥിതിക്കു സൃഷ്ടിസ്ഥിതിസംഹാരങ്ങൾപോലും നമ്മുടെ ശത്രു കൈവശപ്പെടുത്തുമല്ലോ?

ശിശു — അതു പേടിക്കേണ്ട. ആദ്യം രാമനെ പിടിച്ചു കെട്ടി കടലിൽ താഴ്ത്തും. ഭൈഷ്മിയെ ഞാൻ വേൾക്കും. അപ്പോൾ കൃഷ്ണന്റെ ബലവും യോഗബലവും അസ്തമിക്കും. കാണാൻ പോകുന്ന പൂരം ചോദിച്ചറിയേണ്ടല്ലോ? എന്നാൽ പിന്നെ —

(എന്നു രണ്ടാളും പിരിയുന്നു.)

കർട്ടൻ.

(ഒന്നാമങ്കം കഴിഞ്ഞു.)

---

## രണ്ടാം അങ്കം

### രംഗം 1.

(സ്ഥലം ഭഗവതിക്ഷേത്രം. തിടപ്പള്ളിയുടെ ഉള്ളിൽ ശാന്തിക്കാരും. ഉമ്മറത്തായി ചുററമ്പലത്തിൽ മാലാകാരനും പ്രത്യക്ഷപ്പെടുന്നു.)

മേശാന്തി — ഇന്നു പാലധികമുണ്ടോ?

മാല്യാകാരൻ—പതിവിലധികമുണ്ട്.

കീഴ്ശാന്തി—ചെറിയ തമ്പുരാട്ടിയുടെ വകയാണ് അല്ലേ?

മാലാ—അതേ—

മേശാ—എത്രമണിക്ക് നിവേദിച്ചു എത്തിക്കണം എന്നാണ് കല്പിച്ചിട്ടുള്ളത്?

മാലാ—അവിടുത്തെ അത്താഴം കഴിഞ്ഞു പള്ളിക്കുറുപ്പിനു മാളികയിലേയ്ക്കു എഴുന്നെള്ളുമ്പോഴേയ്ക്കു കൊണ്ടുചെല്ലണം എന്നാണ് അരുളിച്ചെയ്തിട്ടുള്ളത്—

കീഴ്ശാന്തി—നിങ്ങൾ കൊണ്ടുപോയി കൊടുത്താൽ മതിയോ? അതോ ഞങ്ങൾ വേണോ?

മാലാ—നിങ്ങൾ തന്നെ വേണം എന്നാണ് കല്പന—

മേശാ—ഇന്നു തൃക്കൺപാർക്കാൻ എഴുന്നെള്ളത്തുണ്ടെന്നു കേട്ടുവോ?

മാലാ—നിങ്ങൾക്കു ഭ്രാന്തുണ്ടോ? പള്ളിബ്ഭജനമല്ലേ. എഴുന്നെള്ളാറായിത്തുടങ്ങി.

മേശാ—പോരകയിൽനിന്നും ഉള്ള നിരത്ത് തെക്കേക്കോട്ടവാതില്ക്കലല്ലേ വന്നുചേരുന്നത്?

മാലാ—അതേ; സംസ്കൃതപ്പള്ളിക്കൂടത്തിന്റെ മുൻഭാഗത്തുവന്ന് അവസാനിക്കുന്ന ഒരു നിരത്തില്ലേ. അതാണ് പോരകയിൽനിന്നും നേരിട്ടുള്ള വഴി. അതറിഞ്ഞിട്ടുള്ള ആവശ്യം?

മേശാ—രുഗ്മിണിത്തമ്പുരാട്ടി പള്ളിക്കുറുപ്പിനു മുമ്പായി ഈ പായസം അവിടെ എത്തിക്കണം എന്നു കല്പിച്ചിട്ടുള്ളതിന്റെ ആവശ്യം തനിക്കു മനസ്സിലായോ?

മാലാ—ഇല്ല.

PUBLIC LIBRARY KOTTAYAM

മേശാ — ദേവി അങ്ങിനെ കല്പിച്ചതും ഞാൻ അന്വേഷിച്ചതും ബ്രഹ്മചാരിയുടെ വരവിനെ കാത്തുംകൊണ്ടാണ്. വിശേഷിച്ച് —

സൌന്ദര്യത്തിന്നു സീമയായ തനുപൂ-
ണ്ടെല്ലാം ഭരിക്കുന്നോരാ-
നന്ദൻതൻ ശിശു രാത്രിയിൽക്കനിവിനോ-
ടെത്തുന്നതാണെന്നുതാൻ
നന്ദ്യാ സർവ്വരുമോതിടുന്നു ബഹുമാ-
നിക്കേണ്ടൊരാൾ വന്നിടും
സന്ദേഹം വിളികൊണ്ടതാകുമതു നാം
മാറിച്ചു പോകേണ്ടയോ?

അതിനാണ് വഴി അന്വേഷിച്ചത് —

മാലാ — എന്നാൽ ഞാനും കന്നിച്ചുണ്ട്. ആ തിരുമേനി സാക്ഷാൽ നാരായണന്റെ അവതാരമാണത്രെ?

മേശാ — ആരാണ് ഈ ലോകത്തിൽ നാരായണന്റെ അവതാരമല്ലാത്തത്. എടോ! മാലാകാരാ! ലക്ഷ്മീകല്യാണത്തിന്നെന്ന വിലയ്ക്കു വരുന്ന ഒരാളെ അവതാരമാണ് എന്നു പറഞ്ഞ് അപമാനിക്കരുത് —

മാലാ — ഒരവതാരമൂർത്തിക്ക ചേർന്നപോലെ അദ്ദേഹത്തെക്കുറിച്ച് എല്ലാം ഭരിക്കുന്ന ഒരാളെന്ന് നിങ്ങളും പറഞ്ഞുവല്ലോ?

മേശാ —

രാജ്യാധികാരവും ചെയ്തു ജനങ്ങളാൽ
പൂജ്യനായത്യന്തമുള്ള സമ്പത്തോടും
സുന്ദരിമാരായ കന്യകമാരോടു-
മൊന്നിച്ചു മോദേന വാഴുന്ന മാധവൻ

ഒന്നുനിനച്ചാലുമിപ്പോളിവിടേയ്ക്കു
വന്നീടുവാനവകാശമില്ലെങ്കിലും
സ്നേഹമുണ്ടാകയാലിച്ഛ ഞങ്ങൾക്കുണ്ടു
മോഹത്തിനററമില്ലല്ലോ മഹാമതേ!

എന്നു താൻ കേട്ടിട്ടില്ലേ. രാജ്യാധികാരം, ചെയ്യുന്നു എന്നു് ഈ ഗാനംകൊണ്ടു തെളിയുന്നു. അതാണു് ഞാൻ എല്ലാം ഭരിക്കുന്നവൻ എന്നു പറഞ്ഞതു്—

മാലാ—"ഒന്നിച്ചു മോദേന വാഴുന്ന മാധവൻ" എന്ന വാക്യംകൊണ്ടു നിങ്ങളും ലക്ഷ്മീവല്ലഭനാണു് അദ്ദേഹം എന്നു പറഞ്ഞുവല്ലോ?

മേശാ—മറെറാരാളുടെ അവതാരമാണെന്നു പറഞ്ഞതാണു് എനിക്കു രസിക്കാതെ വന്നതു്. ബ്രഹ്മമായതും, വിഷ്ണുവായതും, ബ്രഹ്മാവായതും ഈകൃഷ്ണൻെറ ചെറിയ ഒരംശമാണു് എന്നു പലപ്പോഴും രുഗ്മിണീദേവി എന്നോടു് അരുളിച്ചെയ്തിട്ടുണ്ടു്.

കിഴ്ശാ—(പായസം ഇളക്കിക്കൊണ്ടു്) 'സകൃന്മനഃ' എന്ന ശ്ലോകം അയാളെ ഒന്നു ചൊല്ലിക്കേൾപ്പിക്കു. അപ്പോൾ അയാൾക്കും അദ്ദേഹം പരമാത്മാവാണു് എന്നു മനസ്സിലാവും.

മേശാ—ങാ, അതു ശരിയാണു്. എടോ മാലാകാരാ! കേട്ടോളൂ—

"സകൃന്മനഃ കൃഷ്ണപദാരവിന്ദയോ-
ർന്നിവേശിതം തൽഗുണരാഗി യൈരിഹ
ന തേ യമം പാശഭൃതശ്ച തത്ഭടാൻ
സ്വപ്നേപി പശ്യന്തി ഹി ചീർണ്ണനിഷ്കൃതാഃ."

മാലാ—അനുരാഗത്തോടുകൂടി ഒരിക്കൽ തൃപ്പാദം സ്മരി

ക്കുക എന്നുള്ളതിനുപോലും സർവ്വസംസാരസങ്കടത്തിൽനിന്നും നിവൃത്തി ലഭിക്കലാണ് ഫലം, എങ്കിൽ ഈ ശപിക്കപ്പെട്ട ഭൂലോകം അനുഗ്രഹീതമായിത്തീർന്നു. മററന്നാൾ ദേവിയെ ആരെങ്കിലും കൊണ്ടുപോകുമല്ലോ? പിന്നീടു സംസ്കൃതപ്പള്ളിക്കൂടത്തിലെ പാഠക്രമങ്ങൾ പലതും മാററാനിടയുണ്ടെന്നു കേട്ടു.

മേശാ—"പരസ്പരാനുകഥനം പാവനം ഭഗവദ്യശഃ" എന്നിങ്ങിനെ ജനകൻെറ രാജ്യത്തു നടപ്പുള്ള ശ്രീകൃഷ്ണകഥയെ അന്യോന്യം പറഞ്ഞുശീലിക്കൽ രുഗ്മിണീദേവിയുടെ ശുദ്ധമായ കല്പനപ്രകാരമാണ് ഈ രാജ്യത്തും ആരംഭിച്ചത്. അതുമാത്രം നിർത്തി എന്നു വരാം എന്നേ ഞാൻ കേട്ടുള്ളു—

കീഴ്ശാ—ആ കേൾവി ശരിയാവാൻ വഴിയുണ്ട്. ഇന്നുച്ചയ്ക്കു തീർത്ഥവും പ്രസാദവും കൊണ്ട് ഞാൻ ചെന്നപ്പോൾ ശിശുപാലൻ, ജരാസന്ധൻ, ദുര്യോധനൻ തുടങ്ങിയ മഹാരാജാക്കന്മാർ ഭഗവദ്യശസ്സിൻെറ പരസ്പരാനുകഥനത്തെപ്പററി നിരൂപണം ചെയ്യുകയായിരുന്നു.

മാലാ—രുഗ്മിണീദേവിയുടെ കൊട്ടാരത്തിൽ മാലപ്പണം വാങ്ങുവാൻ ഞാൻ ചെന്നപ്പോൾ പാറാവുനിന്നിരുന്ന ഒരു പെണ്ണ് 'ഭഗവദ്യശസ്സിന്' എതിരായി ഒരു കല്പന പുറപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞു. അവൾ അറിയിച്ചതു നേരാണ് എങ്കിൽ ഇപ്പോൾ നാം ചെയ്യുന്നതു തന്നെ കുററകരമായിരിക്കും. രാജഭണ്ഡാരത്തിലെ പണംകൊണ്ടു നടത്തിവരുന്ന പാഠശാലയിലെ കഥ പിന്നെ പറയുവാനുണ്ടോ?

മേശാ—രുഗ്മിണീദേവിക്കും അവിടുത്തെ സഹോദരന്മാക്കും പ്രകൃതികൊണ്ടു് ഇത്രയും അകൽച്ച വന്നതിന്നു തക്കതായ കാരണവുമുണ്ടു്. ഇതൊരു ശിവക്ഷേത്രമല്ലേ. നട കിഴക്കോട്ടും. അമ്മക്കൊട്ടാരവും കന്യകാഗൃഹവും നടയുടെ വടക്കേ അററത്തു്. പുരുഷന്മാരുടെ രാജധാനികൾ തെക്കുഭാഗത്തു്. ഇങ്ങിനെ വന്നിരിക്കുന്നു. ശിവന്റെ ഇടത്തുഭാഗത്തു പാക്കുന്നവക്കു് മംഗളസ്വഭാവവും മറുവശത്തു താമസിക്കുന്നവക്കു് അമംഗളസ്വഭാവവും കാലക്രമത്തിൽ വന്നുപോരും. ഇതുകൊണ്ടായിരിക്കണം അവർ തമ്മിൽ അകന്നതു്.

മാലാ—ആരൊക്കെത്തമ്മിൽ അകന്നാലും നമുക്കൊക്കെ രുഗ്മിണീദേവിയുടെ കാല്പാടാണു് ശരണം.

കീഴ്ശാ—കന്യകയും കാമുകന്മാരായ രാജാക്കന്മാരും ഒരു നിരത്തിന്റെ രണ്ടുററത്തു പാർപ്പുറപ്പിച്ചതു നന്നായോ?

മേശാ—അഭിപ്രായഭേദംകൊണ്ടു് അനേകായിരം യോജന അകലെയാണു് ആ രണ്ടുകൂട്ടരും പാക്കുന്നതു്. വിശേഷിച്ച് അവയിൽ ഒന്നിൽ ശ്രീകൃഷ്ണനെ പാർപ്പിച്ചാലോ എന്ന ഭയവും ഇളമേച്ചിയ്ക്കു് ഉണ്ടാവാം....

മാലാ—ഭഗവാൻ എഴുന്നെള്ളിയാൽ അവിടുത്തെ ഏതു കൊട്ടാരത്തിലാണു് പാർപ്പിക്കാൻ പോകുന്നതെന്നു കേട്ടുവോ?

മേശാ—വിണ്ണവർ മുഴുവൻ പണിയും-
വണ്ണം താനേ വിളങ്ങിടുന്നവനാം
കണ്ണനു പാർപ്പതിനായ് മു-
കണ്ണൻതൻ മുന്നിലുള്ള ഗൃഹമാവാം.

മാലാ—കിഴക്കെ അററത്തുള്ള ആ മണിമന്ദിരത്തിലെ
വരാന്തയിൽ നിന്നാൽ നടയിൽ നടക്കുന്ന എല്ലാം
കോലാഹലങ്ങളും കാണാം—

ഗതിയാമവിടെക്കുരുളാ–
നതിവെത്താനിങ്ങൊഴിഞ്ഞു നല്കീടുകിൽ
മതിമുഖി ത്വൽക്കൺപാർക്ക–
ന്നതിനു വരുമ്പോളുജനത്തും കാണാം.

കീഴ്ശാ—ശ്രീകൃഷ്ണവിമുഖന്മാരായ ശിശുപാലാദികൾക്ക്
ഇത്രയും സൈന്യങ്ങളെ കിട്ടുന്നുവല്ലോ?

മേശാ—വൈരത്താൽ മോചിപ്പാൻ
പാരം ഭാഗ്യം വളന്ന ജീവികളെ
തരമൊട്ടു തങ്ങടെ സൈന്യോ–
ല്ക്കൂർമ്മതിലുണ്ടോ ലഭിക്കുമാറു വിഷമം.

ഇവിടുത്തെ പൌരന്മാരുടെ മനഃസ്ഥിതി കണ്ടാൽ ശ്രീ
കൃഷ്ണന്റെ പക്ഷത്തിലേ ആളുകളുള്ളൂ എന്നു തോന്നും
ഇല്ലേ? എന്നാൽ രുഗ്മിയുടെ സൈന്യത്തിൽ എത്രല
ക്ഷം ജനങ്ങളുണ്ടെന്ന ആലോചിച്ചുനോക്കു.

കീഴ്ശാ—

ഏവം നാനാസംഭാവത്തോടുമരുളീടുമീ–
മർത്ത്യജാലങ്ങളെല്ലാം
കൈവല്യത്തിൻ കവാടം ധൃതിയൊടുമധുനാ
മുട്ടിനില്ക്കുന്ന കാഴ്ച
ദൈവത്തിൻ മർത്ത്യഭാവം വിലസുമളവിലായ്
നമ്മളും ജാതരായി–
ട്ടാവുംവണ്ണം രസിച്ചിങ്ങിനെ മിഴിയുഗളം–
കൊണ്ടു കാണേണ്ടു ചിത്രം.

ക്രോധിച്ചാലും കാമിച്ചാലും സ്നേഹിച്ചാലും സദാചാരത്തിൽ മാത്രമായി വൎത്തിച്ചാലും കണ്ണനെക്കലൎത്തിയെങ്കിൽ അവനു മുക്തി തീൎച്ച എന്ന വൎത്തമാനം ഇത്രയും പൂരക്കം കൊല്ലങ്ങളെക്കൊണ്ടു കൊടുങ്കാററുപോലെ പരന്നതിലാണ് വല്ലവീവല്ലഭന്റെ വിജയം വെളിവായി വിലസുന്നത്. മററുള്ള അവതാരമൂൎത്തികൾക്ക് ഇത്രയും കനിവും കെല്പും ഉള്ളതായി ഇനിയും കീൎത്തി ലഭിച്ചു കഴിഞ്ഞിട്ടില്ല. എന്തോ അവിടുന്ന് ഇവിടെ എഴുന്നെള്ളുമ്പോഠം ഈ കോലാഹലത്തിന്നിടയിൽ എന്നെക്കടാക്ഷിപ്പാൻ വിസ്മരിക്കുമോ എന്നാണ് എന്റെ പേടി.

മേശാ—അതു പേടിക്കേണ്ട....സൎവ്വസാക്ഷി സൎവ്വാന്തൎയ്യാമി എന്നിങ്ങിനെ പല നിലയ്ക്കും ഓരോ ജീവനോടും അദ്വൈതമായിപ്പെരുമാറിക്കൊണ്ടിരിക്കുന്ന അവിടേയ്ക്കുണ്ടോ തിരക്ക്. പക്ഷേ, നാം ബഹുമാനിക്കുന്നവരായി വൎത്തിക്കണം എന്നേയുള്ളു.

കീഴ്ശാ—നമുക്ക് ഇങ്ങിനെ അന്യോന്യം സംസാരിക്കുവാനെങ്കിലും വകതിരിവു ലഭിച്ചുവല്ലോ. അതുകൊണ്ടുതന്നെ ഞാൻ കൃതാൎത്ഥനായി—

മേശാ—ദേവിയുടെ സന്ദേശവുംകൊണ്ടു പോയ ആ ബ്രഹ്മചാരി കുറെക്കൂടി ഇവിടെ പാൎത്താൽ ഇതിലും അധികം വകതിരിവു നമുക്കുണ്ടാവും. അദ്ദേഹം വന്ന കാലത്തു നാം എത്ര മൂഢന്മാരായിരുന്നു—

“തുലയാമലവേനാപി
ന സ്വൎഗ്ഗം നാപുനൎഭവം

ഭഗവൽസംഗിസംഗസ്യ
മർത്ത്യാനാം കിമുതാശിഷഃ"

എന്നുള്ളത് ഈ ബ്രഹ്മചാരിയെ സംബന്ധിച്ചേടത്തോളം നമുക്ക് അനുഭവമാണ്. ചെവിയോർത്ത് ഓ.... നാഗസ്വരവും വേണുഗാനവും കേൾക്കുന്നു. ദേവി തൃക്കൺ പാർക്കാൻ എഴുന്നള്ളിത്തുടങ്ങി. വിളക്കും മാലയും ശരിപ്പെടുത്തട്ടെ. (എന്ന് എല്ലാവരും പരിഭ്രമിച്ച് അങ്ങുമിങ്ങും ഓടുന്നു.)

കർട്ടൻ

## രംഗം 2.

(കിഴക്കേ നടയ്ക്കലെ തെക്കുഭാഗത്തുള്ള ഒരു കൊട്ടാരം. ചന്ദ്രിക പൊഴിഞ്ഞുംകൊണ്ടിരിക്കുന്ന ഒരു ഉദ്യാനത്തിൽ ജരാസന്ധനും, കർണ്ണനും, വികർണ്ണനും, ദുര്യോധനനും സരസസംഭാഷണം ചെയ്യുന്ന നിലയിൽ പ്രത്യക്ഷപ്പെടുന്നു)

ജരാസന്ധൻ— ഭീഷ്മർക്കും, ദ്രോണർക്കും, അച്ഛനും വിശേഷമൊന്നും ഇല്ലല്ലോ?

ദുര്യോധനൻ— ശാരീരികമായിട്ടാണ് അങ്ങയുടെ ചോദ്യമെങ്കിൽ വൃദ്ധന്മാരാണെങ്കിലും നമ്മേക്കാൾ അവർ തടിച്ചിരിക്കുന്നുണ്ട്.

ജരാസന്ധൻ— അനുജന്മാരിൽ വികർണ്ണൻ മാത്രമേ ഒന്നിച്ചു പോന്നിട്ടുള്ളു?

ദുര്യോ— ഞങ്ങൾ നൂറാളുള്ളതിൽ വേളിയോത്ത് ഇയാൾക്കേ തോന്നുകയുള്ളു. അതാണ് മററാരേയും ഒന്നിച്ചു കൊണ്ടുവരാഞ്ഞത്.

ജരാസ — (ഉറക്കെ ചിരിച്ചുംകൊണ്ട്) ഇവിടെ വെളിയോത്ത് ചൊല്ലേണ്ടിവരുമെന്നു തോന്നുന്നില്ല. ഞാൻ കേട്ടതു ശരിയാണെങ്കിൽ ദുശ്ശാസനനാണ് ഒന്നിച്ച് ഉണ്ടാവേണ്ടിയിരുന്നത്. (എല്ലാവരും ചിരിക്കുന്നു.)

ദുര്യോ — ഇവിടുന്ന് എന്താണ് കേട്ടത് —

ജരാസ — എന്തോ, ഇവിടെനിന്നും രുഗ്മിണിയുടെ സന്ദേശവുംകൊണ്ട് ഒരു ബ്രാഹ്മണൻ ദ്വാരകയിലേയ്ക്കു പോയിട്ടുണ്ടെന്നും മററും കേട്ടു. ആ കുരുത്തംകെട്ട കഥയിൽ വാസ്തവം എത്രത്തോളം ഉണ്ടെന്ന് ആർക്കറിയാം.

ദുര്യോ — രുഗ്മിണിയുടെ കരളിൽ കണ്ണൻ സ്ഥലം പിടിച്ചിട്ടുള്ളതായി ഞാനും കേട്ടു. ശിശുപാലന്റേയും രുഗ്മിയുടേയും നന്മയും മേന്മയും വിവരമുള്ളക്ക് ഈ കണ്ണന്റെ കയ്യേററം അസഹ്യമായിത്തോന്നും.

വികർണ്ണൻ — കണ്ണൻ കരളിൽ കയറുന്നതു വലിയൊരു ഭാഗ്യമാണെന്നും ചിലർക്കഭിപ്രായമുണ്ട്.

കർണ്ണൻ — ആർക്കെല്ലാമാണ് അങ്ങിനെ അഭിപ്രായമുള്ളത്?

വികർണ്ണൻ — ഒരു യോഗി കൃഷ്ണനോടു നേരിട്ട് അറിയിച്ചതായ ഈ ശ്ലോകം കേൾക്കുക —

മാരമാവസ മദീയമാനസേ
മാധവൈകനിലയേ യദൃച്ഛയാ
ഹേ രമാരമണ! വാസ്തുതാമസൌ
കസ്സഹേത നിജവേശ്മലംഘനം.

ജരാസ — (ദുര്യോധനനെ നോക്കി) അനുജൻ തരക്കേടില്ല-

ഉദ്ധോ—അവൻെറ ഹൃദയം നമ്മേപ്പോലെ പരിഷ്കരിച്ചു കഴിഞ്ഞിട്ടില്ല.

ജരാ—ഏതു നാട്ടിലും ഇത്തരക്കാരെക്കാണാം. 'തള്ളെ തച്ചാലും രണ്ടുപക്ഷം' എന്നില്ലേ? അതിരിക്കട്ടെ, രുഗ്മിണിയെച്ചിന്തിച്ച് ഊണും ഉറക്കവും ഇല്ലാതെയായിത്തീൎന്ന ശിശുപാലൻെറ മനോരഥം ഏതു പാതയിൽക്കൂടെ ഓടിച്ചാലാണ് എത്തേണ്ട ദിക്കിൽ എത്തുകയെന്നുള്ളതാണ് പ്രകൃതം—

ഉദ്ധോ—നാം എല്ലാവരും ഒന്നിച്ചു കൂടിയ സ്ഥിതിയ്ക്കു മുഹൂൎത്തമായാൽ അത് അങ്ങോട്ടു നടക്കും.

ജരാ—എൻെറയും പുറത്തേക്കു വിടുന്ന വാക്ക് ഇതുതന്നെയായിരിക്കും. ബലൻെറ ബലമായിപ്പരിചയമില്ലാത്ത ഒരാൾക്ക് ഇതു കേൾക്കുമ്പോൾ ശരിയാണ് എന്നു തോന്നും. കണ്ണനും വീരന്മാരുടെ കൂട്ടത്തിൽ എണ്ണേണ്ട ഒരാളാണ്. യവനൻെറ വൻപട അവൻ ഒററയ്ക്കാണ് മുടിച്ചത്. പ്രവൎഷണപൎവ്വതത്തിൽനിന്ന്, ചുവട്ടിലെല്ലാം തീയ്യു വെച്ചിട്ടും അവർ രക്ഷപ്പെട്ടു. ലജ്ജാവഹമായ ഒരുതരം കാരുണ്യവും അവരിൽ അനുജനുണ്ട്. പതിനേഴുവട്ടം ബലൻെറ ബന്ധനത്തിൽനിന്നും അവനാണ് എന്നെ മോചിപ്പിച്ചത്. കംസൻെറ ഭാൎയ്യമാർ (അതായത് എൻെറ പുത്രിമാർ) വിധവമാരായിത്തീൎന്നത് അവൻ നിമിത്തമാണ്. എന്നോർത്ത് മേൽപ്പറഞ്ഞ ചിതൽ പിടിച്ച നന്മകൾ വിസ്മരിച്ചു മരണംവരെ അവനോടു പോരാടാൻ ഉറച്ചുംകൊണ്ടു ഇരിക്കുകയാണ് ഞാൻ—

“കാരുണ്യമൊത്തൊട്ടു ചന്ദ്രശേഖരനിട-
യ്ക്കൊക്കെക്കടാക്ഷിയ്ക്കയാൽ
ചേരുംവണ്ണമിണങ്ങിനിന്നു ശിശുപാ-
ലൻതൊട്ടു നാമേവരും
പാരും നാകവുമൊന്നുപോലെ വഴിപോൽ-
പാലിച്ചുപോരുന്നൊളി
പേരുംകൊണ്ടു നടന്നിട്ടും പശുപജ-
നാരാം തുണയ്ക്കെത്തുവാൻ.”

എന്നോ എനിയ്ക്കൊരു സമാധാനമുള്ളു.

ദുര്യോ— ഇയ്യിടെ അക്രൂരൻ ഞങ്ങളുടെ സഭയിൽ വന്നു പാണ്ഡവന്മാരെ ദ്രോഹിച്ചാൽ അതൊരു മഹാപമാനമായിത്തീരുമെന്നു പറഞ്ഞ് അച്ഛനെ ഭയപ്പെടുത്തിപ്പോയിരിക്കുന്നു. ഇതാണ് കൃഷ്ണന്റെ സമ്പ്രദായം. പല പണ്ഡിതന്മാരും അയാളുടെ കീഴിൽ ഉണ്ട്. നരകം കൂടാതെ കഴിക്കേണമെങ്കിൽ അയാൾക്കു കൈക്കൂലി കൊടുക്കണം എന്നാണ് അവരുടെയെല്ലാം പ്രസംഗത്തിലെ സാരം. ഞങ്ങൾക്ക് മഹാപമാനപാപം പോകേണമെങ്കിൽ പകുതി രാജ്യം ഉപേക്ഷിക്കണം. എന്താ കണ്ണന്റെ പോക്ക് നന്നാവുന്നില്ലേ? ഭാഗ്യവശാൽ സ്വച്ഛന്ദമൃത്യുക്കളായ രണ്ടു പടനായകന്മാരെ എനിക്കു ലഭിച്ചിട്ടുണ്ട്. കാണാമല്ലോ ഞങ്ങളുടെ കോട്ട കണ്ണൻ പൊളിക്കുന്നത്. അയാൾക്ക് കീഴ്പ്പെട്ടു ജീവിക്കുക എന്നുള്ളതു ധയ്യ—

“ഭർത്താവായ് തിരമോടകന്ന സമയം
കുന്തിയ്ക്കുദിച്ചുള്ളൊരാ-
പ്പാർത്ഥന്മാർ ഗതികെട്ടു മട്ടി വഷളായ്
വാഴുന്നാളും കേട്ടഹോ

പാർത്തട്ടിൻമുടിയിൽ തനിച്ചു കയറി–
ത്താനേ ഞെളിഞ്ഞതങ്ങെഴും
ധൂർത്തൻതന്നടിയിൽ കുനിഞ്ഞു കരയും
വൃന്ദാവനം പാഴിലായ്."

അങ്ങിനെ ഹസ്തിനാപുരംകൂടി പാഴാക്കാൻ ഞാൻ വിചാരിക്കുന്നില്ല—

ജരാ—എന്താ വികർണ്ണനു ഞങ്ങളുടെ വെടി പിടിക്കുന്നില്ലേ?

വികർണ്ണൻ—ഹിരണ്യകശിപു സംസാരിച്ചതായി പുരാണങ്ങളിലുള്ളതുംകൂടി ഞാൻ വായിക്കാറുണ്ട്.

കർണ്ണൻ—അപ്പോൾ നരസിംഹമായതും കൃഷ്ണനാണെന്നാണോ വികർണ്ണന്റെ അഭിപ്രായം? അല്ലെങ്കിൽ അയാൾക്കെതിരായ വർത്തമാനം കേട്ടിട്ടുണ്ട് എന്നതിനാലല്ല ഹിരണ്യകശിപുവിന്റെ വാക്കുകൾ ഉദാഹരിപ്പാൻ പാടുണ്ടോ?

വികർണ്ണ—അങ്ങിനെയാണ് വിശ്വസിക്കുന്നത്. അതിനാലാണ് അവ ഉദാഹരിച്ചതും.

ജരാ—അതിന്നും പ്രമാണമുണ്ടോ?

വികർണ്ണൻ—ഉണ്ട്, കേട്ടോളൂ—

"വേദാനുദ്ധരതേ ജഗന്തി വഹതേ
ഭൂഗോളമുദ്ബിഭ്രതേ
ദൈത്യം ദാരയതേ ബലിം ഛലയതേ
ക്ഷത്രക്ഷയം കുർവ്വതേ
പൌലസ്ത്യം ജയതേ ഹലം കലയതേ
കാരുണ്യമാതന്വതേ
മ്ലേച്ഛാൻ മൂർച്ഛയതേ ദശാകൃതികൃതേ
കൃഷ്ണായ തുഭ്യം നമഃ."

ജരാ—വികൎണ്ണൻ അയാളുടെ ഇഷ്ടംപോലെ സംസാരിക്കട്ടെ.

ദ്രോ—അഭിപ്രായത്തിന്റെയും വാക്കിന്റെയും മീതെ ഞാൻ കൈവെയ്ക്കാറില്ല. അത് വികൎണ്ണനു നല്ലവണ്ണമറിയാം.

ജരാ—ശിശുപാലനു രുഗ്മിണിയെ കൈവശപ്പെടുത്തിക്കൊടുക്കുക എന്ന വ്യാജേന നമുക്കു രാഷ്ട്രീയമായി വലിയ വലിയ കാൎയ്യങ്ങൾ നേടാനുണ്ട്. രാമനും കൃഷ്ണനും ഉള്ളപ്പോൾ നമ്മുടെ സ്വേച്ഛാപ്രഭുത്വം നടക്കില്ല. അതുകൊണ്ട് അവരെ കൊല്ലണം.

ദ്രോ—ബലന്റെ കാൎയ്യത്തിൽ എനിക്കു ശാഠ്യമില്ല. അനുജന്റെ ഹിംസയിൽ എനിക്കും വാശിയുണ്ട്.

ജരാ—മധുരയിൽവെച്ചു പത്തുപതിനേഴുതവണ ഞാൻ തോറ്റത് സൈന്യബലം പോരാഞ്ഞിട്ടാണ്. അന്നത്തേക്കാൾ സഹസ്രം മടങ്ങ് ഇരട്ടിച്ച സൈന്യങ്ങളെ ഇപ്പോൾ കുണ്ഡിനത്തിൽ നാമെല്ലാവരുംകൂടി കൊണ്ടുവന്നിട്ടുണ്ട്. ഇത്തവണ ജയിക്കും.

കൎണ്ണൻ—അയാൾ രുഗ്മിണിയാൽ കൈവെയ്ക്കാൻ ഭാവമില്ലെങ്കിലോ?

ജരാ—എന്നാൽ വിജയം മറെറാരവസരത്തിലേയ്ക്കു നീട്ടിവെയ്ക്കാനേ നിവൃത്തിയുള്ളു. അതല്ല ഞാൻ ഇടയ്ക്കിടയ്ക്കു നിരൂപിയ്ക്കുകയാണ്, കൃഷ്ണൻ തനിച്ചു വന്നാലോ എന്നു—

സുരഭിൽ സരസം കണ്ടും
കരളും നേരിട്ടണച്ചു രാവുപകൽ

വെറുതെപ്പോക്കം ബലനും
വരണമതാണിഷ്ടമിങ്ങെനിക്കധികം.

എന്തുകൊണ്ട് എന്നല്ലേ?

കൊണ്ടാടേണ്ടവരെത്തിരിച്ചറിയുവാൻ
കെല്പുള്ള രുഗ്മിക്കെഴും
തണ്ടാർമാതൊടെതിർത്ത സോദരി വെറും
കണ്ണന്റെ പെണ്ണാവുകിൽ
ഉണ്ടാവാനിടയുള്ള യുദ്ധമധികം
നന്മക്കു കൺവെച്ചുടൻ
തിണ്ടാട്ടം യദുതൻ കുലത്തെ മുഴുവൻ
കൊന്നീട്ടുമൊന്നിച്ചുതാൻ.

അയാളുംകൂടി ഇവിടെ വന്ന് കണ്ണനോടൊന്നിച്ചു തുലയാഞ്ഞാൽ യദുവംശം മുഴുവൻ നശിച്ചുമട്ടാവില്ല.

വികണ്ഠ — രുഗ്മിണീകല്യാണത്തെക്കുറിച്ച് എനിക്കുള്ള അഭിപ്രായം കേൾപ്പിച്ചാൽ താ കേക്കേണ്ടോ?

ജരാ — ഒരു തരക്കേടുമില്ല. പക്ഷേ, കണ്ണൻ വേട്ടുകൊള്ളട്ടെ; എന്തിനാണ് അതു വയ്യെന്നുള്ളതിൽ ഇത്ര വാശി? എന്നൊന്നും പറഞ്ഞിട്ടാവശ്യമില്ല. ഈ വസ്തുത കാലേക്കൂട്ടി വികണ്ഠൻ ധരിക്കണം എന്നേ ഉള്ളൂ—

വിക — രക്തപ്രളയത്തിൽ ആണ്ട് ശ്വാസംമുട്ടി കല്യാണം മുടങ്ങാതെ കഴിപ്പാനും, കന്യകയെ ശിശുപാലനു ലഭിപ്പാനും നല്ലതാണെന്നു തോന്നിയ ഒരു വഴി ഞാൻ ചൂണ്ടിക്കാണിക്കാം. കേൾക്കൂ—

ഇന്നൊത്തീല മുകുന്ദനെങ്കിലവളെ-
തേരിൽക്കയററി ദ്രുതം
തന്നത്താൻ ശിശുപാലനാത്മസദനം
പൂകട്ടെ വേളിക്രിയ

പിന്നെച്ചെയ്യുകിലും മറിച്ചു പറവാ-
നെന്തുള്ളു നമ്മൾക്കതോം
നന്നായ്ത്തിരുക തല്ലു കിട്ടി മുത്തു പോ-
മല്ലാസ്ഥിലെന്നായ്വരും!!

ജരാ—യാദവന്മാർ യുദ്ധത്തിൽ ധർമ്മം പാലിക്കാതെയായിട്ടില്ല. അതുകൊണ്ട് വികർണ്ണൻ അതിൽ പങ്കുകൊള്ളാതെനിന്നാൽ തല്ലുകൊള്ളാതെ കഴിക്കാം.

(അനന്തരം ഋഷി പ്രവേശിക്കുന്നു.)

ഋഷി—(വികർണ്ണനെ നോക്കി) കാര്യവശാൽ ഉറക്കമൊഴിക്കുന്ന ഇവരോടൊന്നിച്ചു വികർണ്ണനും കൂടിയിരിക്കുകയാണ് അല്ലേ?

വികർണ്ണ—മധുരവും സുഗന്ധവും പൊന്നിലില്ലെന്നു ധരിച്ചിട്ടില്ലാത്ത ഈ ഈച്ച അജ്ഞരുക്കുന്നേടത്തു വെറുതെ ഇരുന്നുപോയി (എന്നു പോകുന്നു.)

ജരാ—ഋഷി, ഈ നട്ടപ്പാതിരയ്ക്ക് ഇങ്ങോട്ടിറങ്ങിയതെന്തേ?

ഋഷി—ചില സംഗതികൾ അറിയിപ്പാനുണ്ട്. അതിന്നാണ് ഈ സമയത്തു ഞാൻ വന്നത്. കേൾക്കു. രുഗ്മിണിയുടെ ചികിത്സയ്ക്കു നിവൃത്തിയിരുന്ന ഒരു ബ്രാഹ്മണൻ എന്നെ അറിയിക്കാതെ ദ്വാരകയിൽ പോയി കൃഷ്ണനെ കൂട്ടിക്കൊണ്ടുവന്നു. ആ വർത്തമാനം ഒരു ചാരൻ എന്നെ അറിയിച്ചു. വേഷം മാറി ആ സ്ഥലത്തേയ്ക്കു ഞാൻ ചെന്ന് ഇങ്ങോട്ടു കാണാത്ത ഒരു സ്ഥലത്തുനിന്നു. അച്ഛനോടാണെന്നു തോന്നുന്നു "എന്റെ കാര്യം അറിയിച്ചേയ്ക്കൂ" എന്നു പറഞ്ഞു കണ്ണൻ ബ്രാഹ്മണനെ വിടാൻ ശ്രമിക്കുമ്പോഴേയ്ക്കും ബലരാമനും വ

ലിയ ഒരു സൈന്യവും സ്ഥലത്തെത്തി. കൃഷ്ണൻ അറിയിക്കാതെ പോന്നതാണെന്നും തന്നിമിത്തം താൻ വല്ലാതെ പരിഭ്രമിച്ചുവെന്നും രാമന്റെ അനുജനോടുള്ള സംഭാഷണത്തിൽനിന്നും എനിക്കു മനസ്സിലായി. എതിരേല്പാനുള്ള സന്നദ്ധതയോടുകൂടി പെട്ടന്നു് അച്ഛൻ വരുന്നതുകണ്ടു. ഒരു തറവാടിയ്ക്കു് ചേർന്നതാണു് അതെന്നുവെച്ചു് ഞാൻ ചാടിച്ചെന്നു് അതിന്നു വിഘ്നമായി നിന്നില്ല. സുസ്മേരവദനനായി സൂനൃതവചനങ്ങളെക്കൊണ്ടു് അച്ഛൻ അവരെ തൃപ്തിപ്പെടുത്തി. ഈ നടയിലെ കിഴക്കേ അററത്തുള്ള കൊട്ടാരത്തിൽ അനുഗന്മാരോടും സൈന്യങ്ങളോടുംകൂടി പാർപ്പിച്ചു തിരിച്ചുപോയി. അനന്തരം തിരിച്ചറിയാൻ സാധിക്കാത്ത വേഷത്തിൽ ഞാൻ അവിടെത്തന്നെ നിന്നു. കണ്ണാകർണ്ണികയായ ഈ വർത്തമാനം കേട്ടു വലിയ ഒരു ജനക്കൂട്ടം ആ സ്ഥലത്തെത്തി. അവരിൽ പുരുഷന്മാർ—

“കിഞ്ചിൽ സുചരിതം യന്ന-
സ്തേന തുഷ്ടസ്സ ലോകകൃൽ
അനുഗൃഹ്ണാതു ഗൃഹ്ണാതു
വൈദർഭ്യാഃ പാണിമച്യുതഃ”

എന്നു് ആർത്തുവിളിച്ചുംകൊണ്ടു് അർത്ഥിച്ചു.

ജരാ—സ്വന്തംവീട്ടിലെ പെൺകുട്ടികളുടെ കാര്യം അവരാരും കണ്ണനോടറിയിച്ചില്ല ഉവ്വോ?

ഋഷി—കേൾക്കു—മനുഷ്യസ്വഭാവം ലേശം നിഴലിക്കുന്നതാണു് ആണുങ്ങളുടെ ആ അഭിലാഷം. ഏററവും നിഷ്ഫലമായി തോന്നിയതു് സ്ത്രീകളുടെ ഗോഷ്ഠിയാണു്. അവർക്കു കൃഷ്ണനോടുള്ള ബഹുമാനം അവരുടെ ഭിന്ന

ചര്യകളിലാണ്, ആ ദിനചര്യകൾ കാണുകയോ നേരിട്ടനുഭവിക്കുകയോ ഒന്നും വേണ്ട; വല്ല തിര്യക്കുകളും അങ്ങു പാടികേൾപ്പിച്ചാൽ മതി.

ജരാസ—അതെങ്ങിനെ മനസ്സിലാക്കി?

ഋഷി—കണ്ണൻ താമസിക്കുന്ന മന്ദിരത്തിന്റെ മുററത്തു വെച്ച് പെണ്ണുങ്ങളെല്ലാം കൂടി ഒരു കൈകൊട്ടിക്കളി നടത്തി. അതിനുപയോഗിച്ചിരുന്ന ഗാനത്തിൽനിന്നാണ് തത്തമ്മപ്പാട്ടാണ് അവൾക്ക് പരമപുരുഷാർത്ഥമെന്നു ധരിച്ചത്.

ജരാ—കാലം പോയപോക്ക്! ഭാരതം ഇത്രയും അധഃപതിച്ചുവോ? കണ്ണനെപ്പാടുവാൻ തത്തമ്മയോട്ട് ഏല്പിക്കുന്നതിന്ന് അവരാൾ താമസിക്കുന്ന സ്ഥലത്തുചെന്നതെന്തിന്? വല്ല മുളക്കൂട്ടത്തിലുമല്ലേ ചെല്ലേണ്ടിയിരുന്നതു്?

ഋഷി—(ചിരിച്ചുംകൊണ്ടു) തത്തമ്മയോടു പറയുന്ന എന്നുള്ളതല്ല അതിലെ ഏററവും വലിയ ജാതിത്തം. കണ്ണനെ കണക്കിലധികം വാഴ്ത്തിയതിനുശേഷമാണ് ആ ശുകതരുണിയോട് അയാളെപ്പററിപ്പാടാൻ പറയുന്നതു് എന്നതാണ്.

ജരാ—മനുഷ്യജന്മം പാടേ തുലയ്ക്കുന്ന ഒന്നാണ് കൃഷ്ണചരിതം.

ജരാ—എന്തായാലും കന്യാഹരണത്തിന്ന് കൃഷ്ണൻ കോപ്പു കൂട്ടുന്നില്ലെങ്കിൽ എല്ലാം ക്ഷമിക്കാം.

ഋഷി—എനിക്കു തിരക്കുണ്ട്. (എന്നുപോകുന്നു.)

കർട്ടൻ.

## രംഗം 3

(സ്ഥലം രുഗ്മിണീമന്ദിരം ശരീരകാന്തിയും മണിപ്രകരപ്രകാശവും പരസ്പരം അലതല്ലാൻപോകുന്ന വരാന്തയിൽ രുഗ്മിണീദേവി പ്രവേശിക്കുന്നു.)

രുഗ്മിണി—(ഒരു കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്ന് അടി മുതൽ മുടിവരെ തന്റെ ശരീരം വീണ്ടും വീണ്ടും നോക്കി)

അന്നന്നു ഭീഷ്മകനൃപൻ തപമാർന്നുദിച്ചോ-
രെന്നംഗമാം മധു പൊഴിച്ചൊരു കല്പവല്ലി
ഉന്നിദ്രമച്യുതസുഭൃംഗവിനോടിണങ്ങി
മിന്നുന്ന കാഴ്ച മമ കാണ്മതിന്നില്ല ഭാഗ്യം.

(എന്നു ദീർഘശ്വാസത്തോടെ വീഴുന്നു.)

(ക്ഷേത്രത്തിൽ മണി രണ്ടടിക്കുന്നു. നാലു കോട്ടവാതിലുകളിലും പ്രഭാതഭേരി മുഴങ്ങിത്തുടങ്ങുന്നു. അല്ലലേററവരെ സാന്ത്വനം ചെയ്യുന്നതിനു കെൽപ്പുള്ള വേണുഗാനവും നാഗസ്വരവും അമ്പലത്തിൽനിന്നും അഹമഹമികയാ പുറത്തേയ്ക്കു പ്രവഹിക്കുന്നു. ദേവി ഞെട്ടിയെഴുന്നേററു നിരത്തിലേയ്ക്കും മുററത്തേയ്ക്കും സുനീലകടാക്ഷങ്ങളെക്കൊണ്ടു സൂക്ഷിച്ചു നോക്കുന്നു. നിരാശയോടെ നിശ്വസിച്ചു വരാന്ത വിട്ടു കൊഞ്ചുന്ന പൊഞ്ചിലമ്പിൽ ശ്രദ്ധ പതിപ്പിക്കാതെ, വീഴ്ചയിൽ അഴിഞ്ഞു വീണ കാഞ്ചികലാപം എടുത്തണിയാതെ, കേശപാശമൊതുക്കാതെ, കണ്ണുനീരിൽ കലർന്നു കവിൾത്തടമലങ്കരിച്ചിരിക്കുന്ന അഞ്ജനം മാർജ്ജനം ചെയ്യാതെ [illegible]

ചരണകഞ്ജം ചാർത്തിച്ചാർത്തി കമലാസനന്റെ ചിത്രം തൂക്കിയ സ്ഥലത്തു ചെന്നുനിന്നു് അതു നോക്കി ചൂണ്ടുവിരൽ മൂക്കത്തു വെച്ചു തേങ്ങിത്തേങ്ങിക്കരയുന്നു)

രുഗ്മിണി — (കരയുന്നതിന്നിടക്കു്)

ധാതാവിങ്ങിവൾ ചെയ്തതാം സകലവും
താനേ പൊറുത്തെപ്പൊഴും
ഭ്രാതാവിൻ പിടിയിൽക്കിടന്നു വലയാ-
നായ്ത്തീർന്നൊരെന്നെ ക്ഷണം
സീതാദേവിയെ രാമനായതുവിധം
ശ്രീകൃഷ്ണനായ്ച്ചേരുവാൻ
വീതാശങ്കമനുഗ്രഹിക്കണമക-
ക്കാമ്പിൽക്കനിഞ്ഞങ്ങിനെ.

(എന്നു നമസ്കരിക്കുന്നു. വീണ്ടും വരാന്തയിൽ ചെന്നു പുറത്തേക്കു നോക്കിത്തിരിച്ചുവന്നു്) സർവ്വവ്യാപിയായ ഈശ്വരന്നു ബ്രഹ്മാദിവ്യക്തികളിലെന്നപോലെ എന്നിലും ചിത്രങ്ങളിലും സാന്നിദ്ധ്യമുണ്ടു്. അവസരം വരമ്പോൾ ആശ്രിതന്മാരെ ആശ്വസിപ്പിക്കുന്നതിന്നുള്ള അലിവും അവസ്ഥയും ഈ വേഷത്തിലും അദ്ദേഹത്തിന്നുണ്ടു് പക്ഷേ പഞ്ചീകരണം കഴിയാത്ത ഭൂതങ്ങളിൽ നിന്നും വെള്ളമോ കാറ്റോ നേടുവാൻ ശ്രമിക്കുന്നതുപോലെയാണു് ആ അലിവും അവസ്ഥയും അനുഭവപ്പെടുത്തുവാൻ ശ്രമിക്കുന്നവന്റെ നില. ഹിരണ്യകശിപുവായിരുന്നു ഞാൻ എങ്കിൽ വിളികൊണ്ടു വിധാതാവു വേഗം വെളിപ്പെട്ടുമായിരുന്നു. വത്സസ്തേയം തന്നെ സ്വല്പം വഷളാക്കിയതുകൊണ്ടു കാർവർണ്ണനെ അനുസരിക്കുന്നവരോടു കറ കലരാത്തതായ കാഠിന്യം കാണിച്ചു തുടങ്ങിയി

രിക്കുന്നു. കമലാസനൻ (തിരിഞ്ഞുനിന്നു ശിവന്റെ ചിത്രം നോക്കി).

പക്ഷ്മാപക്ഷ്മമകന്നു തൽക്ഷണമലി-
ഞ്ഞാദരകടാക്ഷിച്ചിട്ടും
സാക്ഷാൽ ശങ്കരനെന്തിനാം കനിയുവാൻ
ഭാവിച്ചിടാത്തിങ്ങിനെ
അക്ഷവ്രാതമളിഞ്ഞ ദുർവ്വിഷയമ-
ണ്ടയ്യോ ദൂഷിപ്പിക്കവേ-
നിക്ഷേപാണീശരിലോകനാഥിവളെയി-
ന്നേകാൻ ശ്രമിക്കുന്നതും.

(സ്വല്പനേരം മൌനിയായിത്തീർന്നിട്ട്) ക്ഷീ പ്രപ്രന്ദാമിയും ഒന്നും മിണ്ടുന്നില്ല....(എന്നു പറഞ്ഞു് എല്ലാംകൊണ്ടും ഇന്ദ്രാണിമന്ദിരത്തെ നിന്ദിക്കുന്ന ആ മാളികയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നു. തന്റെ കൈകൊണ്ടു വരച്ച കണ്ണന്റെ ചിത്രം കയ്യിലെടുത്തു)—

കാറണിവർണ്ണ! സരസിജലോചന!
മാറണിമങ്കതൻ തങ്കമേ സുന്ദര!
കൂറോടെഴുമെന്റെ കണ്ണനെയെന്നു ഞാൻ
മാറോടണച്ചിട്ടും മാരന്റെ താതനെ
കാറണിവർണ്ണ........................

(എന്നു പാടി അറിയാതെ കുഴഞ്ഞു് ഒരു മഞ്ചത്തിന്മേൽ ചാരിയിരിക്കുന്നു. തന്നെത്താൻ കുറെ വീശിയതിനുശേഷം ഒരു മണിപ്പെട്ടി തുറന്നു കുറെ വൈരക്കല്ലുകൾ എടുത്തു കണ്ണീരുകൊണ്ടു കഴുകി അതടച്ചു വെയ്ക്കുന്നു. ഭൂതാവേശം ഉള്ളവരെപ്പോലെ വിറച്ചുംകൊണ്ടു പാർവ്വതിയുടെ ചിത്രത്തെ നോക്കി).

മക്കളെ നിജബാല്യത്തിങ്കലേ തെറ്റിപ്പിച്ചാൾ
ഫലമെന്തുവതിന്നാലെന്നതാനുള്ളിലോർത്താൻ
വലഞ്ഞു പതിവില്ലന്നുള്ളതാം ചൊല്ലിലിപ്പോൾ.

ചില പതിവ്രതകൾ കഷ്ടം കാൺമു ഞാൻ ഭാഗ്യദോഷാൽ എങ്കിലും ജനദംപതികളെ അപമാനിക്കുന്ന ആ വർത്തമാനം ഞാൻ പുറത്തു വിടുകയില്ല (വീണ്ടും പെട്ടി തുറന്ന് ഒരു വെറും കല്ലു കയ്യിലെടുത്തു മാത്രമാണെങ്കിലും കണ്ണനെന്നുതന്നെ സങ്കല്പിച്ച് അതിന്റെ കാല്ക്കൽ പതിച്ച്)

കണ്ണനിങ്ങില്ല കാവിവെന്നു പറഞ്ഞിവെച്ചോ-
രെണ്ണമേറ്റിയ നൃപർ വാണൊരു കുണ്ഡിനത്തിൽ
പെണ്ണായ് ജനിച്ചു വരസുന്ദരകണ്ഠമോതി-
പൂണ്ടാളി നാവു ഫലമെന്തു മഹികളേയായ് ഞാൻ.

(പൂന്നു ഭാഗ്ഗ വീഴുന്നു. ഏഴുന്നേറ്റു കരഞ്ഞും കൊണ്ടു ജനലിൽക്കൂടി പുറത്തു തുടങ്ങിയ ഉദയാദ്രിയിലേക്കു നോക്കിക്കൊണ്ടു)

ചൊല്ലാളുന്നോരു ലക്ഷ്മീവരചരണസുമം
പൂട്ടുവാനാശ വാച്ചും
നല്ലോർ കൂപ്പുന്ന ദുർഗ്ഗ ഭഗവതിയുടെ തൃ-
ക്കാലു ഭക്ത്യാ ഭജിച്ചും
സോല്ലാസം നാൾ കഴിച്ചോരിവൾ വിവശതയാൽ
പാഴ്പ്പോകയെന്ന വാക്കി-
ലെല്ലാമേ തമ്മിലോതിക്കരയുവതു മുദി-
ക്കുന്ന ബാലാർക്കനേ പാർക്ക.

(ആത്മഗതം) തന്നിൽ വൈരമുള്ളവരിൽനിന്നും അകററി നിർത്താനതിൽ പരിഭവിച്ച രുഗ്മിണി വൈരം തീർന്നു ചത്തു പോയ ശ്രീകൃഷ്ണൻ കേൾക്കട്ടെ. 'ശതജന്മഭിഃ

സ്യാൽ' എന്നതുകൊണ്ടു് അതു സൂചിപ്പിക്കാത്തതൊന്നുമല്ല—കല്പിച്ചുകൂട്ടി അമാന്തിക്കുകയല്ലേ— വിശേഷിച്ചു 'ബ്രാഹ്മണ്യംകൊണ്ടു കന്തിച്ചു കന്തിച്ചു' ബ്രഹ്മാവും തനിശ്ലൊക്കാതെ നടക്കുന്ന എൻെറ സന്ദേശവാഹകൻ ഇനിയൊരു ജന്മത്തിൽ ഇങ്ങിനെ അമാന്തിക്കാതെ ഇരിക്കട്ടെ. (കുറെ നേരം ഒന്നും മിണ്ടാതെ ഏതുമനങ്ങാതെ എല്ലാം വെറുത്തതുപോലെ നിന്നു്.)

ഇതെന്തൊരത്ഭുതമാണു്—

'വിവൃണ്വതേവ കല്യാണ-
മാന്തരങ്ഗേണ ചക്ഷുഷാ
സ്ഫുരതാ വാമകേനാപി
ദാക്ഷിണ്യമവലംബ്യതേ.'

കണ്ണു മാത്രമല്ല ഇടത്തെത്തുടയും കയ്യും തുടിക്കുന്നു. ആ കല്ലു വിഴുങ്ങിയിട്ടൊട്ടു ചാവുന്നുമില്ല.

അരിർമ്മിത്രം വിഷം പത്ഥ്യ-
മധർമ്മോ ധർമ്മ ഏവ ച
അനുകൂലേ ജഗന്നാഥേ
വിപരീതേ വിപര്യയഃ.

എന്ന നിയമം കണ്ണൻ എന്നിൽ പ്രയോഗിച്ചു എന്നാണു് തോന്നുന്നതു്—(വരാന്തയിൽ പ്രവേശിച്ച സഖിയുടെ കാൽപ്പെരുമാററം കേട്ടിട്ടു്).

രുഗ്മിണി—(പ്രകാശം) ആരാണതു്?

സഖി—ഞാനാണു്.

രുഗ്മിണി—വിശേഷിച്ചു്?

സഖി—ബ്രാഹ്മണൻ പുറത്തു വന്നു നില്ക്കുന്നുണ്ടു്.

രുഗ്മിണി—ഏതു ബ്രാഹ്മണൻ?

സഖി—സന്ദേശം കൊണ്ടുപോയ ബ്രാഹ്മണൻ.

രുഗ്മിണി—അദ്ദേഹം തനിച്ചേ ഉള്ളൂ?

സഖി: അതെ.

രുഗ്മിണി—ഇപ്പോൾത്തന്നെ കാണേണമെന്നു നിർബ്ബന്ധമുണ്ടോ?

സഖി—ചോദിച്ചുവരാം (എന്നു പോയി തിരിച്ചുവന്നിട്ട്) അദ്ദേഹം തനിച്ചേ ഉള്ളൂ. ഇപ്പോൾത്തന്നെ കണ്ടാൽ കൊള്ളാം എന്നാണ് പറഞ്ഞത്.

രുഗ്മിണി—(ആത്മഗതം) അവസരം തെററിച്ചു കാര്യം സാധിച്ചിട്ടില്ലെന്നറിയിക്കുന്നവർക്ക് അങ്ങിനെ സാധിക്കാതെ വന്നതിലും വളരെ വളരെ മേനി പറഞ്ഞു കേൾപ്പിക്കുവാനുണ്ടാകും. ആശാവല്ലിയെ നിർഭാഗ്യം ആഞ്ഞു വെട്ടുക നിമിത്തം ശൂന്യഹൃദയയായ എനിക്ക് ആ മേനി മൂളിക്കേൾപ്പാൻ വയ്യ. (കുറച്ചു ആലോചിച്ച്) അങ്ങിനെയല്ല. കൃഷ്ണനെപ്പററി എന്തെങ്കിലും സംസാരിക്കുമ്പോൾ ആനന്ദാശ്രു പൊഴിയാതെ ആ ബ്രാഹ്മണന്റെ മുഖം ഞാൻ പാർത്തിട്ടില്ല.) ഇവിടെ രാജശാസന തീരെ വിപരീതമായിരിക്കെ അതിനെ ഗണിക്കാതെ അദ്ദേഹം ഔദ്ധത്യം വഹിച്ചതും ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്. എന്റെ വാമഭാഗങ്ങൾ ഇടമുറിയാതെ തുടിച്ചുകൊണ്ടിരിക്കുന്നു.

പീലിച്ചാർത്തും കുറുനിരകളും ഗോപിയും നീണ്ട കണ്ണും
കാലിക്കൂട്ടം പരിചൊടു തെളിക്കുന്ന കോലും പദത്തിൽ
മേളിച്ചാടും തളകളുമെഴും കോലമെന്നുള്ളിലേവം
ചേലിൽ കാണുന്നതുമരുളിടുന്നുണ്ടു മൽക്കാര്യസിദ്ധി.

എല്ലാംകൊണ്ടും അദ്ദേഹത്തെ വിളിച്ചു രണ്ടുവാക്ക

സംസാരിച്ച് ഈ നിരാശാഗർത്തത്തിൽ എന്നെന്നേയ്ക്കുമായി ആഴ്ത്താം എന്നോ? അബലയായ എനിക്ക് ഉറങ്ങുവാൻ സാധിക്കുന്നുള്ള (പ്രകാശം) എന്നാൽ അർദ്ധരാത്രത്തെ വിളിക്കൂ (എന്നു കേട്ടു സഖി പോകുന്നു. ബ്രാഹ്മണൻ പ്രവേശിക്കുന്നു)

രുഗ്മിണി— (ബ്രാഹ്മണനെ കണ്ടതിനുശേഷം ആത്മഗതം) ജ്യോതിശ്ശാസ്ത്രം ശരിയാണെങ്കിൽ ഇദ്ദേഹം നില്ക്കുന്ന രാശികൊണ്ടു വിചാരിച്ചതിലും അധികം ഫലസിദ്ധി ഊഹിക്കേണ്ടിയിരിക്കുന്നു. പെട്ടെന്നുണ്ടായ പ്രളയജലത്തിൽ എന്നപോലെ ആനന്ദകല്ലോലങ്ങളിൽ എന്റെ അകക്കാമ്പ് ആണ്ടുപോകുന്നു.

“പരിപാലയ നഃ കൃപാലയേ-
ത്യസകൃൽ ജല്പിതമാത്മബാന്ധവഃ
മുരളീമൃദുളസ്വനാന്തരേ
വിഭുരാകർണ്ണയതാം കദാ നു നഃ”

എന്നുള്ള മനോരാജ്യം അരുണോദയത്തിലെ ഇരുളെന്നപോലെ എന്റെ കരളിൽനിന്നും മെല്ലെമെല്ലെ അകലുന്നു. (ചന്ദ്രികയെ നിന്ദിക്കുന്ന മന്ദഹാസം തൂകിക്കൊണ്ട്—പ്രകാശം) ആ വിശ്വഭാഗ്യത്തെ വീക്ഷിക്കുവാൻ സാധിച്ചുവോ?

ബ്രാഹ്മണൻ— അവിടുത്തെ അനുഗ്രഹത്തോടുകൂടി ഒരു കാര്യത്തിന്നു പുറപ്പെട്ടാൽ അപകടം പിണയില്ലല്ലോ. നല്ല ഉറപ്പോടുകൂടി മററങ്ങും തങ്ങാതെ തിരുമുമ്പിൽ ചെന്നു വിവരമെല്ലാമറിയിച്ചു. ആ കരുണാനിധി ‘താൻ പോയ്ക്കോളൂ. ഞാൻ വന്നോളാം’ എന്നുകൂടി അരുളിച്ചെയ്യാതെ ഭവതിയുടെ പേരു ശ്രവിച്ചതിന്നു മാത്രം ഇത്തോടു എഴുന്നള്ളി.

രുഗ്മിണി—ഇപ്പോൾ എവിടെ?

ബ്രാഹ്മണൻ—ഈനാട്ടിലെ കിഴക്കെ അററത്തുള്ള കനക
കൊട്ടാരത്തിൽ തിളങ്ങിക്കൊണ്ടിരിക്കുന്നു.

രുഗ്മിണി—ആരാണ് അവിടെ പാപ്പിച്ചത്?

ബ്രാഹ്മണൻ—അവിടുത്തെ പിതാവുതന്നെ.

രുഗ്മിണി—സന്ദേശം കേട്ടിട്ടെന്തരുളിച്ചെയ്തു?

ബ്രാഹ്മ—'താമാനയിഷ്യ ഉന്മഥ്യ രാജന്യാപസദാൻ മൃധേ
മൽപരാമനവദ്യാംഗീമേധഃ സാഗ്നിശിഖാമിവ'

എന്നാണ് സന്ദേശം കേട്ടഉടനെ അവിടുന്നരുളിച്ചെയ്തതു്. അതിൽ കേട്ടപോലെ കാര്യം നടത്തും എന്നുള്ളതിലേക്കു് അപ്പോൾ തൃക്കണ്ണിൽ പൊടിഞ്ഞിരുന്ന അശ്രുബിന്ദുക്കൾ അധികം പ്രമാണമായിരുന്നു.

രുഗ്മിണി—തിരിച്ചേ എഴുന്നെള്ളിയിട്ടുള്ളൂ?

ബ്രാഹ്മണ—ആദ്യം അങ്ങിനെയായിരുന്നു. പിന്നീട്—

ഉലകിന്നു പതിയിപ്പുരിയിൽ
കലവറക്കൂടാതെ കാലണച്ചളവിൽ.
ബലനും യാദവബലവും
കലഹം ശങ്കിച്ചുകൂടിനാരജനായ്

രുഗ്മിണി—ഇതിനുമുമ്പെ അദ്ദേഹത്തെ വീക്ഷിച്ചിട്ടുണ്ടോ?

ബ്രാഹ്മണൻ—ഇല്ല.......

രുഗ്മിണി—അപ്പോൾ ഇതാദ്യം കാണുകയാണ് അല്ലേ?

ബ്രാഹ്മ—അതെ.—

ചാപല്യസീമ ചപലാനുഭവൈകസീമ;
ചാതുര്യസീമ, ചതുരാനനശില്പസീമ,
സൌരഭ്യസീമ, സകലാത്ഭുതകേളിസീമ,
സൌഭാഗ്യസീമ, തദിദം വ്രജഭാഗ്യസീമ.

എന്നാണ് എനിക്കു തോന്നിയത്—

രുഗ്മിണി—വരന്റെ ഗൃഹത്തിൽ ചെന്നാൽ പെരുമാറേണ്ട രീതി വധുവിനോടു സാധാരണയായി ബന്ധുക്കളാണ് ഉപദേശിക്കുക പതിവ്. എന്നാൽ ശ്രീകൃഷ്ണന്റെ വധുവിനോടു വേണ്ടത് ഉപദേശിക്കത്തക്ക വകതിരിവുള്ള ഒരു ബന്ധുവിനെ കാണാത്തതുകൊണ്ട് ഇങ്ങിനെയും ചോദിക്കുന്നു എന്ന് വിചാരിച്ചോളു. ഐശ്വരമായ ഭാവത്തെ ആ തിരുമേനിയിൽ പാക്കുന്നതായി നടിക്കുന്നതോ; മനുഷ്യഭാവം വീക്ഷിക്കുന്നതോ? ഏതാണ് ഭഗവാന്ന് അധികം ഇഷ്ടം

ബ്രാഹ്മ—ചൊടിയോടുകൂടി പെരുമാറുന്നവരോട് അവിടേക്കു വലിയ വാത്സല്യമാണ്. ആ വാത്സല്യം സിദ്ധിച്ചുകഴിഞ്ഞാൽ ഏതു ഭാവത്തിലും ഒന്നിച്ചുകഴിച്ചുകൂട്ടാം എന്നാണ് എന്റെ അനുഭവം.

രുഗ്മിണി—എന്റെ സന്ദേശം മുഴുവൻ അദ്ദേഹം കേട്ടുവോ?

ബ്രാഹ്മ—ആ കാര്യത്തിൽ ആദ്യം എനിക്ക് ഒരബദ്ധം പറ്റി.

രുഗ്മിണി—അതെന്താണ്;

ബ്രാഹ്മ—അവിടുത്തെ സന്ദേശത്തിലെ സാരമടക്കിക്കൊണ്ടുള്ള ഒരു ഭാഷാശാസനമായിട്ടാണ് അവിടെ ദേവിയുടെ അഭിലാഷം അറിയിച്ചത്. ഉദ്ധവൻ, സാത്യകി, കൃതവർമ്മാവ് മുതലായ യാദവപ്രമാണികളെ വഞ്ചിപ്പാനാണ് അങ്ങിനെ ഞാൻ ചെയ്തത്.

രുഗ്മിണി—അവർ സമീപത്തിലുണ്ടായിരുന്നുവോ?

ബ്രാഹ്മ—ചിലപ്പോൾ കാര്യവശാൽ അവർ വന്നുപോയെ

ങ്കിലോ എന്നുവിചാരിച്ച് ഞാനങ്ങിനെ ചെയ്തു. അവിടുന്നു ക്ഷമിക്കണം.

രുഗ്മിണി— ആ ഭാഷ തിരിയില്ലെന്നു ഭഗവാൻ അഭിനയിച്ചുവോ?

ബ്രാഹ്മ— ഇല്ല.

രുഗ്മിണി— വളരെ നന്നായി. ഭഗവാന്റെ വിശാലങ്ങളായ വിലോചനങ്ങളിൽ ഇവളുടെ കൊത്തിക്കോറിയം കയ്യക്ഷരവും അലങ്കരിച്ചുകഴിഞ്ഞിട്ടില്ലാത്ത വെറും സാഹിത്യവും പെടുത്താതെ കഴിച്ചതു വളരെ നന്നായി.

ബ്രാഹ്മ— എന്നാൽ വീണ്ടും എനിക്ക് അബദ്ധം പററി.

രുഗ്മിണി— അയ്യോ! അതെന്താണ്?

ബ്രാഹ്മ— അവിടുന്നു തന്ന മാല പിന്നീട് ഭഗവാന്റെ തൃക്കയ്യിൽ കൊടുത്തു. അതും അവിടുന്നു ക്ഷമിക്കണം.

രുഗ്മിണി— ആ ശ്ലോകങ്ങളെപ്പററി ഭഗവാൻ വല്ലതും അരുളിച്ചെയ്തുവോ?

ബ്രാഹ്മ— എഴുന്നള്ളത്ത് ഇങ്ങോട്ടു തിരിച്ചതിന്നുശേഷം ഈ കുണ്ഡിനത്തിൽ എത്തുന്നതുവരെ അതിനെപ്പററി നിരൂപണം ചെയ്യുകയായിരുന്നു അവിടുത്തെ ജോലി. ആദ്യത്തെ ശ്ലോകത്തിൽ കൊടുത്തതായ 'അപത്രപം' എന്ന പദത്തിന്നു ഭഗവാൻ വളരെ വിലമതിച്ചിട്ടുണ്ട്. ഒടുവിൽ കാര്യം സാധിക്കാതെ വന്നാൽ മരിച്ചുകളയും എന്നിപ്രകാരം ചേർത്തതു മാത്രമേ അധികമായി തോന്നിയുള്ളൂ. മറെറല്ലാം വളരെ ചെടപ്പായിരിക്കുന്നു എന്നാണ് ഭഗവാൻ അവസാനം പുഞ്ചിരി തൂകിക്കൊണ്ടു കല്പിച്ചത്.

രുഗ്മിണി—ഒട്ടു, മരണം എന്നു കേട്ടപ്പോഴാണു് അതു് ഓ ത്തതു്.

ബ്രാഹ്മണൻ—എന്തു്?

രുഗ്മിണി—രണ്ടു നാഴിക മുമ്പു ഞാൻ ചെയ്ത ഒരു കടും കയ്യു്.

ബ്രാഹ്മ—ഈശ്വരാ! അതെന്താണു്?

രുഗ്മിണി—ഭഗവാന്റെ വരവിനെപ്പററി ഒരു രൂപവും കിട്ടാതെ വന്നപ്പോഴും നിരാശയോടെ ഞാൻ ഒരു വൈരക്കല്ലു വിഴുങ്ങി.

ബ്രാഹ്മ—അയ്യോ! എന്നിട്ടോ?

രുഗ്മിണി—അങ്ങേക്കെന്തു തോന്നുന്നു?

ബ്രാ—അവിടുന്നു് എന്നെ കളിപ്പിക്കരുതു്. ഉണ്ടായതു് അരുളിച്ചെയ്യണം.

രുഗ്മിണി—വൈരം വിഴുങ്ങിയാൽ ചാവും എന്നു് അങ്ങേക്കറിഞ്ഞുകൂടേ?

ബ്രാ—അറിയാം. അതാണു് ഞാൻ ഇത്ര പരിഭ്രമിക്കുന്നതു്.

രുഗ്മിണി—ഞാനിപ്പോഴും ചത്തിട്ടില്ലല്ലോ.

ബ്രാ—ഞാൻ അവിടത്തെ ഒന്നു വണങ്ങട്ടേ. (എന്നു നമസ്കരിക്കുന്നു.)

രുഗ്മിണി—അയ്യോ! അതു വേണ്ട (എന്നു് അങ്ങോട്ടും നമിച്ചെഴുന്നേല്ക്കുന്നു.)

ബ്രാ—(എഴുന്നേററു കണ്ണു തുടച്ചുകൊണ്ടു്) ഇപ്പോഴും ഭഗവാൻ അരുളിച്ചെയ്തതു നേരാണു് എന്നു് എനിക്കു ബോദ്ധ്യമായി.

രുഗ്മിണി—ഇതുതന്നെ ബോദ്ധ്യംവരുത്തുവാൻ വിഷമമാ

യ രീതിയിൽ എന്താണു് ദ്വാരകാനാഥൻ അരുളിച്ചെയ്തതു്.

ബ്രാ—രുഗ്മിണി നിഗമസ്വരൂപിണിയാണെന്നും ആരും ശ്രദ്ധിക്കാതെയും അല്പം തന്നെ അറിഞ്ഞുകൊള്ളും എന്നും സംഭാഷണമദ്ധ്യത്തിൽ ഭഗവാൻ കല്പിച്ചു. അതു് ഇപ്പോൾ ബോദ്ധ്യമായി.

രുഗ്മിണി—'യോ യച്ഛ്രദ്ധസ്സ ഏവ സഃ' എന്ന നിയമം കൊണ്ടു വേദത്തിൽ വിശ്വസിക്കുന്ന നാമെല്ലാവരും ഒരു തരത്തിൽ നിഗമസ്വരൂപികളാണല്ലോ? പിന്നെ എന്താ എന്റെ കാര്യത്തിൽ അങ്ങു വിശ്വസിക്കാതിരുന്നതു്.

ബ്രാ—അബദ്ധം പററി. വിഷം അമൃതെന്നു ഭക്ഷിച്ച മഹാദേവൻപോലും നീലകണ്ഠനായിച്ചമഞ്ഞു. അവിടേയ്ക്കു് ഒന്നും പററിയില്ല.

കണ്ണൻതൻ പാദപത്മം വിരവൊടു കരളാം
    പങ്കജത്തിൽ തികച്ചും
നണ്ണും ജീവന്നു കേൾക്കാം വിജയമെവിടെയും
    പണ്ടുപണ്ടേയ്ക്കുതന്നെ
വിണ്ണോർവാഴ്ത്തുന്ന നിന്നിൽ സരസമതധുനാ
    പുണ്യവാഗ്ഗാലിവന്നും
കണ്ണാൽ നേരിട്ടു കാണുമാറവസരമിഹ നീ-
    യേകി വിശ്വാസമേററി.

(ഒരു ദാസി പ്രവേശിക്കുന്നു).

ദാസി—നീരാട്ടുകുളിക്കു് എഴുന്നെള്ളാനൊരുങ്ങിക്കൊണ്ടു് അമ്മതമ്പുരാട്ടി അവിടത്തെ വരവു പ്രതീക്ഷിച്ചിരിക്കുന്നു.

രുഗ്മിണി—(അല്പം കേട്ടതായി നടിച്ച്—ബ്രാഹ്മണനെ നോക്കി) സാധിക്കുമെന്നു വെച്ചിട്ടല്ല എന്തെങ്കിലും ഒന്ന് അങ്ങേക്കു സമ്മാനിക്കണം എന്നു ഞാൻ വിചാരിക്കുന്നു. അധികം ഇഷ്ടമുള്ളത് ഏതെന്നു കേൾപ്പിക്കുക.

ബ്രാഹ്മ—യാ ശേഖരേ ശ്രുതിഗിരാ ഹൃദി യോഗഭാജാം
പാദാംബുജേ ച സുലഭാ വ്രജസുന്ദരീണാം
സാ കാപി സർവ്വജഗതാമഭിരാമസീമാ
കാമായ നോ ഭവതു ഗോപകിശോരമൂർത്തിഃ.

ഇതാണ് എന്റെ ശാശ്വതമായ ആശ.

രുഗ്മിണി—(കിഴക്കോട്ടു തിരിഞ്ഞുനിന്നു കണ്ണടച്ചു തൊഴുതുംകൊണ്ടു സഗൽഗദം) ആര്യപുത്ര! ആർത്തത്രാണപരായണ! ആനന്ദമൂർത്തേ! അഖിലാണ്ഡകോടി ബ്രഹ്മാണ്ഡനായക! ഈ എളിയവൾക്കു വേണ്ടി ഇപ്രകാരമെല്ലാം പ്രവർത്തിച്ചു കാര്യം സാധിപ്പിച്ചു തന്ന ഈ ബ്രാഹ്മണനു ശ്രുതികളുടെ ശിരസ്സിലും യോഗികളുടെ ഹൃത്തിലും ഗോപികളുടെ പാദത്തിലും എന്നപോലെ എന്നെന്നും സ്വാധീനമായി നിന്നു സകല കാമവും പൂരിപ്പിച്ചു കൊടുക്കേണമേ!! (എന്നു പ്രാർത്ഥിക്കുന്നു.)

ബ്രാഹ്മ—ഞാൻ കൃതാർത്ഥനായി (എന്നു് എല്ലാവരും പിരിയുന്നു.)

കർട്ടൻ.

## രംഗം 4

(സ്ഥലം കിഴക്കേ നട)

(ഔദ്യോഗികവേഷത്തോടുകൂടി ബലരാമൻ നിരത്തിൻെറ കിഴക്കെ അററത്തു നില്ക്കുന്നു. തെക്കേ വരിയിലുള്ള കൊട്ടാരങ്ങളിൽ ആഗതന്മാരായ രാജാക്കന്മാർ നടക്കാൻ പോകുന്ന രുഗ്മിണീദേവീസന്ദർശനമഹോത്സവം വീക്ഷിപ്പാനിരിക്കുന്നു. വേഷഭൂഷണഭൂഷിതകളായ വേശ്യാംഗനമാർ നാഗരികവധൂടികളോടിടകലൎന്നു കിഴക്കെ ഗോപുരത്തിൻെറ ഇരുപുറവും ഉള്ള മണിക്കമെത്തലിനോടു തൊട്ടു കിഴക്കോട്ടു നോക്കി വിളങ്ങുന്നു. ഋഷിപത്നികളും, വിപ്രസ്ത്രീകളും ആരാധനാവേളയിൽ രുഗ്മിണി ദാനംചെയ്തവ വഹിച്ചുംകൊണ്ടു വെലസ്സുപ്പുരയിൽ നാമംജപം നിറുത്താതെ പ്രാചിയോടഭിമുഖമായി കഴുത്തുയത്തി നില്ക്കുന്നു. അന്തഃകൊട്ടാരത്തിലും കന്യാപുരത്തിലും പാക്കുന്നവർ, സൂതമാഗധവന്ദികൾ, മററു മേളക്കാർ, പൌരപ്രമാണികൾ ഇവർ സേനകളുടെ പിന്നിലായി ഇരുപുറവുമുള്ള രാജധാനികളോടു തൊട്ടു തെക്കോട്ടും വടക്കോട്ടും നോക്കി സ്ഥിതിചെയ്യുന്നു. ബലരാമൻെറ സമീപത്തിൽ തേരു തുടച്ചു നന്നാക്കുന്ന ദാരുകനും, പടിഞ്ഞാറേ വരാന്തയിലെ വക്കത്തുള്ള മണിത്തിണ്ണയിൽ കണ്ണനും നടയിലേയ്ക്കു കണ്ണോടിച്ചുംകൊണ്ടിരിക്കുന്നു. കുന്തമാവാൻ പോകുന്ന വേളിക്രിയയിലെ ഗ്രന്ഥങ്ങൾ ഉരുവിട്ടുംകൊണ്ടു തെക്കുഭാഗത്തുള്ള കൊട്ടാരത്തിൻെറ മുകളിൽ ശിശുപാലനും ശോഭിക്കുന്നു. നടയിൽ നെടുവിലെ കെട്ടിയ പന്തലിൻെറ പൊൻപലകകളെ നാണിപ്പിക്കുന്ന പുഞ്ചിരി

ളുകിക്കൊണ്ടു പാതയിൽ വിരിച്ചിട്ടുള്ള വീരാളിപ്പട്ടിൽ പദപങ്കജങ്ങളാ ചാർത്തി, മുദ്രമോതിരമണിഞ്ഞ തൃക്കയ്യു കൊണ്ടു് ഒരു സഖിയുടെ കയ്യുംപിടിച്ചു് വിഷ്ണുവിനോടി ല്ലാ എങ്കിലും വിഷ്ണുമായയോടു കാന്തിപൂരത്താൽ പോര ടിക്കുന്ന നിലയിൽ രുഗ്മിണീദേവി—

സ കോപി ബാലസ്സരസീരുഹാക്ഷ-
സ്സാ ച വ്രജസ്ത്രീജനപാദധൂളി
മുഹുസ്തദേതദ്യുഗളം മദീയേ
മോമുഹ്യമാനേപി മനസ്യുദേതു.

(എന്നു താണസ്വരത്തിൽ ഗാനം ചെയ്തുകൊണ്ടു പ്രവേശിക്കുന്നു.)

രുഗ്മിണി—(മിന്നിക്കൊണ്ടിരിക്കുന്ന കൺകോണിനെ തരുണന്മാരുടെ ഹൃദയത്തിൽ ഉൽകസ്ഥികമായി ആഴ്ത്തിക്കൊണ്ടു് അല്പം മുന്നോട്ടു നടന്നു സഖിയെ നോക്കി)

കാലൻതൻ കാലന്റേയും ഗണപതി മുതലാ-
യുള്ള തന്മക്കളേയും
നീലക്കാർവേണിയാകും ഗിരിജയെയുമക-
ക്കാമ്പിൽ നണ്ണിപ്പതാകെ
മാലകറ്റുന്ന കണ്ണന്നുടയ പദപയോ-
ജത്തിലെയ്ക്കുള്ളുവാനായ്
ചാലേ പോകുന്നു ഞാനൊന്നിഹ ജനകനൊടും
ചൊല്ലു നീയമ്മയോടും.

(എന്നു സഖിയെ വിടുന്നു. സഖി കണ്ണു തുടച്ചും കൊണ്ടു പോകുന്നു. കേസരികളുടെ നടുവിൽ കുടുങ്ങിപ്പെ ട്ട പൊൻമാൻകിടാവിനെപ്പോലെ ഗതിയറ്റു ഭഗവാ

ന്നെത്തേടുന്ന ആ ത്രിഭുവനകമനീയപ്പെണ്മണി ആശാ
പാശത്തിന്റെ അറ്റത്തിലേയ്ക്കുതന്നെ രണ്ടടി കൂടി
മുന്നോട്ടു വെച്ചു് ഒന്നു നിശ്വസിച്ചു്) ഈ നിമിഷങ്ങളോ
രോന്നും വൈതരണിയോളം വലിപ്പമുള്ള ആപൽഗർത്ത
ങ്ങളാണു്. (സ്വന്തം മന്ദിരത്തിലേയ്ക്കുള്ള പ്രവേശനദ്വാ
രത്തെ നോക്കി) അന്തഃപ്പുരത്തിലേയ്ക്കുള്ള കവാടം, അതി
ന്റെ കണ്മണിയായ എന്നെ മാടി വിളിക്കുന്നു. ഞാ
നില്ല. പത്തുപന്ത്രണ്ടു കൊല്ലം സ്വർഗ്ഗവാതിലായി എനി
ക്കു മാറിത്തോന്നിച്ചിരുന്ന അല്ലയോ മന്മന്ദിരദ്വാരമേ!
നിന്നെ യമപുരഗോപുരമേ എന്നാണു് ഇനി ഞാൻ വി
ളിക്കുക.

വഴിപോലജനായ്ക്കൂടി-
ക്കഴിയാൻ മാർഗ്ഗം മുടക്കിടുന്ന ഭവാൻ
അഴിമതി, യമനിഹ കാട്ടാൻ
വഴിയായെന്നെച്ചിരം ഭ്രമിപ്പിക്കും!

(എന്നു മന്ത്രിച്ചുംകൊണ്ടു തിരിഞ്ഞുനിന്നു് അമ്പലത്തി
ലേയ്ക്കു നോക്കിത്തൊഴുതു്)

‘ഹരകുടുംബിനി! മുരവൈരിയെന്റെ
വരനായിത്തീരാൻ വരമരുളു നീ.’

പാർവ്വതീദേവി! അവിടെയ്ക്കു ഞാനിപ്പോൾ അർപ്പിക്കു
ന്ന ഈ അഞ്ജലി, ചണ്ഡാലിയുടെ വൃക്ഷാരാമത്തിൽ
നിന്നും ഉദിച്ച പുണ്യത്തിനു് എത്ര ആയുസ്സുണ്ടോ അ
തിലുമധികംകാലം കണ്ണനെ ശുശ്രൂഷിപ്പാനുള്ള ഭാഗ്യം
എനിക്കേകുന്ന പുണ്യത്തിന്റെ പിതാവായി വരേണമേ!
(എന്നു നേരെ കിഴക്കോട്ടുതന്നെ തിരിഞ്ഞു മെല്ലെ മെ
ല്ലെ മുന്നോട്ടു നടക്കുന്നു. ഇരുപുറവും വരിവരിയായി നി

ല്ക്കുന്ന സൈന്യങ്ങൾ ആയുധം താഴ്ത്തിപ്പിടിച്ചു തങ്ങടെ യജമാനനെ വന്ദിക്കുന്ന രീതിയിൽ ഒരു ശബ്ദം പുറപ്പെടുവിക്കുന്നു. നാലു കുതിരകളെ കെട്ടിയ ഒരു തേര് ശ്രീകൃഷ്ണനെ വഹിച്ചുംകൊണ്ട് ആ സൈന്യങ്ങളുടെ മദ്ധ്യത്തിലൂടെ പടിഞ്ഞാട്ടു നീങ്ങുന്നു.)

രുഗ്മിണി—(ആത്മഗതം) ഒരു മല കടലിൽച്ചെന്നു വീഴും പോലെ എന്റെ ഹൃദയത്തിൽ എന്തോ ഒന്നു വന്നു പതിക്കുന്നു (അടുത്തു വന്നു നില്ക്കുന്ന തേരിലേയ്ക്കുനോക്കി തൊഴുതു് ഒററമുട്ടു കുത്തിയിരുന്നു് — പ്രകാശം)

"ശൃംഗാരരസസർവ്വസ്വം
ശിഖിപിഞ്ഛവിഭൂഷണം
അംഗീകൃതനരാകാര-
മാശ്രയേ ഭുവനാശ്രയം."

(എന്നു മന്ത്രിക്കുന്നു).

ബലരാമൻ—കൃഷ്ണ! ആ സാധ്വിയെ തേരിൽ കയററി തിരിക്കൂ (എന്നു കല്പിക്കുന്നു.)

(ആ കല്പന കേട്ടു മഹാദേവൻ മലമകളെ എന്നോണം കരുണാനിധിയായ കണ്ണൻ കരകമലം നീട്ടിക്കാട്ടി കരകാണാതെ വിഷമിക്കുന്ന ആ കമലാക്ഷിയെ തേരിൽ ഏററിയിരുത്തിയിട്ടു്).

നീലാംഭോദത്തൊടെന്നും പടപൊരുതിവരും
പട്ടു ചുററിത്തിളങ്ങും
സാലാങ്കൻതന്റെ പിന്നിൽ ഗരുഡനരുളുമ-
ബ്ഭംഗിയേറും രഥത്തിൽ

ലീലാഗോപാലനായോരജനകമലരിൽ
ചീർത്ത കാരുണ്യമോടും
ചേലാളും റോട്ടിലൂടെ പ്രിയയൊടുമെഴുന്ന-
ള്ളുന്നു വാട്ടം വരാതെ.

ജരാസന്ധൻ—(രുഗ്മിണിയെ തേരിലേററിയ സ്ഥലത്തു് ഓടിയെത്തിട്ടു് ദ്വേഷിച്ച മനോവൃത്തികളോടുകൂടി കൃഷ്ണനെ നോക്കി) എടാ! ഇടയച്ചെക്കാ! ഇതു് അമ്പാടിത്തെരുവല്ല. ഈ രുഗ്മിണി ഗോപവധൂടിയുടെ ആടയല്ല!

കുറികളും മോരു വില്ക്കുന്നവരുടെയിടയിൽ-
പ്പെട്ട രാധാദികൾക്കളും
മാനിക്കത്തക്ക മിത്ഥ്യാഗ്ഗുണഗണമിയലും
നിൻെറ ഗോഷ്ഠികൾവേണ്ടി
ഞാനിപ്പോൾ പാർത്തുനില്ക്കുന്നളവിലിവളെ നീ
കട്ടൊളിക്കുന്നപക്ഷം
കാണിച്ചേയ്ക്കും കരത്തേറിട്ടുമടരിലിട-
പ്പെട്ട കയ്യൂക്കൊട്ടുക്കം.

(എന്നു് അട്ടഹസിക്കുന്നു. ബലരാമൻ തിരിഞ്ഞുനിന്നു പതിനേഴ്, എന്ന വിരലടയാളം ഉയർത്തിക്കാണിക്കുന്നു. ജരാസന്ധൻ പതിനെട്ടു് എന്ന അടയാളം അങ്ങോട്ടും കാണിച്ചു് ഉക്രാണം ചെയ്യുന്നു. അനന്തരം രണ്ടാളും പോരിന്നു വിളിച്ചുംകൊണ്ടു പോകുന്നു.)

ശ്രീകൃഷ്ണൻ—(ഓടിക്കൊണ്ടിരിക്കുന്ന തേരിൽ വെച്ചു്)— ഈ തിരക്കിൽ ജീവിക്കുവാൻ സാധിക്കുമോ എന്നറിഞ്ഞിട്ടു മതി രുഗ്മിണിയുടെ നാണംകുണുങ്ങിയിരിക്കൽ.

രുഗ്മിണി—എനിക്കു നാണമൊന്നുമില്ല. നേരെമറിച്ച് അനല്പമായ അഭിമാനമാണ് ഇപ്പോൾ തോന്നുന്നത്.

ശ്രീകൃ—(ചെവിയോർത്തു്) ജ്യേഷ്ഠനും ജരാസന്ധാദികളും ഏറ്റുമുട്ടിയിരിക്കുമെന്നു തോന്നുന്നു. ഭയങ്കരമായ ഈ ശബ്ദം അങ്ങിനെ ഊഹിപ്പാനാണു് വഴിതരുന്നതു്.

രുഗ്മിണി—എന്റെ തലയിലെഴുത്തു്.

ശ്രീകൃ—രുഗ്മിണി! ഇതൊന്നു വായിക്കൂ. (എന്നു് ഒരെഴുത്തു് കയ്യിൽകൊടുക്കുന്നു.)

രുഗ്മിണി—(അതു വാങ്ങിനോക്കി) ഞാനയച്ച സന്ദേശമാണല്ലോ ഇതു്....കളയട്ടേ?

ശ്രീകൃ—കളയേണ്ടകാര്യം പിന്നെപ്പറയാം. ഇതെഴുതുവാൻ എത്ര സമയം എടുത്തു രുഗ്മിണി. അതാദ്യം പറയൂ.

രുഗ്മിണി—ഇതെഴുതുവാൻ വേണ്ടിവരുന്ന സമയംമാത്രം.

ശ്രീകൃ—എന്നാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെ നിഴലിപ്പിച്ചുംകൊണ്ടു് ഒരു ശ്ലോകം ചൊല്ലിക്കേൾപ്പിക്കണം.

രുഗ്മിണി—ഇവിടെ നടക്കുന്ന ചില സംഭവങ്ങളെ എങ്കിലും പ്രതിബിംബിപ്പിച്ചുംകൊണ്ടു് ഒരു പദ്യം കേൾപ്പിക്കാം. അതിനു പകരം എന്റെ ബന്ധുക്കൾക്കു ജീവഹാനി വരാതെ കഴിക്കാം എന്നേല്ക്കണം.

ശ്രീകൃ—ഓ....ഏറ്റു.

രുഗ്മിണി—എന്നാൽ കേട്ടോളൂ.

സ്യന്ദനേ ഗരുഡമണ്ഡിതധ്വജേ
കുണ്ഡിനേശതനയാധിരോപിതാ

കേനചിന്നവതമാലപല്ലവ-
ശ്യാമളേന പുരുഷേണ നീയതേ.

ശ്രീകൃ.—വളരെ നന്നായി. എന്നാകൊണ്ടു (എന്നു അൎദ്ധോക്തിയിൽ. ചെവിയോൎത്തു) രുക്മി എന്നെ പോരിനു വിളിക്കുന്നു (എന്നു സ്ഥലംവിട്ടെഴുന്നെള്ളുന്നു. അനന്തരം വസ്ത്രബന്ധമേററും വാളുകൊണ്ടു അവിടവിടെ വപനംപററിയതിനാൽ ലജ്ജിച്ചും അനങ്ങാൻ വയ്യാതെയുമായിത്തീൎന്ന രുക്മിയെ എടുപ്പിച്ചുംകൊണ്ടു ഒരു മുഹൂൎത്തത്തിനുള്ളിൽ തിരിച്ചെഴുന്നെള്ളുന്നു. രുക്മിണി അധോമുഖിയായി ഇരിക്കുന്നു. ജരാസന്ധാദികളെ വെന്നു ശിശുപാലനെക്കൊണ്ടു നിരാശയെ കല്യാണംകഴിപ്പിച്ചു അദ്ദേഹത്തെയും ജരാസന്ധാദികളെയും നാട്ടുകടത്തി വിരചകീൎത്തിവിരാജിതനായ ബലരാമൻ ഒരു പടനായകനെന്നോണം ധൃതിയിൽ പ്രവേശിക്കുന്നു.)

ബലരാമൻ—(രുക്മിയെ നോക്കി) എന്താ! ജടായുവിനെപ്പോലെ പക്ഷബലം പോയിക്കിടക്കാറായി ഇല്ലേ? (രുക്മിണിയെ നോക്കി) രുക്മിണി! എന്താ വ്യസനിച്ചുംകൊണ്ടിരിക്കുന്നതു് രാജാക്കന്മാരുടെ ധൎമ്മമാണു ഈ പരസ്പരമത്സരം. അതിൽ വിചാരിച്ചിട്ടാവശ്യമില്ല. (കൃഷ്ണനെ നോക്കി) ബന്ധുക്കളെ അവമാനിക്കുന്നതു കൊല്ലുംപോലെയാണു. രുക്മിയുടെ മുടിയും മീശയും അവിടവിടെ ചെരച്ചുകാണുന്നു അതു കൃഷ്ണനാണു ചെയ്തതെങ്കിൽ. (എന്നു അൎദ്ധോക്തിയിൽ നിൎത്തുന്നു.)

ശ്രീകൃ—ഞാൻ കളിപ്പിച്ചിട്ടേ ജ്യേഷ്ഠനെ തൊടുന്നുള്ളൂ.

ചപല— (ചിരിച്ചുംകൊണ്ടു്) അദ്ദേഹത്തെ അഴിച്ചുവിടൂ.
(എന്നു കല്പിക്കുന്നു.)

ശ്രീകൃ—(അഴിച്ചുവിട്ടതിനുശേഷം) ഇനി നമുക്കു പോവുകയല്ലേ? (എന്നു തേരിൽക്കയറി പോകുന്നു.)

രുഗ്മിണി—(പോകുമ്പോൾ അകലെനില്ക്കുന്ന ജ്യേഷ്ഠനെ നോക്കിത്തൊഴുതുംകൊണ്ടു്)—

പേരാളും വിദ്യനല്കിസ്സഹജയെ നിതരാം
ലാളനംചെയ്തു പോററി-
ത്താരാടിച്ചുള്ളനാളും മമ ഗുരുവരനായ്
മിന്നിടും സോദരാ, നീ
നേരായ് നാരായണൻതൻ മഹിഷിയുടെ പദം
പൂകുവാൻ പോകുമെന്നിൽ
ധാരാളം തൂകിടേണം വിരവൊടു കൃപാ-
വാരി തോരാതെ നിത്യം.

(എന്നു് എല്ലാവരും പോകുന്നു.)

(കർട്ടൻ)

## രംഗം 5.

(സ്ഥലം ശ്രീകൃഷ്ണൻ താമസിക്കുന്ന ദ്വാരകയിലെ മണിമന്ദിരം)

മന്ദം മന്ദം മധുരനിനദൈർവ്വേണുമാപൂരയന്തം
വൃന്ദം വൃന്ദാവനഭുവി ഗവാം ചാരയന്തം ചരന്തം
ഛന്ദോഭാഗേ ശതമഖമുഖധ്വംസിനാം ദാനവാനാം
ഹന്താരം തം കഥയ രസനേ ഗോപകന്യാഭുജംഗം.

(എന്നു ഉള്ളിൽ പാടിക്കൊണ്ടു ഭഗവാനെ വീശുന്ന നിലയിൽ രുഗ്മിണി പ്രത്യക്ഷപ്പെടുന്നു.)

ശ്രീകൃ—(ആത്മഗതം) ഇവളുടെ മണിനൂപുരങ്ങളും, കാഞ്ചിയും, വസ്ത്രാന്തസ്ഥലകുചകുങ്കുമശോണഹാരവും, സ്വാഭാവികമായ ശരീരകാന്തിയും, ഹൃദയനിർമ്മലതകാക്കുമ്പോൾ എത്രയോ താഴെയാണ്. വിഷയങ്ങളെ ഇടിച്ചിടിച്ചു ഇവൾ സംസാരിക്കുന്നതു കേൾപ്പാൻ ആൎക്കാണ് മോഹം ഉണ്ടാവാതിരിക്കുക. പക്ഷേ, അതു കേൾക്കേണമെങ്കിൽ ആദ്യം അല്പം നൎമ്മം പറഞ്ഞു ചൊടിപ്പിക്കേണ്ടിവരും. അങ്ങിനെ ചെയ്തിട്ടെങ്കിലും ഇവളെക്കൊണ്ടു കുറെ സംസാരിപ്പിക്കണം. (പ്രകാശം) രുഗ്മിണീ! മനസ്സിലുള്ളതു് പൂത്തിവെച്ചിട്ടാവശ്യമില്ലല്ലോ എന്നുവെച്ചു സംസാരിക്കുകയാണ്; മുഷിയരുതേ. എന്നെ അനുസരിക്കുന്നവരെ കുണ്ഠിക്കുന്നവരായിട്ടാണ കാണുന്നത്. നമ്മുടെ വിവാഹംകഴിഞ്ഞിട്ട് അധികം ദിവസം ആയിട്ടില്ലല്ലോ. അതുകൊണ്ടു ശിശുപാലനോ ജരാസന്ധനോ ആരെങ്കിലും നി മടങ്ങിച്ചെന്നാൽ നിന്നെ സ്വീകരിക്കാതിരിക്കയില്ല. ഐഹികവും ആമുഷ്മികവും ആയ മനോരഥം അപ്പോൾ പൂരിപ്പിക്കാൻ ഇടവരികയും ചെയ്യും. നമ്മൾതമ്മിൽ ഒന്നുകൊണ്ടും ചേൎച്ചയില്ല......(രുഗ്മിണി ഈ വിധത്തിലുള്ള ഭൎത്തൃവാക്യംകേട്ടു്. 'തന്നെ ഉപേക്ഷിക്കുമൊ' എന്ന ഭയം വളൎന്നു് ഒന്നും മിണ്ടാനാളില്ലാതെ അധോമുഖിയായി അല്പനേരം നില്ക്കുന്നു....വളകളും വ്യജനവും വീണതറിയാതെ നിജഭൎത്തൃസന്നിധിയിൽ ചേതനയററു താനെ വീഴുന്നു....കൃപാജലനിധിയായ ഭഗവാൻ ആവശ്യത്തിലധികം പാരവശ്യം ദേവിയിൽ പാൎക്കുന്നു. പൎയ്യങ്കത്തിൽനിന്നു പെട്ടെന്നു് ഇറങ്ങുന്നു. രണ്ടുതൃക്ക

ച്ചുകൊണ്ടും ദേവിയെ എടുത്ത് ആലിംഗനം ചെയ്യുന്നു. മടിയിലിരുത്തി തലമുടി കെട്ടിക്കുന്നു. പാണിപത്മം കൊണ്ടു ദേവിയുടെ മുഖപങ്കജം മാർജ്ജനം ചെയ്യുന്നു. കണ്ണുനീർ കലർന്നതും സ്തനങ്ങളിൽ വീഴുന്നതുമായ നേത്രാഞ്ജനം തുടയ്ക്കുന്നു. വീണ്ടും വീണ്ടും ആലിംഗനം ചെയ്യുന്നു.)

ശ്രീകൃ—എന്നിൽ കോപം ആരോപിക്കരുത്. എന്നേമാത്രം ആശ്രയിച്ചുംകൊണ്ടാണ് നിന്റെനില എന്നു ഞാൻ അറിയും. ഭവതിയുടെ സുശീലമായ ഒരു സംഭാഷണം കേൾപ്പാൻ കൊതിച്ച് ഒരു ഫലിതം പ്രയോഗിച്ചു എന്നേയുള്ളു. കടക്കണ്ണു ചുവന്ന്, സുന്ദരഭ്രൂയുഗളം വളച്ച്, കലഹത്തിന് ഒരുങ്ങിയിരിക്കുന്ന പ്രിയതമയുടെ മുഖം കാണുന്നത് തന്നിക്കുതാൻപോന്ന ഗൃഹസ്ഥന്മാക്ക് മഹോത്സവമാണ്. അതൊന്നു കാണുകയും വേണം. ഇത്രമാത്രമേ ഈ പരിഹാസത്തിന്റെ ആരംഭത്തിൽ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. ഇന്ന് വെളുത്തവാവാണ്. അച്ഛന്നു ദേവകാര്യങ്ങൾ അധികമുണ്ട്. അത്താഴത്തിന്നു സമയംകുറെ പിടിക്കും. അതേവരെ ഒരു വിനോദം വേണ്ടേ എന്നും ഞാൻ വിചാരിച്ചു.

രുക്മിണി—(ആത്മഗതം) കഷ്ടം! ഭഗവാൻ ഉപേക്ഷിക്കുകയായി എന്നു ഞാൻ ഉറച്ചുപോയി. 'ന മേഭക്തഃ പ്രണശ്യതി' എന്നത് ഇടയ്ക്കിടയ്ക്ക് എനിയ്ക്ക് ഓർമ്മയില്ലാതെയാവും. അതാണ് എന്റെ സ്വഭാവം. ഭഗവാന്റെ കരുണ ക്ഷമയില്ലായ്മയായി മാറുന്നതുവരെ എന്തെങ്കിലും സംസാരിച്ചുനോക്കാം (പ്രകാശം.)— അജ്ഞാനികളാൽമാത്രം ആരാധിക്കപ്പെട്ടുപോരുന്ന ഇവളും അവിട

നും തമ്മിൽ വളരെ അന്തരമുണ്ടെന്നുള്ളത് വിവാദമററ സംഗതിയാണ്.

കനകം പിച്ചളയിവയിൽ
സമാനം താനേ വരിച്ച ഞാനെവിടെ
അനിതരസാധാരണഗുണ-
ഗണമൊടു വിലസും ഭവാൻെറ നിലയെവിടെ?

(എന്നു കടാക്ഷകുസുമങ്ങളെക്കൊണ്ടു ഭഗവാനിൽ പുഷ്പാഞ്ജലിചെയ്തു സ്വല്പം ആലോചിച്ച്.)

ഇനി രാജകന്യക എന്നൊരു പദവി എന്നിലധികമുണ്ടോ എന്നു സംശയിക്കുകയാണെങ്കിൽ അവിടുത്തെ ഭക്തന്മാർപോലും കാലുകൊണ്ടു ചവിട്ടിത്തള്ളിയതാണ് രാജസിംഹാസനം. അതുകൊണ്ടുതന്നെ ഭഗവാൻെറ നിലയിൽനിന്നും എത്രയോ താണതാണ് രാജപുത്രിയുടെ സ്ഥാനം എന്നു തീർച്ചയായില്ലേ. (എന്നു ചുററിനടന്ന് ഉദാഹരണം തോന്നിയതായി അഭിനയിച്ച് തിരിച്ചുവന്ന്.)

ചൊല്ലാളുന്നൊരു നാടുതന്നെ കനിവാൽ
നീയേകിയെന്നാലതിൽ
സോല്ലാസം ഭരണം നടത്തി വിലസാ-
നേററം മടിച്ചങ്ങിനെ
മല്ലാരേ തവ പാദപങ്കജരസം
വല്ലാതെ സേവിച്ചുകൊ-
ണ്ടല്ലേ പണ്ടു നയിച്ചതാ ധ്രുവനഹോ-
രാത്രങ്ങളാത്താദരം.

പക്ഷേ, ഉദരംനിമിത്തം കെട്ടിയ ബഹുവിധവേഷക്കാർ

പ്രത്യേകിച്ചും ധനാഢ്യന്മാർ അന്തകനായി അട്ടത്തട്ടത്തും കൊണ്ടിരിക്കുന്ന അവിടുത്തെ ഇച്ഛയെ അറിയുന്നില്ല.

ചെമ്പൻമിശയിരുമ്പുലക്ക കയറെ-
ന്നെല്ലാം ധരിച്ചന്തകൻ
കമ്പംവിട്ടു വരുന്നവാറവശരായ്-
ക്കണ്ണിച്ചിടും മാനുഷർ
മുമ്പുംപിമ്പുമയത്തു വീമ്പു പലതും
പറഞ്ഞോതി'നാഠം'വ്യർത്ഥമാ-
യിമ്പം ചാച്ചു നയിച്ചതിൻ ഫലമറി-
ഞ്ഞുണ്ണുന്നു ദണ്ണത്തൊടും.

(എന്നു പേടിക്കുന്നതായി നടിച്ചു് ഭഗവാനെ ചാരിനിന്നു്)

അവിടുത്തെ അറിയുന്നവർ ചിലരുണ്ടു്; ലോകംമുഴുവൻ പൂജിക്കുന്ന സംഹാരരുദ്രനും സ്രഷ്ടാവും മറ്റുമാണു്. അവർ. വാസ്തവത്തിൽ സർവ്വപുരുഷാർത്ഥസ്വരൂപിയും സൽക്കർമ്മങ്ങളുടെ ഫലവും അവിടുന്നാണു്. പണ്ടുള്ള മഹാരാജാക്കന്മാർ സകലവും ഉപേക്ഷിച്ചിരുന്നതു് അങ്ങിനെയിരിക്കുന്ന അവിടുത്തെ ലഭിപ്പാനായിരുന്നു. പരമാർത്ഥത്തിൽ അവരോടുകൂടിയ കൂട്ടുകെട്ടു അവിടെയ്ക്കു യോജിക്കു

(എന്നു വീണ്ടും ഭഗവാനെ വീശിക്കൊണ്ടു്)

നേരിൽ സത്തുക്കളാം ശ്രീശുകമുഖമുനിമാ-
രാറവുതോററക്ഷി ചിമ്പി-
പ്പൂരിക്കും ഭക്തിയോടും ചരിതമധു പൊഴി-
ച്ചാളിമിന്നും സദസ്സിൽ
താരിൽത്തനാപിക്കുമുള്ളിൽ കൊതി പെരുകിടുമാ-
മട്ടിൽ വാഴും ഭവാനെ-

പ്പാരിൽക്കണ്ടാലെവന്നാം കരളിന്നു കുളിരു-
റാത്തതെന്നൊന്നു ചൊല്ലൂ.

സ്ത്രീ, പുരുഷൻ, എന്നിങ്ങിനെ തന്നെത്താനങ്ങിഭാവിച്ച് മൂടിപ്പൊതിഞ്ഞുകൊണ്ടു നടക്കുന്നിവരും. സുഖദുഃഖങ്ങളിലേയ്ക്കു ക്ഷണംപ്രതി മാറി മാറിച്ചെറിയേണ്ടി വരുന്നവരും ആയ മനുഷ്യർക്ക് ഒരുതരത്തിലും അവിടുത്തോടു യോജിക്കൽ ഉചിതമായിരിക്കയില്ല. (എന്നു കാറോറ് ചിന്നിച്ചിതറിക്കൊണ്ടിരിക്കുന്ന ഭഗവാന്റെ കുറുനിര മാടിയൊതുക്കീട്ട്.)

കണ്ണിൽ കണ്ടതു കട്ടുതിന്നു കലഹി-
ച്ചെല്ലാം കളഞ്ഞുള്ളിലെ-
പ്പുണ്ണിൽ ക്ഷാരമണപ്പതാം ഗൃഹമല-
ത്തിങ്കൽ കമിഴ്ന്നാണവർ
വിണ്ണിൽച്ചെന്നു വിളങ്ങുമപ്പുകളെഴും
നിന്നോടു ചേർന്നാലതും
കണ്ണിൽത്താണു പറപ്പതാം കരടതാ-
ണെന്നോതിടും സജ്ജനം.

(എന്നു ഭഗവാന്റെ സ്തോഭത്തെ സൂക്ഷിച്ചുനോക്കീട്ട്.)

പരദ്രോഹബുദ്ധി തന്നിൽനിന്നും അകററിപ്പാർക്കുന്ന ഋഷീന്ദ്രന്മാർ അവിടുത്തെ ഈ മഹിമയറിഞ്ഞു വാഴ്ത്തിയിട്ടുണ്ട്.

പതിരിന്നു പഴുതേകാതെങ്ങുമാളിത്തിളങ്ങും
ശ്രുതികൾ തലയിലേററുംതാവച്ചരിത്രം വിചിത്രം
പതിവുകളകലെത്താൻ വിട്ടു സത്തുക്കളെല്ലാം
പ്രതിദിനമങ്ങളുന്നുണ്ടല്ലലേല്ക്കാതിരിപ്പാൻ.

(എന്നു ഭഗവാൻ ഇളകുന്നമന്ദഹാസം വീക്ഷിച്ചിട്ട്.)

മററാക്കും അതറിയാൻ സാധിച്ചിട്ടില്ല. സ്വസ്വരൂപം ദാനം ചെയ്യുന്ന പരമാത്മാവാണ് അവിടുന്ന് എന്നു സജ്ജനസഹവാസംകൊണ്ട് അറിഞ്ഞിട്ടാണ് ഞാൻ അവിടുത്തെ വരിച്ചത് ബ്രഹ്മാദികളും സനകാദികളും ശങ്കരനും, വരണമാല്യം ധരിച്ചുകൊണ്ട് നടന്നിരുന്ന ആ പാലാഴീതീരത്തിൽ അന്നുണ്ടായിരുന്നു. ഇന്നത്തെ-നിലയ്ക്കുള്ള അഭിവൃദ്ധിയുടെ നാശം ഒരു കാലത്ത് അവർക്കും വല്ലേഞ്ഞിവരും എന്നു പാർത്തിട്ടാണ് അന്ന് ഞാൻ അവരെ ഉപേക്ഷിച്ചത്..................

പുഷ്ടിയിലകമലരവിട്ട-
ന്നൊട്ടിക്കാതങ്ങുറങ്ങുമായവളവിൽ
തുഷ്ടിയൊടിന്നവർ ചെയ്യൊരു
സൃഷ്ടിയുമൊപ്പം തുലയ്ക്കലും തകരും.

(എന്നു താംബൂലം ഭഗവാനു സമർപ്പിച്ചുംകൊണ്ട്) ഈ നിലയ്ക്ക് അന്യന്മാരുടെ അടുക്കലേയ്ക്കു പോവാൻ പറഞ്ഞാൽ ഇവൾ കേൾക്കുമെന്നു തോന്നുന്നുണ്ടോ?. അംഗൻ, പൃഥു, ഭരതൻ, യയാതി, ഗയചക്രവർത്തി ഇവരെല്ലാം രാജ്യംവിട്ട് വനം പ്രവേശിച്ചത് അവിടുത്തെ ലഭിപ്പാനല്ലേ?. തൽപ്രാപ്തി കല്പിപ്പാൻ കാരണമാണെങ്കിൽ അവർ അതിനൊരുങ്ങുമോ?.

തവ മൃദുമുരളീനിനദ-
ശ്രവണാഞ്ജലീലാരസം നുകർന്നിടുവാൻ
ഏവനും ധ്രുവാം പൃഥുമുഖ-
നൃവരന്മാർക്കെന്തലച്ചിലാണല്ലൊ.

(എന്നു ഭഗവാനെ ഒന്നു തൊഴുത് വീണ്ടും വീശിക്കൊണ്ട്.)

ഏതൊരുത്തിയാണ് അവിടുത്തെ വിട്ട് മറ്റൊരാളെ വരിക്കുവാൻ പോകുന്നത്. മഹാലക്ഷ്മിക്കുകൂടി ഉപേക്ഷിക്കാൻ കഴിയാത്തതും സകല ലോകത്തിനും മുക്തിയേകുമാറ് ആനന്ദത്തെക്കൊടുക്കുന്നതും സജ്ജനങ്ങളുടെ രസനയിൽനിന്നും താനേ പൊഴിയുന്നതും ആയ അവിടുത്തെ പാദസരോജഗന്ധം ഘ്രാണിക്കാത്തവരായ സ്ത്രീകളും മററു വല്ല നരകഭജിരാമന്മാരെ വരിച്ചേക്കുമെന്നു ഞാൻ അറിയാത്തതല്ല.

അകമലരലിയും പുകളൊളിട്ട
വികതിരിവേറും ഭവാന്റെ വിളയാട്ടം
കുകുഭകളും കേളികളും തരുണിക-
ളുകളിലക്കള്ളമാസ്സിലായതാം കഠിനം.

(എന്നു കണ്ണുതുടച്ചിട്ട്) മേല്ക്കുമേലേ സംസാരസങ്കടം എത്രെങ്കിലും പാപത്താൽ എനിക്ക് അനുഭവിക്കേണ്ടിവന്നാലും അവിടുത്തെ ശ്രീപാദപയോജങ്ങൾ അന്നൊക്കെ അവലംബമായിവരേണമേ എന്നേ ഇവൾക്ക് പ്രാർത്ഥനയുള്ളൂ.

ഇരവുപകൽ വലയ്ക്കും ബാഹ്യസൌഖ്യത്തിലേയ്ക്കായ്
മുതട്ടുമുതൽ വലിയ്ക്കും തൃഷ്ണ കാളീടുമുള്ളിൽ
കരിമുകിലൊളിവർണ്ണൻ നിയ്യൊഴിയ്ക്കാതെ നിന്നാൽ
കരിയുമതശേഷിയ്ക്കാതെ വേരോടുകൂടി

(എന്നു ഒറ്റമുട്ടുകുത്തി ശ്രീകാല്ക്കൽ നമിച്ച്) ഭജിക്കുന്നവരെ നാശഗർത്തത്തിൽനിന്നും ഉയർത്താൻ കാരുണ്യ

ത്തോടുകൂടി പിന്തുടരുന്നതാണ് താൽപാദയുഗളം. അതു കൊണ്ടു ഇത്രയേ എനിയ്ക്കു അപേക്ഷയുള്ളു:

സാമ്പ്രദായികതയുള്ള സന്നികരസംഗമേറു-
ന്നമന്ദനാമലം
പാമ്പലാക്കി നിതരാം കഥാമൃതു കുടിച്ചിയററി-
രതിശായതിൽ
അമ്പൊടനഘമഹം മമാത്മകവിഷാദമാററി
വിലസും മന-
ക്കാമ്പു നിൻപദമണഞ്ഞതലിഞ്ഞു വിഷയാശവിട്ടു
വിളയാടണം

(എന്നു തന്നിൽ പതിക്കുന്ന ഭഗവൽകടാക്ഷത്തെപ്പാളി നോക്കീട്ടു) ഗൃഹസ്ഥാശ്രമത്തിൽ കഴുതകളെപ്പോലെ പെണ്ണുങ്ങളുടെ ചവിട്ടേററും, കാളകളെപ്പോലെ ഭാരം ചുമന്നും, ശ്വാക്കളെപ്പോലെ വാലാട്ടി കാവൽ നിന്നും, പൂച്ചകളെപ്പോലെ ഉച്ഛിഷ്ടം കണ്ണടച്ചുതിന്നു, ഭൃത്യന്മാരെപ്പോലെ കാലുതിരുമ്മിയും കഴിച്ചുകൂട്ടുന്ന ചില മൂഢന്മാർ ലോകത്തിലുണ്ടു് — അവരങ്ങിനെയായിത്തീർന്നതു ബ്രഹ്മസദസ്സിലും, കൈലാസാദി സ്ഥലങ്ങളിലും പാടിക്കൊണ്ടിരിക്കുന്ന യുഷ്മൽകഥ കേൾക്കാത്തതുകൊണ്ടാണ് — അങ്ങിനെയായാൽ എന്താ?. എന്നാണെങ്കിൽ.—

പാർത്തലത്തിനവലംബമായ ഭവദീയ
നിസ്തുലചരിത്രമാം
വാർത്ത വിട്ടുപരവാക്കു കേട്ടു ദിവസങ്ങ-
ളാകവെ നയിച്ചഹോ!

ധൂൎത്തടിച്ചു ജരപൂണ്ടു വിണ്ടുവരളുന്ന-
താമീ ഹൃദയത്തോടും
പെണ്ണുങ്ങളിലെന ജനിച്ചു ചളുള്ള നരകത്തിൽ-
വീണു നരകിച്ചിടും.

(എന്നു മഞ്ചത്തിൻെറ താഴത്തിന്മന്നു തൃപ്പാദത്തേയും തലോടിക്കൊണ്ടു്) തോല്, മീശ, രോമം, നഖം, കേശം ഇവകൊണ്ടു പൊതിഞ്ഞതും ഉള്ളിൽ മാംസം, അസ്ഥി, രക്തം, കൃമി, മലം, കഫം, പിത്തം, വാതം ഇവ കലൎന്നതും ആയ ഒരു ജീവച്ഛവത്തെ മനോഹരമെന്നു ബുദ്ധിയോടുകൂടി താലോലിക്കേണമെങ്കിൽ അവിടുത്തെ പാദാംബുജമകരന്ദം ഘ്രാണിക്കാത്ത മൂഢകളായ സ്ത്രീകൾക്കേ സാധിക്കൂ എന്നു വീണ്ടും പറയട്ടെ. എന്നെക്കൊണ്ടാവില്ല. അതുകൊണ്ടു് ഞാനവിടുത്തെ വിട്ടു് എങ്ങും പോവുകയുമില്ല.

എല്ലാം പൊറുത്തു മമ തെററുകളുണ്ടയെന്താ-
നെല്ലായ്പ്പൊഴും പരിചരിപ്പതിനുള്ള ഭാഗ്യം
കില്ലററിയററിയിവളെബ്ഭവതി തെല്ലും
ചെല്ലാത്തതാം നിജപദത്തോടിണക്കി നിൎത്തൂ

ശ്രീകൃഷ്ണൻ—വളരെ സന്തോഷം

കട്ടൻ

അനുബന്ധം.

# ശാന്തിസന്ദേശം

ഭാഗവതംകൊണ്ടുളവാം
ഭഗവൽപ്പാദാംബുജസേവയതുതന്നെ
ഭാഗിഷ്ഠാനനവധിപേർ
യോഗംചേർന്നും പിരിഞ്ഞുമുഴറുന്നു. 1

തള്ളു തനിച്ചായാലും
തൻതൂട മൂടാം ക്രിയാംഗമായാക്കും
തൊന്തരവതിനാലറുമോ
സന്തുഷ്ടിക്കും നിദാനമേശിടുമോ? 2

മാബലിയൊന്നു നമിപ്പാൻ
വെമ്പുകമൂലം വിളങ്ങി വിശ്വത്തിൽ
അമ്പോടതേമട്ടായാൽ
തൻപദമെല്ലാം കിടച്ചുവെന്നൊരുവൻ. 3

കാലപ്പാടിയെപ്പൂജിച്ചാർ
കെല്പേറും കൃഷ്ണമന്ത്രിസ്ഥം വിധിസ്ഥം
അപ്പാണക്രിയ വിട്ടി-
ട്ടെപ്പോഴും വാഴ്ത്തുലെന്നു വേറൊരുവൻ. 4

പശിമ ഇലോകമേറിടും
ശമം പൂർവ്വാർദ്ധമേ നമുക്കൊള്ളൂ
ഉശമിവനഞ്ഞരമാഗം
കശപിശമൂലം ഇലോകം നസിക്കുന്നു. 5

പാപംവേണ്ടുള്ള ചെയ്യാം
ശ്രീപൻതൻ നാമമന്ത്യകാലത്തിൽ
കപടത വിട്ടു ജപിച്ചാ-
ലപകടമെല്ലാം നശിയ്ക്കുമെന്നന്യൻ. 6

ഏകാദശമനിശം ഞാ-
നേകാഗ്രത പൂണ്ടുകൊണ്ടു കൊണ്ടാടും
മുകിൽനിറനിത്തുതാൻ സുഖദം
പോകട്ടെ ഖാക്കിമാഗമെന്നോകൻ 7

ഇങ്ങിനെയിബ്ഭാഗവതം
തങ്ങൾക്കൊത്തോണമങ്ങു വിഭജിപ്പൂ
മംഗളമാമക്രിയയും
സങ്കടമേററാസ്ഥിഷീശനും ശുകനും. 8

ശ്രീമൽഭാഗവതത്തിൽ
കാമക്രോധാദിഷഡ്വികാരത്തെ
ശമനാദി ബഹിശ്ശ്രേഷ്ഠാ-
സമമായല്ലാതെയോതിടുന്നില്ല. 9

ചന്ദനമേകി ദ്രുതമൊരു
സുന്ദരിയായ്ത്തീന്ന കുബ്ജയെക്കാമം
ഇന്ദിരതൻ പദവിവരെ-
സ്സന്ദേഹം വിട്ടുയത്തിയെന്നോർപ്പൂ. 10

ഭഗവതിയരുളിച്ചെയ്യുള്ള
ഭഗവൽദ്വേഷംവഴിയ്ക്കു പലരേയും
അഗതികളാം കണ്ണികാണാത്തൊരു
ജഗദീശനോടിണക്കിത്തീത്തു ഭവാൻ. 11

കലിയാകിലുമതം, കാമം
കലിയെന്ന്യ മൃത്തുമൃത്തു നില്പീലുമതം
അലിയാൻ കരളിനു വഴിയായ്
വിഷയംവേഗം മനുഷ്യനേകനാ! 12

ജപപൂജാതിമുഖമാം കായിക-
തപവും മർത്ത്യന്നു തന്മനസ്സുഖിക്കാൻ
ഉപകരണാന്തരമേശാത്താ-
ലപകാരംതാൻ വിമോക്ഷമാനന്ദങ്ങളാൻ 13

ജീവിതമേ വ്യർത്ഥംതാ-
നാവില്ലെങ്കിൽ കിണഞ്ഞുദ്ധരിത്തിടുവാൻ
ഈ വിവരം വെളിവാക്കാ-
നാവിർഭാവമരുളിച്ചു ഭാഗവതം. 14

അതിനൊത്തൊരറി നടക്കം
മതിമാൻപോലും മുകുന്ദനായകമാൻ
ധൃതിയൊടു വഴിവിട്ടല്ലോ
ഗതിതാനറിയാതെ ചെല്ലതെന്നു ചിലർ. 15

ഇതരിൽ ചേർന്നവരേപ്പേ-
ത്തിവരോതീടും മതത്തൊടും ചൊൽവേൻ
അവധാനമൊടൊത്തു കേൾക്കപ്പാ-
നിവനാമങ്ങടാം ഹരേ, ഭോനെന്ന്യേ. 16

ധ്യാനം ഭജനം പൂജക-
ളാനന്ദത്തോടെയും കലിയിൽ
ഊനമതിൻ സ്ഥാനത്താം
നാനാസങ്കീർത്തനങ്ങളെന്നു മതം. 17

ശ്രവണം വർണ്ണനമിവയിൽ-
ബ്ഭാവം വാച്ചോരു മർത്ത്യനായ് ശ്രുതിമാൻ
അവശത വിട്ടു നടക്കാ-
നവകാശം ശ്രീധരാര്യനരുളുന്നു. 18

വർണ്ണനമെന്നതിനർത്ഥം
പൂർണ്ണബ്രഹ്മപ്രകീർത്തനംതാനാം
വർണ്ണിപ്പാൻ വയ്യെങ്കിൽ
കർണ്ണത്തെത്തന്നെ നാം പിടിച്ചിടണം. 19

ചൊന്നതിലേതൊരു വഴിയാ-
ണുന്നതമെന്നും ശരിക്കു വെളിവാകിൽ
മിന്നും ഭാഗവതത്തിൽ
ത്തന്നുള്ളം വെച്ചലിക്കുമാറുപരി. 20

ശിഷ്ടർക്കീക്കഥയമൃതാം
ദുഷ്ടന്മാർക്കും ഗതിക്കിതാം ശരണം
കഷ്ടമിതാം പൊരുളറിയാ-
തിഷ്ടംനോക്കിച്ചരിപ്പു ചപലർ ചിലർ. 21

കന്യാകുബ്ജജ വിപ്രൻ
ധന്യത്വം പൂണ്ട വർത്തമാനത്താൽ
എന്നെപ്പോൾ പലരും തൻ-
ത്തോന്ന്യാസത്തെപ്പൊതിഞ്ഞു തെളിയുന്നു. 22

ജ്ഞാനം വിനയമനല്പ-
സ്ഥാനംതൊട്ടുള്ളതേശി വിലസുമിവർ
നൂനം ഭാഗവതത്തെ
സ്ഥാനബ്ഭ്രഷ്ടരാക്കുവാനോർപ്പൂ. 23

കടലൊളി കലരും കണ്ണൻ
കടമിഴി രോഷാൽ ത്തുടുത്തതാകായ്കിൽ
കടൽമേഖലയാം ധരതൻ
പടവണയാത്തൊരു ഭാഗ്യമെന്നരുളാം. 24

പണ്ടൊരു ദുർവ്വാസസ്സിൽ-
കണ്ടളു ചൊന്നോൻ മുഷിഞ്ഞിടേണ്ടൊരും
ഉണ്ടകൾ വേണ്ടളു വിട്ടവാ-
നുണ്ടാം തോക്കൊതന്നാനിക്കമെന്നോപ്പിൻ. 25

ആര്യാഭിധസമിതിയിതേ
ശ്രേഷ്ഠത്തിൽപ്പുണ്ടുതാൻ വസിപ്പവളാം
ദുര്യോഗങ്ങാലവളായ്
മര്യാദക്കൊരുമൊത്തതതിചിത്രം!! 26

കഴിവുകൾ കഴിയും വണ്ണം
കഴിമടി വിട്ടിപ്രപഞ്ചമേന്മയ്ക്കായ്
കഴിയാൻ നോക്കാതാരും
വഴിപോൽ ചെയ്യാലതാം ഹരിപ്രീതി. 27

മൂലം മുഴുവൻ നോക്കാൻ
നീലക്കാർവർണ്ണ! നിൻകടാക്ഷത്തെ
മേലിൽക്കിട്ടാത്തവരായ്
കാലംപോക്കാനിവനു വയ്യേത്തും. 28

അല്ലെങ്കിൽബ്ഭാഗവതം
പുല്ലായ്ത്തള്ളാനിവനുമനുവാദം
കില്ലെന്ന്യേയരുളേണം
മല്ലിനട്ടനും വസിയ്ക്കുവാൻ വിഷമം. 29

ഭക്ഷണവും മററും മമ
പക്ഷേപ്പോയാലുമസ്സു മധുമഥന!
ശിക്ഷിക്കത്തക്കവിധം
ഭിക്ഷിപ്പോർത്തന്നാളുതിങ്ങിത്തങ്ങുമാറതോ! 30

ദൈവത്തിൻ സ്വീകാരം
കേവലമീശ്രീശ്ശൂദ്രൈകകസ്തുതിസ്സും
ആവതുമതിനെത്താൻ നാം
കൈവല്യംപോൽ വണങ്ങി വിലസിടണം. 31

എതിരാളികളെല്ലാമിപ്പുമീ-
പ്പതിവേളം കൈവെടിഞ്ഞിടാത്തവിധം
പ്രതിപദമുയരാൻ നോക്കാ-
മതിന്നിടയിൽത്താൻ പിരിഞ്ഞിടാമസൂയും. 32

കടലൊട്ടു വിപുലതയാൽത്താൻ
പടപൊരുതീടുന്നൊരെൻ പിറപ്പുഖിലം
കടുകിട വെറുതെപ്പോകാ-
തിടയഛരേ! നിൻപ്രിയത്തിനായിടണം. 33

പാടല്ലബ്‌ഭഗവതം
പാടാനായ് മാരുതാലയാധീശ!
പാടവമോടതുല്ലിപ്പ-
യ്യാടലിവനുള്ളതാററി നീ സദയം. 34

ഉലകിനു നല്ലുവതിനായ്
വിലകുരുതിടാനസാദ്ധ്യമാം ചരിതം
കലിയുഗമുള്ളവാക്കിട്ടും
കലിയകലാൻവേണ്ടിയല്ലകൻ ചൊല്ലി. 35

അച്ചരിതാമൃതു നീണാ-
ളുച്ചൈഃ താൻ മുഴങ്ങുകിൽ പാരിൽ
അച്യുതകൃപയാൽ കലഹം
വിശ്വമയമായും നശിക്കുമെന്നോർപ്പിൻ. 36

അതിനെപ്പമ്പകടത്താൻ
പുതിയൊരു സംഘം തുനിഞ്ഞു കാണുന്നു
അതിനെതിർക്കോട്ടകൾ കെട്ടാൻ
ധൃതിയൊടു വരുവിൻ സനാതനമതെക്കരുതി. 37

നിഗമകദംബകഫലമാം
ഭാഗവതത്തെച്ചതിപ്പോരിയടവാൽ
വിഗളിതമൂകതയോടാ-
ഗതികളേ! നിങ്ങൾ രോദ്ധു വെട്ടുകയാം. 38

തങ്ങടെ മതമൊന്നുയരാൻ
സംഗതിയോർത്തുത്തമശത്രുവിൻ കുന്നം
മംഗളമാം ഛേദിപ്പതു
മംഗളമാമോ ഗുരുക്കൾതൻ നിധനം? 39

ഗുരുവാം ഭാഗവതത്തെ-
ഗ്ഗുരുവായൂരപ്പനെഗ്ഗണിക്കാതെ
ഒരുവൻ നിന്ദിച്ചുരുളാൻ
കരുതിക്കൂട്ടിത്തുടർന്നതതിചിത്രം! 40

ചിലരതിനെപ്പിൻതാങ്ങാൻ
നിലകൊള്ളുന്നുണ്ടു പിന്നിലായൊളിവിൽ
കലിയുടെ ഭാഗ്യമീതന്നെ
കലനംചെയ്യാനാരങ്ങുകിൽ തോന്നു. 41

ദിനചര്യകളായ് തെററി-
ത്താനിയേ മോചിപ്പ വിലാപമംഗലവും
ഘനതിമിലികളാണ-
ന്നനിശം മോദിച്ചിരുന്നു പാടിയതും. * 42

എന്തൊരു കഥയാണതിനൊട്ട
മോന്ത കറുപ്പിക്കുകയോ വെറും കൃമികൾ
ഹിന്ദുമതത്തള്ളി വശിവ!
വെന്തെരിയിക്കാൻ മുതിർന്നിതോ കലിയും. 43

കുവലയനേത്രമഹത്വം
നവവിധഭക്തിസ്വഭാവമെന്നിവയെ
എവനൊട്ടമുപദേശിക്കും
സദ്ഗുരുവായ് തെററിയോ ജഗത്തധുനാ. 44

വഴിയും കണ്ണീർ പുളകം
വഴിമുട്ടിച്ചോന്നു പാട്ടുമൊരു മൊഴിയും
വഴിയൊട്ടുമിവയരുളീടാൻ
കഴിവെഴുമജലീലയിന്നു രിപുവായോ? 45

---

* സന്ധ്യാവന്ദന ഭദ്രമസ്തു ഭവതാം
ഭോ സ്നാന തുഭ്യം നമഃ
ഭോ ദേവാഃ പിതരശ്ച തർപ്പണവിധൌ
നാഹം ക്ഷമ ക്ഷമ്യതാം
യത്ര ക്വാപി നിഷിദ്ധ്യ യാദവകുലോ-
ത്തംസസ്യ കംസദ്വിഷഃ
സ്മാരംസ്മാരമഘംഹരാമി തദലം
മന്യേ ച മന്യേ ന മേ.

ഇങ്ങളെഴുമകതാർ കഴുകാൻ
ഗുരുപുരപതിതാൻ തരും കഥാസലിലം
അരുതയി കാണാതകാരണ-
മൊരു വിഷജലമായ് നിനക്കുലതികറിനം. 46

പരിചൊട്ടുമഷ്ടമമല്ലോ
ഹരിന്നതി വിരവിൽ പിറന്ന സുമുഹൂർത്തം
ഹരിയുടെ കാമമുദിച്ചാൽ
ഹരികഥദശമത്തിലോളമെത്തിയവർ. 47

ഇങ്ങിന്റെ മുന്നിൽ വലിക്കാൻ
തിങ്ങിന മോദാൽ ചമച്ച യന്ത്രങ്ങൾ
എങ്ങിനെ പിറകിലിണക്കി-
ത്തൻഗതി പാറും ചരിത്രശകടത്താൽ. 48

വേദവ്യാസനു കരളിൽ
മോദനിദാനം തുറിച്ചു പങ്കിടുകിൽ
മോദത്തിൻ ലവശകലം
വാദിച്ചീടാം ലഭിച്ചവനെന്നാവനും. 49

നന്ദജചരണാംഭോജം
വന്ദിക്കാനായ് വരുന്ന ജനതതിയെ
നന്ദിപ്പിച്ചുമിരട്ടും
മന്ദന്മാർതൻ കുചേഷ്ടിതം പലതാം 50

വെണ്ണ നിവേദിപ്പതിനും
കണ്ണൻതൻ കോലമൊന്നു കാണ്മതിനും
നണ്ണി വരും നരരൊടഹോ!
പൊണ്ണന്മാരിന്നുമെന്തു ചെയ്യീല. 51

ഇവരിന്നീമട്ടായാ-
രിവനേകൻമൂലമെന്നുമതി ഭഗവൻ
തവ മുന്നിലുണർത്താതാ-
ണിവയെല്ലാം ഞാൻ കുറിച്ചതെന്നറിക. 52

ഇവരുടെമരണത്തിനുമേ-
ലിവരുണ്ണേണ്ടുന്ന നിസ്തുലം നരകം
ശിവനേ വയ്യ നിനയ്ക്കാ-
നിവനാണല്ലോ മുറയ്ക്കതേററിടുവാൻ. 53

ഇവനെന്നാലാരെന്നും
പവനാലയനാഥ! നിന്നൊടുരിയാടാം
വിവരം തൊട്ടുകളിയ്ക്കാ-
തിവിടെത്തൊണ്ണൂററിമൂന്നിൽ വന്നവനാം. 54

പൂന്താൻകുറൊടിണങ്ങി-
ച്ചിത്തത്തം കൂസലററു തുടരാറായ്
സന്തതമനച്ഛനിടഞ്ഞി-
പ്പന്താനമാന്റിട്ടു പാർത്തു വന്നവനാം. 55

അന്യകഥാരസികന്മാ-
രെന്ന്യേ നിന്നെപ്പുകഴ്ത്തുവാൻ ഭാഗ്യം
അന്യൂനം പല ദിനവും
തന്നിൽത്താൻ വെച്ച ധന്യനായവനാം. 56

"വെടിയിന്നു വെടിപ്പാക്കി-
ക്കിടി ഞാനാണെന്നുണർത്തുവാൻ വിട്ടു
ഇടിവിതു നാളെ നികത്തേ"
നടിയനൊടാമന്നു നീയുണർത്തിയതും. 57

ദിനമണികതിരുകളുലകിൽ-
കനിവൊടു ചാർത്തുന്നവർ ഭവാനിവനെ
തനിയെയുണർത്തിയ കാര്യം
വിനയാലോർമ്മയ്ക്കുവേണ്ടി യറിയിപ്പൻ. 58

ജനകജയെന്നവിധം പി-
മ്പനവധിദിവസം വിജനേവ സാപത്ന്യം
അനഘ! കഴിച്ചൊരു കാലം
തനിയെത്താനായ് ത്യജിച്ചോരവളെപ്പോൽ. 59

കലഹവുമിങ്ങിനെ വഴിയിൽ
പലവിധമായ് വന്നു ചേർന്നു പോകുന്നു.
അലമലമയി ഭോ ഭഗവൻ!
ഉലയാനുള്ളൊരു ജീവിതം വിഫലം. 60

നിന്നുടെ പേരു പരത്താ-
നാനിച്ചുററി ശ്രമിച്ചോരീയിവനാം
ഇന്നതു മങ്ങുന്നവിധം
നിനാതുമെന്നായ് പുലമ്പിടുന്നു ചിലർ. 61

ഗുരുതരപുണ്യദ! വലുതാം
ഗുരുവായൂരപ്പനെന്ന നാമമിവൻ
ഗുരുവാം നിന്നടിമലരോ-
ടുരുവിടുവേനന്യനാമമിടയാതെ. 62

ചരിതവുമപരരുടേതായ്
തിരിയുകയില്ലേതുമപ്രമേയ! ഹരേ!
തിരിയുമിതറിയാത്തവരീ-
ത്തിരിയും കാലാഖ്യചക്രമാമിരുളിൽ. 63

ഇതിനു ജഗൽഗ്ഗുരുവായാൽ
കൃതി മേപ്പത്തൂരമിസ്ഥിതിക്കൂടിയൻ
പതിവിതു വിട്ടു നടപ്പാൻ
പുതിയവർതൻമാർഗ്ഗമെന്തിന്നേശിടണം? 64
ഒന്നുകിലിക്കസൃതികളെ-
ത്തന്നുടെ കൂട്ടിൽക്കയറുവാനായി
ഇന്നൊരു നോട്ടിസ്സെന്നുടെ
പൊന്നുഗുരോ നീയയക്കുവാൻ തുനിയൂ. 65
അല്ലെങ്കിൽക്കൊള്ളകളും
നില്ലാതേറിപ്പരന്നിടും ഒകാലയും
അല്ലലൊടൊത്തരുനാടം നീ
കില്ലെന്ന്യേ പാർത്തു വാഴുമിവനില്ല. 66
യാദവകുലതമന്നാവിധം
മോദമ! കർത്തവ്യത്തെയും സപദി
കദനമിയറാതടിയിൽ *
സമയമിണകര രസിക്കയും ചെയ്യൂ. 67
ഇവരാലവമതനായി-
ട്ടിവനെക്കാണുന്ന ദൃഷ്ടിയതിലുമ്പം
അവമതിയവനവനേകാ-
നവനവനല്ലോ ഭീതിയണാവനയാൽ 68
അതിനാൽ മധിഷ്ഠിതമുധ-
ക്കൊതിയനെമാത്രം നിരന്തരം ഹൃത്തിൽ
അതിരസമോർത്തു വിമുക്തി-
പ്രതിബന്ധത്തോടകന്നു വിലസിടുമവൻ 69

* അടിയിൽ=തൂക്കാകൾ.

വായനപരരേക്കേറം പി-
ച്ഛായതിൽനിന്നും പൊടിഞ്ഞ കശപിശകൾ
ആര്യർകുലപ്പൊൻമണിയാം
മായാമയനായ്ക്കൊടുക്കുവനഖിലം. 70

കുലവും ധനവും നിജ്ജന-
കുലവും നിസ്സാരമായ ജീവിതവും
പലവിധമപ്പണമേറവും
വിലസും നിൻതൃപ്പദത്തിൽ വെച്ചിടുവൻ 71

മലരിൻ മൃദുതയകുറവും
ജലജസുതാപാണി തൊട്ടതടവുമ്പോൾ
കലവറ വെച്ചൂരസിക്കും
ജലജപദപേടകമീശ! പണിയുവതോ? 72

ഫണിപതി കാളിയമൌലി-
ക്കണിയുവതിനുള്ള പത്മരാഗമണി
അണിമാലികളായ് ത്തെററി-
പ്പണിയും ഞാൻ ചൂടിനിത്യമലിയുവനോ. 73

ഇങ്ങിനെയലിയാനവസര-
മിങ്ങിനി വന്നാലുമില്ല മോഹമതിൽ
അങ്ങയിലുള്ളും മധുരം
മഞ്ജിമതാം തച്ചരിത്രമധുമധുരാൽ. 74

ശക്കര പൊത്തു തിന്നാൻ
ശക്കരയെക്കൈവിടുന്നു രസികന്മാർ
അക്കൻ ശീതതയരുളും
തൽകരമേല്പൊരു പൂഴിയെത്തൊടുകിൽ. 75

നിസ്സാരം കളികൾ മന-
ക്കസ്സാലസ്സുള്ളീലാക്കിട്ടും ധൃതിയിൽ
കസ്സാങ്കളികളുമടവൊട്ടു
തസ്സാറാക്കിപ്പ്രഭോ! വലസ്സത്തുടത. 76

പൃഥപെരുമാ രാജാഖ്യാം
പൃഥുവതിനാൽത്താൻ വരിച്ചതന്നു കഥ
പൃഥയുമതേവിധമായ് ഹാ-
പ്പൃഥ കളയാൻ പൊല്ലി നിൻകഥാശ്രവണം. 77

കഴുതകൾ കലഹിക്കുകിലും
കഴുകൻ പലതും കൊതിച്ചു നോക്കുകിലും
അഴകിനു വിലയം പിണയാ-
തൊഴുകിക്കാലാന്ത്യമാന്നിടും പ്രകൃതി. 78

അകമലർ വികസിക്കുമ്പോൾ
പുകളൊട്ടമവിടുന്നു വന്നു വിലസുന്നു
പകയാം പുകമറയല്ലുമ്പോൾ
സകലേശ്വര നീ മാഞ്ഞു മറവുന്നു. 79

പരനിൽ പകരും പകയാം
പരമാർത്ഥത്തിൽ തടഞ്ഞിടേണ്ട രിപു
കരളിൽ തവ സൽക്കഥയെ-
സ്സരസം പാർത്താലവനു പരരെവിടെ? 80

ശിവവിധികമലാദികളും
വിവശതയകലാൻ രസിച്ചു കേൾപ്പതിനെ
നവരസമിവനും കേൾപ്പാ-
നവസരമേകു കനിഞ്ഞു കടമിഴിയാൽ. 81

തിരുനാമത്താൽ കരളൊ-
ന്നുരുകാൻ ഭാഗ്യം വരുന്ന വഴിപോലെ
ഉരുനാൾ നിന്നെ വിളിച്ചു
തിരുമെയ്യോർത്തും കഥിച്ചിടാവൂ കഥ. 82

നവവിധഭക്തിദനാമ-
'സ്ലവമുറ' മുതലായ ദേവകാര്യത്തെ
അവികലമെവനൊട്ടുമരുളും
നവഗുരുവാം ശ്രീശുകോക്തസംഹിതയെ. 83

വെറുതേ വിഭജിപ്പോരമ-
ട്ടറുതി വരുത്താൻ സഹായമവിടുന്നും
തിറമൊടു ചെയ്യുകിലാക്കം
പൊറുതിയൊടൊത്തിങ്ങുവാണ ഗതിയണയാം.

മുഴുവനുമിതുതാൻ പാടി-
കഴുകുകയാം വേണ്ടതാത്മഹൃദയത്തെ
ഇഴുകിയ വിഷയാശ വെറും
മഴുവിനുപോലും മുറിക്കുവാനെളുതോ? 85

രസമതിലുളവായ്‌വരുമോ?
പ്രസഭമതെൻകരളും വലിച്ചിടുമോ?
അസമതപമകന്നിടുമോ?
വസുദേവസുതാംഘ്രിദാസ്യമാർന്നിടുമോ? 86

മൃദ്വീകളരവജലധി-
ത്തിരമാലകൾ കാതിൽ വന്നലച്ചിടുമോ?
മരതകമണി,യൊളിമിഴിയിൽ-
പ്പുരളുകമ്മലം തെളിഞ്ഞു പാർത്തിടുമോ? 87

മണിമയനൂപുരമെഴുമെൻ
ഫണിപതിശയനാംഘ്രിയെബ്ഭജിച്ചിടുമോ?
ഗ്ഗുണിതമകന്നിടുവാനായ്
പ്പുണിയുവനോ സർവ്വദൈവശിഷ്ടു ഹരിയെ. 88

കിണികിണിരവമുതിരും കി-
ങ്കിണി തടവുംതൻ കരാൽ കനിഞ്ഞുടനെ
പണിവോർതൻകൂടി തൊടുമാ-
പ്പുണി ഞ്ഞടരാതൊന്നു കാണ്മനോ ഹരിയെ? 89

അരയൊടുവഴിയായൊഴുകി-
പ്പരമാത്ഥം മൂടിടുന്ന വൈതരണി
നിരവധിപേർ ഞ്ഞുത്താലും
ഞ്ഞരുന്നില്ലെന്നു ചെയ്വൂ വിവശനിവൻ. 90

ഇതിലൊരു സേതു നിബന്ധി-
ച്ചതിലൂടേ രാമനായ് ചരിച്ചുടനെ
കൃതിനികരം ചൂടുമവിദ്യാ-
പ്രതിയോഗിനി സതയായിണങ്ങുവനോ? 91

അഴലുകളാററിടുമോട-
ക്കുഴലൊടുവൃന്ദാവനപ്രദേശത്തിൽ
മഴമുകിൽനിഭനായ് രാധിക
തഴുകവതൊന്നാക്കളുത്തിലോക്കുവനോ? 92

വേദവേദനപ്രതിഭട
ഭേദപദസരസിജഹാം ഗൃഹാംബികയായ്
നവനവമുദത്താടുമടിയിൽ
ശിവശിവ വെച്ചൊന്നു ഞാൻ താലോടുവനോ? 93

ഭുവനഭയങ്കരമരണ-
പ്ലവമാം ഹരിമോഹിനീപദാബ്ജയുഗം
ശിവനായ് ബ്രഹ്മമാനിച്ചെൻ-
ഭവകദനം പോയ് ലസിപ്പതോ സപദി. 94

കളമുരളീരവമായോ?
കളവാണികൾ കുമ്പിടുന്ന രമയായോ?
പുളകത്തോടുമധരത്തേൻ
മിളദാനന്ദം സദാ കഴിക്കുവനോ? 95

പത്തുളസീപരിമളമോ?
മദകരിഡംഭാവഹമാം രമാസ്തനമോ?
അമിതകാളിയഫണമോ?
കദനമെഴും ഞാൻ ക്രമത്തിലായിടുമോ? 96

നിഗമമതാകുവനോ ഞാൻ?
ത്രപവിട്ടൊരുലൂഖലതാമേശുവനോ?
അപഥഗ പൂതനയാമോ?
സപദരതശ്രീകുചേലനാകുവനോ? 97

നല്ലൊരു വല്ലവിയാമോ?
വല്ലവിയിൽത്തന്നെ രാധയാകുവനോ?
മല്ലവിലോചനനാമോ?
കില്ലെന്യേ തൽപ്പദാബ്ജമായിടുമോ? 98

ചിൽപ്പുരുഷപ്രിയദാസീ
വിപ്രിയമേശാത്ത ഭക്തർതന്നടികൾ
എല്ലൊരു മൺതരി ചൂടാ-
നെപ്പോഴുമെന്നെത്തുണയ്ക്കുമോ ഭഗവൻ! 99

ജയ! ജയ! ഭഗവൻ! വാതാ–
ലയവാസിൻ! ഗോകുലേശ! വിജയസഖ!
ജയ! ജയ! കരുണാസിന്ധോ!
ഭയമിയലാതെന്നുമെന്നെ നോക്കിടുക! 100

ഒരുതരമാളുകൾ തുടരു–
ന്നൊരു രോഗശതം മുറിസ്സുലാംപണിയെ
അരുതെന്നു വിലക്കമിതിൽ–
ഗ്ഗുരുവായൂപുരീശ! നീ കനിഞ്ഞിടുക! 101

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M. A10 *Acc. No.* 9984

This book should be returned on or before the date last stamped below.

13 MAR 1964

MAIO 9984

വാസുദേവൻ നമ്പൂതിരി

ന്റ ഗ്രന്ഥ.